സങ്കല്പരംഗം

കമലാലയാ ബുക്ക് ഡിപ്പോ
തിരുവനന്തപുരം-1

സങ്കല്പരംഗം

(പരിഷ്കരിച്ച പതിപ്പ്)

13440

KAMALALAYA BOOK DEPOT.
POST BOX 82,
TRIVANDRUM-1.

ഗ്രന്ഥകർത്താ
കീഴ്കുളം, എൻ. രാമൻപിള്ള എം. എ.
മലയാളം ലക്ചറർ, സയൻസ് കാളേജ്.

കമലാലയാ ബുക്ക്ഡിപ്പോ,
തിരുവനന്തപുരം.

1115

NATIONAL BOOK STALL
SPCS LTD.
BR. KOTTAYAM

Copyright] [വില അണ 12

PRINTED AT THE
KAMALALAYA PRINTING WORKS,
TRIVANDRUM.
1115

MD

വിഷയവിവൃതി.

1 ശ്രീരാമനും ബാലിയും.

2 ഇരവിക്കുട്ടിപ്പിള്ളയും അമ്മയും.

3 ശ്രീകൃഷ്ണനും രാധയും.

4 കൃപാചാൎയ്യരും സുയോധനനും.

5 ബുദ്ധനും ബിംബിസാരനും.

6 ഇന്ദ്രജിത്തും സുലോചനയും.

7 കേശവദാസും ചാരനും.

8 സത്രാജിത്തും പ്രസേനനും.

9 ലക്ഷ്മണനും താരയും.

10 കചനും ദേവയാനിയും.

11 ശത്രുഘ്നനും പരശുരാമനും.

12 ചിത്രാംഗദയും സഖിയും.

13 കൎണ്ണനും കുന്തിയും.

14 ജിഹാൻഗിറും രജകയും.

സങ്കല്പരംഗം.

ശ്രീരാമനും ബാലിയും:—

ബാലി:—(ചെറുപുഞ്ചിരിയോടെ) പേടിക്കണമെന്നില്ല. തിരുമേനിക്ക് അടുത്തു വരാമല്ലോ. വില്ലു കൈയിലിരുപ്പുണ്ട്. ആവനാഴിയിൽ ധാരാളം ബാണങ്ങളുമുണ്ട്. പിന്നെ എന്തിനു സംശയിക്കുന്നു?

ശ്രീരാമൻ:—അസ്ഥാനത്തുള്ള കാരുണ്യം അനുചിതം തന്നെ. വേദനയുണ്ടെങ്കിൽ ബാണം ഊരിക്കളയാമെന്ന് അടുത്തു വന്നതു് ആക്ഷേപത്തിനായി. ഏതിനും ആസന്നമരണനും വീരകേസരിയുമായ അങ്ങയോട് വിരോധം വിഹിതമല്ലല്ലോ? ഞാൻ ഭീരുവായിരിക്കട്ടേ! ധീരനായിരിക്കട്ടേ! അതൊന്നും വിമർശിക്കുവാനുള്ള അവസരമല്ല ഇതു്. അസഹ്യമെങ്കിൽ ഈ ബാണം ഞാനൊന്നൂരിയേക്കാം. ആശ്ചര്യം! ഈ നിലയിലും അങ്ങേയ്ക്കു പുഞ്ചിരിയുമാണോ മുഖാവരണം?

ബാലി:—അവിടത്തെ ദീനദയാലുത്വം വിചാരിച്ചാൽ മരിക്കാൻ കിടക്കുന്നവനും ചിരിക്കാതിരിക്കാൻ തരമില്ല. ഇത്ര ഗുണവാനായ തിരുമേനിയെ കാണാൻ സാധിച്ചതു് എന്റെ പുണ്യവിശേഷമെന്നേ പറവാനുള്ളൂ. ഈ ശരം അത്ര വേഗം ഊരിക്കളെയാനു

ള്ളതല്ല. ദാശരഥിയുടെ അസ്ത്രപ്രയോഗസാമൎത്ഥ്യ ത്തിന് ഇതു് ഒരു നല്ല സാക്ഷ്യമല്ലേ? ലോകവീര ന്മാർ സാവകാശം കണ്ടുകൊള്ളട്ടേ!

ശ്രീരാമൻ:—പരിഭവങ്ങൾകൊണ്ടു് ഒരു ലാഭവുമില്ല. അധൎമ്മഫലങ്ങൾ ആൎക്കും അനുഭവിച്ചേ തീരൂ.

ബാലി:—ശരി, അതു് എല്ലാവരും അറിഞ്ഞിരിക്കേണ്ട താണു്. ആ തത്വം അറിയാതെയുള്ള തിരുമേനി യുടെ പ്രവൃത്തികളാലാണു് എനിക്കു് ഈ അനു ഭവത്തിനിടയായതു്. കഷ്ടം! ഇതേവരെ അവിടു ത്തെ ലോകൈകധൎമ്മിഷ്ഠനെന്നു ഞാൻ തെററിദ്ധ രിച്ചുപോയല്ലോ.

ശ്രീരാമൻ:— അല്ലാ, അധൎമ്മാരോപണം എന്നിലാണോ?

ബാലി:—അങ്ങെയ്ക്കായി പ്രത്യേകം ധൎമ്മശാസ്ത്രങ്ങൾ നിൎമ്മിച്ചിട്ടില്ലെങ്കിൽ അങ്ങനെയാവാനേ തരമുള്ളൂ. അങ്ങു കാണിച്ചതു വീരധൎമ്മമോ? രാജധൎമ്മമോ? കാൎയ്യം കാണാൻ നടക്കുന്ന കള്ളത്താപസനായ അങ്ങയെ ഇതേവരെ നേരെ അറിയാൻ സാധി ക്കാത്ത എന്റെ ബുദ്ധിയെ ഞാൻ യഥാൎത്ഥത്തിൽ നിന്ദിക്കുന്നു. ബാഹ്യകോമളിമ കൈക്കൊണ്ടിരി ക്കുന്ന അഗ്നിപൎവ്വതം അങ്ങയിൽ നിന്നു് എത്രയോ ഭേദമത്രേ. പുല്ലു മൂടി മറഞ്ഞുകിടക്കുന്ന പാഴ്കി ണറും അങ്ങയെപ്പോലെ ഭയങ്കരത വഹിക്കുന്നില്ല. കാട്ടുജാതിക്കു പോലും ഏതാണ്ടൊരു നീതിയും നയവും മൎയ്യാദയും കാണുമല്ലോ. സത്യസന്ധനായ ദശരഥമഹാരാജാവിനു് അങ്ങു ജീവനാശവും യശോ നാശവും വരുത്തി എന്നാണു ഞാൻ വിചാരിക്കു

ന്നതു്. ഗുരുജനങ്ങൾ അങ്ങയെ രാജധാനിയിൽ നിന്നും പറഞ്ഞയച്ചതു വെറുതേയല്ലതന്നെ.

ശ്രീരാമൻ:—വ്യാമോഹം ഇതിലും കവിഞ്ഞ വിചാരങ്ങൾ ഉളവാക്കും. ഞാൻ അതിൽ വിസ്മയിക്കുന്നില്ല. പക്ഷേ, ഞാൻ ധർമ്മസംസ്ഥാപനം ചെയ്യാൻ ഭരതമഹാരാജാവിൻെറ പ്രതിനിധിയായി സഞ്ചരിക്കുന്നവനാണെന്നു നല്ലവണ്ണം ഓർമ്മിക്കണം.

ബാലി:—ആ പൂജ്യപാദനായ ഭരതൻെറ കീർത്തിയെക്കൂടി കളങ്കപ്പെടുത്തരുതു്. അദ്ദേഹം അങ്ങയെ ചോരധർമ്മവും ഉപദേശിച്ചാണോ അയച്ചതു്. ഏതു നോക്കിയാലും ഈ ചതിപ്രയോഗം തിരുമേനിക്കു് ഇണങ്ങിയതല്ലായിരുന്നു. വീരയശസ്സിലാണു കൊതിയെങ്കിൽ അങ്ങേയ്ക്കു് എന്നോടു നേരേ പൊരുതാമായിരുന്നല്ലോ. വല്ലതും ആത്മാഭീഷ്ടങ്ങൾക്കു് എൻെറ ജീവനാശം ആവശ്യമെങ്കിൽ അതും എന്നോടു് അല്പമൊന്നു സൂചിപ്പിച്ചാൽ മതിയായിരുന്നേനെ. അവിടുത്തേയ്ക്കായുള്ള പ്രാണത്യാഗത്തിൽ നിന്നും ഉപരിയായി എനിക്കു് ഒന്നുംതന്നെ ആനന്ദവും ചാരിതാർത്ഥ്യവും ചേർക്കയില്ല. ഈ വസ്തുത വിശ്വപ്രസിദ്ധമെന്നു് ഒരു ഗർവ്വ് എനിക്കുണ്ടായിരുന്നതിൻെറ ഫലമായിരിക്കാം ഇപ്പോൾ ലഭിച്ചതു്. ഈ ഗർഹ്യക്രിയ ചെയ്തും സുഗ്രീവസംതൃപ്തി അങ്ങു് എന്തിനു കൊതിച്ചു. കാര്യം എന്നെ അറിയിച്ചിരുന്നെങ്കിൽ ആ ലങ്കാഹങ്കാരമൂർത്തിയെ അരക്ഷണത്തിൽ ത്രികൂടാചലത്തോടുകൂടിച്ചൂഴ്ന്നെടുത്തു് എൻ്റെ തിരുമേനിയുടെ തൃക്കാല്ക്കൽ വെയ്ക്കു

മായിരുന്നല്ലോ. ഹാ! ഹാ! അങ്ങയുടെ നിലയെല്ലാം പ്പംതന്നെ അവിവേകത്തിനും സാഹസത്തിനും ഔന്നത്യമോ? കാലമായ കളിപ്പെതലിനെക്കൊണ്ട് അവിടുത്തെ ശുഭ്രമായ യശഃപടത്തിൽ എന്തിന് ഈ കാർമഷി ചിന്തുവാനനുവദിച്ചു? മൗനഭഞ്ജനം ചെയ്യാമല്ലോ. വല്ലതും സമാധാനം ഉണ്ടെങ്കിൽ ഇവൻ തൃപ്തിപ്പെട്ടുകൊള്ളട്ടെ!

ശ്രീരാമൻ:—അങ്ങയുടെ സ്ഥിതികണ്ടു ഞാൻ അനുതപിക്കുന്നു. വിശിഷ്ടവാസനയുള്ള ചന്ദനച്ചാറിനെ ഒരു ചുണ്ണാമ്പുകട്ടയെന്നവണ്ണം അമൂല്യഗുണങ്ങൾ തികഞ്ഞ അങ്ങയെ അധർമ്മനിർഭയത്വം മലിനമാക്കിത്തീർത്തു കഷ്ടമെന്നേ പറവാനുള്ളു. കോപതാപങ്ങൾ തത്വഗ്രഹണശക്തിയെ നശിപ്പിക്കാൻ ഇടകൊടുക്കരുത്. ശരണാഗതനായ സുഗ്രീവന്റെ ധർമ്മാനുസാരമായ അപേക്ഷയെ സാധിപ്പിക്കുന്നതാണെന്ന് അഗ്നിസാക്ഷികമായി ചെയ്ത സത്യത്തെ പാലിക്കാനും ധർമ്മത്തെ നിലനിറുത്തുവാനുമായി ഈ നിഷ്ഠുരകർമ്മം എനിക്കു നടത്തേണ്ടതായി വന്നു. സഹോദരകളത്രത്തെ മോഹാന്ധനായി സ്വീകരിക്കുന്നവനു വിധിച്ചിട്ടുള്ള ദണ്ഡം വധമത്രേ. ധർമ്മനിയമങ്ങൾ ക്രൂരങ്ങളാണ്. ധർമ്മസംസ്ഥാപകന്മാർക്കു ചിലപ്പോൾ മനസ്സാക്ഷിയോടു സമാധാനം പറയേണ്ടി വരും. അങ്ങനെയെങ്കിലും കർത്തവ്യം അനുഷ്ഠിച്ചില്ലെങ്കിൽ അധർമ്മത്തിൽനിന്നും വന്നു ബാധിക്കുന്ന മഹാപാപം അവരേയും ഒഴിച്ചു വിടുകയില്ല. ഇപ്പോൾ അങ്ങേയ്ക്കു പശ്ചാത്താപം ഒന്നു മാത്രമേ അഭയമുള്ളു എന്നു ധരിക്കണം. അഗ്നി ജലത്തെ

വററിയ്ക്കുന്നതുപോലെയും വെള്ളം കളങ്കത്തെ കഴുകിക്കളയുന്നതുപോലെയും അനുശയം പാപത്തെ ദൂരീകരിയ്ക്കും. അവിടുന്ന് എൻെറ സ്ഥാനത്തായിരുന്നെങ്കിൽ എന്തു ചെയ്യുമെന്ന് ആലോചിച്ചാൽ ശോകവും ക്രോധവും താനേ നശിക്കും. അനിത്യവിഭവങ്ങളിൽ ആസക്തനാകാതെ ഇനിയെങ്കിലും നിത്യസൗഖ്യത്തിനുള്ള വഴി അന്വേഷിക്കണം.

ബാലി:—യുഷ്മാദൃശന്മാർ ഇപ്രകാരം ഉപദേശിക്കുമ്പോൾ ഇവനെപ്പോലെയുള്ളവർ എന്തുത്തരം പറയും? ഉത്തരങ്ങൾ ഉണ്ടായിരുന്നാലും ഇനി പറയാൻ ഞാൻ ശക്യനാകുമെന്നു തോന്നുന്നില്ല. ദാശരഥേ! ഐഹികത്തിൽ എപ്രകാരം അവിടുത്തെ തൃപ്പാദം എനിക്ക് അവലംബമായിരുന്നോ അതുപോലെ പാരത്രികത്തിലും താങ്ങായിത്തീരണം എന്ന് ഒരാഗ്രഹമേ എനിയ്ക്കുള്ളൂ.

ശ്രീരാമൻ:—ബാലീ! ആത്മാവിനു നിത്യശാന്തി ഭവിക്കട്ടേ! (എന്ന് അനുഗ്രഹിക്കുന്നു)

ഇരവിക്കുട്ടിപ്പിള്ളയും അമ്മയും:—

അമ്മ:—ഇരവിക്കുട്ടിക്ക് അമ്മ പറയുന്നതു സാരമില്ലേ? അമ്മയുടെ മനസ്സിൽ തീ കോരിയിടുന്നതാണോ ഒരു പുത്രന്റെ ധമ്മം? എങ്ങനെയെങ്കിലും ഇന്നത്തെ യുദ്ധയാത്ര മാററിവയ്ക്കണം. കായ്യം പറഞ്ഞാൽ തിരുമനസ്സുകൊണ്ടു് ഒരിക്കലും വിസമ്മതിക്കയില്ല. വീഴ്ചകൾ എന്നിൽ ചുമത്തിയാലും മതി. അല്ലാതെ ഇന്നുപോകുന്നതു് ഒന്നുകൊണ്ടും ശുഭമല്ല.

ഇ: കു:—അമ്മേ! അവിടുന്നു് ഇങ്ങനെ നിർബന്ധിക്കുന്നതിൽ എനിക്കു് അളവററ സങ്കടമുണ്ടു്. ഇവനിൽ കനിവു തോന്നി അമ്മ ഇവന്റെ നില ഒന്നു് ആലോചിച്ചുനോക്കണം. തിരുമലനായിക്കരുടെ പട കണിയാകുളത്തു പാളയമടിച്ചിരിക്കുന്നു. അരചന്റെ കല്പനയനുസരിച്ചു് വേണാട്ടുസൈന്യമെല്ലാം ഒരുങ്ങിക്കഴിഞ്ഞു. പോരാതെ ഇന്നലെ ഇവൻ "ഉദയഗിരി"യിൽ ചെന്നു മുഖം കാണിച്ചപ്പോൾ, പൊന്നുതിരുമേനി അല്പവും ആടൽപ്പെടരുതെന്നും, അടിയൻ മുന്നിട്ടു പട നടത്തിക്കൊള്ളാമെന്നും, പുലച്ചയ്ക്കുതന്നെ പുറപ്പെടുന്നതാണെന്നും, തിരുമനസ്സുണത്തുകയുണ്ടായി. തന്നിമിത്തം സേനകൾ ഉഴറേറാടുകൂടി എന്നെ അനുനിമിഷം പ്രതീക്ഷിച്ചു നിൽക്കുന്നു. വാനം തകന്നാലും ഈ ഘട്ടത്തിൽ എനിക്കു ഗത്യന്തരമെന്തു്? അമ്മ കണ്ണുനീരൊഴുക്കരുതു്. കായ്യഗൗരവം ഓമ്മിക്കണം.

ശ്രീകൃ:—കൊള്ളാം, സമാധാനം വളരെ നന്നായി. വേറെ യാതൊരു സ്ഥലത്തും കാണാൻ സാധിക്കാത്ത പുഷ്പ വിശേഷത്തെ ആഗ്രഹിച്ചുതന്നെ ഞാൻ ഇവിടെ വന്നതെന്നു് അവർ സമ്മതിക്കാതിരിക്കയില്ല.

രാധ:—(പുഞ്ചിരിയോടുകൂടി) വരണം, വേഗം നമുക്കു് അങ്ങോട്ടു ചെല്ലാം. അവിടുത്തെ വർത്തമാനം കേട്ടിട്ടു് ഈ പുഷ്പവല്ലികൾകൂടി പൊട്ടിച്ചിരിക്കയാണെന്നു തോന്നുന്നു.

ശ്രീകൃ:—ചിരിക്കുന്നതു രാധയുടെ വർത്തമാനം കേട്ടിട്ടായിരിക്കും. അല്ലാതെ എന്നെ ഇക്കൂട്ടർക്കു പരിചയമൊന്നും ഇല്ലല്ലോ.

രാധ:—പരിചയക്കുറവു കാഴ്ചയിലല്ലാതെ കേൾവിയിൽ ഒട്ടുംതന്നെയില്ല. അവിടുത്തെ നാമോച്ചാരണശ്രവണത്താൽ ജീവിതസാഫല്യം നേടാത്ത ചരാചരങ്ങൾ ഒന്നുംതന്നെ എന്റെ ഈ മലർവാടിയിൽ ഇല്ലെന്നുള്ളതു നിശ്ചയമാണു്.

ശ്രീകൃ:—(സസന്തോഷം) രാധയ്ക്കു് ഇക്കാണുന്ന പുഷ്പവല്ലികളിൽ ഏതിനോടാണു് അധികം താല്പര്യമുള്ളതു്? പുഞ്ചിരിയോടുകൂടി ഇളംതളിരുകളാകുന്ന കളർകരങ്ങളാൽ രാധയെ തലോടിക്കൊണ്ടിരിക്കുന്ന ഈ മുല്ലവല്ലിയോടോ, അതല്ലാ, രാധയുടെ കവിൾത്തടങ്ങൾക്കുള്ള പ്രതിച്ഛായകൾപോലെ വിലസുന്ന കുസുമശതങ്ങളാൽ നമ്മെ സൽക്കരിക്കുന്ന ഈ പനിനീർച്ചെടിയോടോ? ഞാനും അതിനോടു സൌഹാർദ്ദമായി പെരുമാറിയില്ലെങ്കിൽ അതു് അത്ര മര്യാദയല്ലല്ലോ.

രാധ:—എനിക്ക് ഈ മുല്ലയിലും പനിനീർച്ചെടിയിലു മെന്നല്ല, പ്രകൃതീശ്വരിയുടെ പ്രാണസന്താനങ്ങ ളായ മാലതിയോടും ചമ്പകത്തിനോടുമൊക്കെ ഒരുപോലെ വാത്സല്യമുണ്ട്.

ശ്രീകൃ:—അങ്ങനെയിരിക്കാൻ വഴിയുണ്ടോ? അതു സാധാ രണമല്ലല്ലോ. അപ്പോൾ രാധയ്ക്ക് ആരിലും പ്രത്യേ കമായ പ്രതിപത്തി ഇല്ലെന്നല്ലേ തെളിയുന്ന ത്? എല്ലാററിലും സമഭാവനയുണ്ടാകുന്നതു മഹ നീയമാണ്. അങ്ങനെയുള്ള ഉൽകൃഷ്ടവിചാരമുള്ള വർ ലൗകികബന്ധങ്ങളിൽനിന്നും വിമുക്തി നേടി യവരെന്നേ നിർണ്ണയിക്കാൻ തരമുള്ളു. ജഗദേക നാഥനോടുള്ള പ്രേമപ്രകർഷംകൊണ്ടേ രാധ പറ ഞ്ഞതരത്തിലുള്ള സമത്വഭാവം സിദ്ധിക്കാൻ സാ ധിക്കയുള്ളു. ഇതിൽനിന്നും രാധ അലൗകികവൃത്തി യിൽ പെരുമാറുന്നവളെന്നാണ് ഊഹിക്കേണ്ടതു്.

രാധ:—ഞാൻ ലൗകികയെന്നോ അലൗകികയെന്നോ അങ്ങുതന്നെ തീർച്ചപ്പെടുത്തിക്കൊള്ളണം. എനിക്ക് ഇവയോടുള്ള സമസൗഹാർദ്ദത്തിനു കാരണം അവി ടുന്നു മാത്രമാണ്. അവിടുത്തെ സൗഭാഗ്യമാഹാത്മ്യ ങ്ങൾ ഞാൻ ഈ പുഷ്പങ്ങളിൽ ഓരോന്നിലും കാണു ന്നുണ്ട്. അതുകൊണ്ട് എനിക്ക് ഇവയിൽ ഓരോ ന്നിനോടും നിർഭരമായ സ്നേഹവുമുണ്ട്.

ശ്രീകൃ:—ശരി, ഏതിനും രാധയുടെ ഫാലപ്രദേശത്തു സ്വേദാംശുക്കൾ പതിഞ്ഞുതുടങ്ങിയിരിക്കുന്നു. ഇനി പിരിയുന്നതല്ലേ നല്ലതു്? പറിച്ചു തീർന്നിട്ടുള്ള

പൂക്കളെ ഇങ്ങോട്ടു തരികതന്നെ. ചന്ദ്രകിരണങ്ങൾ പൂർവ്വദിക്കിനെ സ്പർശിക്കുന്നതോടുകൂടി ഈ പുഷ്പങ്ങൾകൊണ്ടുള്ള മാല്യങ്ങളും യഥാസ്ഥാനം പ്രാപിച്ചുകൊള്ളും.

രാധ:—(മന്ദസ്മിതത്തോടെ) ഇതാ! പൂവ് ഇന്നു കുറെ കുറവാണെന്നു തോന്നുന്നു (എന്നു കൊടുക്കുന്നു)

ശ്രീകൃ:—അല്ല കൂടുതലാണെന്നാണ് ഞാൻ കരുതുന്നതു്. നിത്യാമോദപൂർണ്ണങ്ങളായ വചഃകുസുമങ്ങൾ ഇന്നു ധാരാളം കിട്ടിയില്ലേ? ഈ വിശിഷ്ടസൂനങ്ങൾ ചൊരിഞ്ഞ വല്ലികയോട് എങ്ങനെയാണു കൃതജ്ഞത പ്രകടിപ്പിക്കേണ്ടതെന്ന് എനിക്കു മനസ്സിലാകുന്നില്ല. ഇതാ മുല്ലവല്ലിയെ ആശ്ലേഷിച്ചുകൊണ്ടുവരുന്ന മന്ദമരുത്തിനോട് ഞാൻ ഉപദേശം ചോദിച്ചുനോക്കാം.

രാധ:—(സലജ്ജം) ഉപദേഷ്ടാവ് ഇവിടത്തെ സ്ഥിരവാസിയാണല്ലോ. സാവകാശം ആലോചന നടത്തിയാൽ മതി. നമുക്കു പോയ്‌വരാം (എന്നു രണ്ടുപേരും പിരിയുന്നു.)

കൃപാചാൎയ്യരും സുയോധനനും:—

സുയോധനൻ:—ഗുരോ! ആശ്ചൎയ്യം! ഭവാൻെറ മുഖത്തു നിന്നാണോ ഈ വാക്കുകൾ വിനിൎഗ്ഗളിച്ചതു്? ചന്ദ്രബിംബം ഇനി അഗ്നിജ്ജ്വാല വമിക്കുമായിരിക്കും.

കൃപാചാൎയ്യർ:—ഏതു വാക്കുകൾ?

സുയോ:—അല്ല, ഓൎമ്മിക്കുന്നുമില്ലേ? അതു വിശേഷം തന്നെ. ഈ മത്സരപരീക്ഷയിൽ ചേരുന്നതിനു് കൎണ്ണനു് യോഗ്യതയില്ലെന്നു് ഇവിടെ എല്ലാവരും കേൾക്കത്തക്കവണ്ണം ആചാൎയ്യർ ഇപ്പോഴല്ലേ പറഞ്ഞുതീൎന്നതു്.

കൃപാ:—അതേ. അതു മറന്നിട്ടില്ല. ആ അഭിപ്രായം സുയോധനനു സ്വീകാൎയ്യമല്ലായിരിക്കുമോ?

സുയോ:—കാൎയ്യവേദിയായ അവിടുന്നു ധിക്കാരമെന്നു പഴിക്കരുതു്. അന്തഃകരണത്താൽ പ്രചോദിതനായി ചോദിക്കയാണു്. അവിനയംകൊണ്ടാണെന്നു തെററിദ്ധരിക്കരുതു്...........കൎണ്ണനെ നിരസിക്കാൻ അങ്ങു കണ്ട ന്യായമേതാണു്?

കൃപാ:—കുലശ്രേഷ്ഠതയില്ലെന്നുള്ളതുതന്നെ. നിങ്ങളുടെ അഭിമാനവും ആഭിജാത്യവും രക്ഷിക്കാൻ വേണ്ടിയാണു ഞാൻ അങ്ങിനെ അഭിപ്രായപ്പെട്ടതു്.

സുയോ:—ഉന്നതനിലയിൽ വൎത്തിക്കുന്നവരേയും അനുദാരമായ മനസ്ഥിതി വിട്ടുമാറാത്തതു ശോചനീയമത്രേ. കൗരവന്മാരുടെ ഗുരുവായ അങ്ങുകൂടി മിഥ്യാ

ഭിജാത്യങ്ങളെ വില വെയ്ക്കുന്നതു് എത്ര ലജ്ജാകരം. കൂടാതെ കൎണ്ണന്റെ കുലസ്ഥിതി ആരും നേരെ അറിഞ്ഞിട്ടില്ലാത്തതല്ലേ? ജനനത്തിൽ നമ്മെക്കാളും ഉൽകൃഷ്ടത പക്ഷേ ഈ സഹോദരനു കണ്ടേയ്ക്കും. ഇല്ലെങ്കിൽ തന്നെ ഒരാളുടെ ശ്രേഷ്ഠത കുലംകൊണ്ടാണോ അളക്കേണ്ടതു്? ഉത്തമന്മാർ കുലമാഹാത്മ്യത്തെക്കാൾ ഗുണമാഹാത്മ്യമല്ലേ മാനിക്കേണ്ടതു്? ആചാൎയ്യന്റെ മതമനുസരിച്ചു് ഞങ്ങളുടെ പിതാമഹൻ പരാശരപുത്രനും നിന്ദ്യനായ്ത്തീരുമല്ലോ.

കൃപാ:— ആ മഹാനുഭാവനായ സുവൎണ്ണത്തിൽ വല്ലതും കറകളുണ്ടെങ്കിൽ തപസ്സിന്റെയും ജ്ഞാനത്തിന്റെയും ജ്വാലകൾ നശിപ്പിച്ചുകളയും. അത്ര ഗുണോൽക്കരങ്ങളുടെ സാന്നിദ്ധ്യത്തിൽ വേറൊന്നും ചിന്തിച്ചിട്ടു് ആവശ്യമില്ല. അവയുടെ അഭാവത്തിൽ കുറവുകൾ ഗണ്യങ്ങളാകാതിരിക്കയില്ല.

സുയോ:— അഭാവത്തിൽ വേണമെങ്കിൽ ആയിക്കൊള്ളട്ടേ! കൎണ്ണന്റെ കാൎയ്യം ആ ഇനത്തിലും കൊള്ളിക്കാവുന്നതല്ലല്ലോ. ഈ തരുണന്റെ ദേഹകാന്തിയും വീക്ഷണവും എന്നല്ല ഓരോ അടിവയ്പുപോലും ഒരു അജയ്യനായ ക്ഷത്രിയാഗ്രിമനെന്നു വ്യക്തമാക്കുന്നില്ലേ? പ്രിയപ്പെട്ട ശിഷ്യന്മാൎക്കു തോൽവി പിണയുന്നതായാൽ വരാവുന്ന അസഹ്യതയെ ഭയന്നു് ഭവാൻ ഈ മഹാഭാഗനെ അകറ്റിയതാണെന്നാണു് എന്റെ പക്ഷം. പൂജ്യപാദന്മാർ മനസ്സാക്ഷിയെ വഞ്ചിപ്പാനൊരുങ്ങിയാലെങ്ങനെ? മദവൃഷഭത്തി

നൊത്ത കണ്ണന്റെ നടയും മുസലസാദൃശി വഹി ക്കുന്ന ദീർഘബാഹുക്കളും കണ്ടാൽ ആരും കൃസൽ കൂടാതെ എതിരിടാൻ സന്നദ്ധനാകും.

കൃപാ:—സുയോധനാ! നിനക്ക് ഇങ്ങനെ തോന്നുന്നതു കണ്ണനിലുള്ള അതിരററ സ്നേഹംകൊണ്ടായിരിക്കും. അജ്ജുനനും മററും ഇതു സമ്മതിക്കുമെന്നു തോന്നു ന്നില്ല.

സുയോ:—ആരു വിസമ്മതിച്ചാലും സത്യത്തിന് ഇളക്കം തട്ടുകയില്ല. ഞാൻ പറഞ്ഞതെല്ലാം സ്നേഹംകൊ ണ്ടാണെന്ന് ഏററു പറഞ്ഞുകൊള്ളുന്നു. എന്നാൽ സ്നേഹോല്പാദനത്തിന് ആസ്പദമായതു് ഈ യുവാ വിന്റെ നിർഭരമായ ക്ഷത്രിയതേജസ്സത്രേ. പ്രസ്പഷ്ടം പരിസ്ഫുരിക്കുന്ന ഈ ദീപ്തിയെ കാണാൻ കഴി യാത്തവർക്കു പകലും രാത്രിയായിട്ടേ തോന്നുകയുള്ളു.

കൃപാ:—ദുര്യോധനാ! ഈ സൂതപുത്രനിൽ നിനക്ക് ഇത്ര കാരുണ്യം ജനിച്ചതു് അവന്റെ ഭാഗ്യപരിപാകം തന്നെ. ഇപ്പോൾ കണ്ണന്റെ മാഹാത്മ്യമല്ല് സ്തുത്യ ഹമായിരിക്കുന്നതു് ഈശ്വരശക്തിയുടെ മാഹാത്മ്യ മാണു്.

സുയോ:—കഷ്ടം! അറിവുള്ളവരും ഈ വിധം പറഞ്ഞു തുടങ്ങിയാൽ മററുള്ളവരുടെ കഥയെന്തു്? ഒരു സൂതസൂനുവിനും നമുക്കുമെന്താണു വ്യത്യാസം? എല്ലാവരുടേയും ദേഹം പഞ്ചഭൂതാത്മകമല്ലേ? ദേഹിയെപ്പററി ആലോചിച്ചാൽ അതു് അഭിന്നവും ശുദ്ധവുമെന്നല്ലേ അറിയുന്നതു്? പിന്നെ ഈ ഭേദ ബുദ്ധി എങ്ങനെയുണ്ടാകും?

കൃപാ:—അപ്പോൾ ജനങ്ങളുടെ ഇടയിൽ സ്ഥാനമാനങ്ങൾകൊണ്ടുള്ള വ്യത്യാസങ്ങൾ വേണ്ടെന്നു വെയ്ക്കണം. വേദാന്തങ്ങളും ലൗകികവ്യവഹാരങ്ങളും ഇണങ്ങുവാൻ പ്രയാസപ്പെടും.

സുയോ:—പ്രയാസമില്ലെന്നു പറയുന്നില്ല. ജീവിതസൌകര്യങ്ങൾക്കു വേണ്ടി ബാഹ്യങ്ങളായ വ്യത്യാസങ്ങൾ വരാം. ആന്തരമായി വരുന്നതു് സംസ്കാരക്കുറവിന്റെ ചിഹ്നമാണു്. അതു ദൈവദ്വേഷത്തിനും ഹേതുഭൂതമാകും. വംശഭേദപരിചിന്തനങ്ങൾ കൂടാതെ ഗുണവാന്മാരെ നാം ആദരിക്കണം. വിശേഷിച്ചും ഉച്ചസ്ഥർ അങ്ങിനെ ചെയ്തില്ലെങ്കിൽ ആക്ഷേപവും അന്യായവും തന്നെ.

പങ്കത്തിൽനിന്നു ഉണ്ടായിട്ടും ഗുണാതിശയങ്ങൾ തികഞ്ഞ താമരപ്പൂവിനെ സൂര്യൻ സ്നേഹിക്കുന്നതും ആദരിക്കുന്നതും നോക്കണം. ഉൾപ്രകാശമുള്ളവർ ഇതിനെ ആദർശമാക്കേണ്ടതാണു്. ആചാര്യസമക്ഷം അധികം സംസാരിക്കുന്നതു മര്യാദയാകയില്ല. അവിടുത്തെ ധിക്കൃതവാക്യം നൽകിയ ക്ഷോഭവും താപവും ശമിക്കുന്നതിനു് ഒരു അഭിഷേകം യുക്തമെന്നു് ഇവൻ കരുതുന്നു. രാധേയനെ ഇക്ഷണത്തിൽ തന്നെ അംഗാധിപതിയാക്കിത്തീർക്കുന്നുണ്ടു്. ഞാനും കർണ്ണനും പൊയ്ക്കൊള്ളാം.

ബുദ്ധനും ബിംബിസാരനും:—

ബിംബിസാരൻ:—ഈ പുരോഹിതന്മാർ നാം നടത്തുന്ന മഹായാഗത്തിന്ന് അധികൃതന്മാരാണെന്ന് അറിഞ്ഞിട്ടുണ്ടോ? ഇവരുടെ വരുതി നിഷേധിച്ച മട്ടിൽ നമ്മെ ധിക്കരിക്കയല്ലേ ചെയ്തതു്? താൻ ആരാണു്? തനിക്കു് ഈ യാഗശാലയിൽ എങ്ങനെ പ്രവേശം കിട്ടി? ഈ ആട്ടുകൾ മന്ത്രപരിശുദ്ധിയോടുകൂടി യാഗം വകയ്ക്കു കെട്ടിയിട്ടുള്ളതാണെന്നും അന്യർക്കു തൊടുവാൻ പോലും പാടില്ലെന്നും ആചാര്യന്മാർ പറഞ്ഞിട്ടും വകവയ്ക്കാതെ അവയെ അഴിച്ചുവിട്ടതിന്ന് നമ്മുടെ ശിക്ഷയും ഈശ്വരശിക്ഷയും ലഭിക്കുമെന്ന് ഓർമ്മിക്കണം. താൻ ആരാണു്? വിവരം അറിയട്ടേ!

ബുദ്ധൻ:—ഞാൻ ഒരു പാന്ഥനാണു്. തിരുമനസ്സുകൊണ്ടു നടത്തുന്ന യാഗം വകയ്ക്കു് ഇവിടെ എത്തിക്കുവാനായി എത്രയും ബദ്ധപ്പാടോടുകൂടി അജസഹസ്രങ്ങൾ അടിച്ചുവിരട്ടിക്കൊണ്ടുവന്ന ഏതാനും ആട്ടിടയരൊന്നിച്ചു ഞാൻ യജ്ഞവാടത്തിൽ കടന്നതാണു്. എന്റെ പ്രവൃത്തികളിൽ കുററം കാണുന്നുണ്ടെങ്കിൽ അവിടുന്നു ശിക്ഷിച്ചുകൊള്ളണം. അതിൽ എനിക്കു സന്തോഷമേയുള്ളു. ഈശ്വരശിക്ഷയ്ക്കും നാം പേടിച്ചിട്ടോ ഖേദിച്ചിട്ടോ ആവശ്യമില്ല. അതു പാപത്തെ ഹരിക്കുന്നതിനുള്ള ഉപകരണമാണെന്നു ഞാൻ അറിയുന്നു. ബോധലാഭത്തിനു മുമ്പു് ഞാൻ ഒരു ചുമട്ടുകൂലിക്കു് അർഹനാണെന്നുള്ളതു് ഉണർത്തിച്ചുകൊള്ളട്ടേ! ഇതാ കിട

ക്കുന്ന വെള്ളയാട്ടിൻകുട്ടി ഉദ്ദേശം അഞ്ചു മൈൽ ദൂരംവരെ നടന്നിട്ടില്ല. ഒരു ആട്ടിടയൻ കമ്പു മുറിയെ അടി കൊടുത്തിട്ടും അതിന്റെ ഒരു കാലിനു മുടന്തലുള്ളതിനാൽ കൂട്ടരോടൊത്തു നടപ്പാൻ അതിനു കഴിഞ്ഞില്ല. തന്നിമിത്തം ഞാൻ അതിനെ എന്റെ തോളിൽ എടുത്തുകൊണ്ടാണു വന്നതു്. അതിന്റെയും മററുള്ള ആടുകളുടെയും കരച്ചിൽ എന്നെ അവരുടെ പ്രതിനിധിയായി തിരുമനസ്സിന്റെ മുമ്പാകെ സങ്കടമുണർത്തുന്നതിനു ക്ഷണിക്കുന്നതുപോലെ തോന്നി. അതനുസരിച്ചാണു് ആരെയും അനുരക്തരാക്കുന്ന മഗധയുടെ തലസ്ഥാനപുരിയിൽ ചവിട്ടിപ്പോയതു്. ഞാൻ ആടുകളെ അഴിച്ചുവിടുന്ന ഭാവത്തിൽ തിരുമേനിയിൽ ചുററിക്കണ്ട നാരകീയപാശങ്ങളെ അയച്ചുകൊടുക്കുകയാണു ചെയ്തതു്. പുരോഹിതന്മാരല്ല ആരു പറഞ്ഞാലും ആ കൃത്യത്തിൽനിന്നു് ഞാൻ പിൻവലിയുകയില്ലതന്നെ. എന്തെന്നാൽ അതു രാജദ്രോഹവും ലോകദ്രോഹവുമായിരിക്കും. അവിടുന്നു് പരസഹസ്രം പ്രജകളെ പാലിക്കേണ്ടവനല്ലേ?

ബിംബി:—(പുച്ഛഭാവത്തിൽ മന്ദഹസിച്ചുകൊണ്ടു്) നമുക്കു് ഉപകാരം ചെയ്യാനായി വന്നതാണോ? ഇനി വേറെ പുരോഹിതന്മാർ ആവശ്യമില്ല. അവരൊക്കെ നിസ്സാരന്മാർ. വേദങ്ങളും ശാസ്ത്രങ്ങളുമെല്ലാം സ്വാധീനമെന്നു തോന്നുന്നല്ലോ. തന്റെ വേഷവും വാക്കും വന്ന കോപത്തെ ശമിപ്പിക്കുന്നു. ഏതിനും താൻ ആളു വീരനാണെന്നതിനു സംശയമില്ല. എവിടെയും തടവില്ലാതെ പ്രവേശം കിട്ടുന്നതിനു

സന്യാസികളെപ്പോലെ കാവിവസ്ത്രം ധരിച്ചിട്ടുണ്ട്. വലിയ ഉപദേഷ്ടാവാണെന്നു് ഒരു ഭാവവുമുണ്ട്. ഉദ്ദേശ്യം എങ്ങിനെ എങ്കിലും കാശു കിട്ടണമെന്നുമാണു്. വാക്കും വേഷവും ആകൃതിയുമെല്ലാം ഇണങ്ങിയിട്ടുണ്ട്. തന്റെ കണ്ണും നെററിയും മുഖഭാവവും കണ്ടാൽ ആരും ഭ്രമിച്ചുപോകും. ഈ കള്ളങ്ങളും കൗശലങ്ങളും നമ്മോടു വെണ്ടെന്നേയുള്ളു. നരകവും സ്വർഗ്ഗവും കൈയിൽ കെട്ടിവച്ചുകൊണ്ടു നടക്കുകയാണോ? നമ്മുടെ പുരോഹിതന്മാർ നോക്കാത്ത യാഗവിധികളെല്ലാം ഏദിസ്ഥങ്ങളായിരിക്കും. (അല്പം ഗൗരവത്തിൽ) നാം അധികം പറയണമെന്നു വിചാരിക്കുന്നില്ല. വിശപ്പോ മറേറാ ഉണ്ടെങ്കിൽ വല്ലതും വാങ്ങിക്കൊണ്ടു പൊയ്ക്കൊള്ളണം. നമ്മുടെ വിലപിടിച്ച സമയത്തെ വൃഥാ വ്യയം ചെയ്യിക്കരുതു്.

ബുദ്ധൻ:—തിരുമേനിയുടെ വാക്കുകളിൽ ഏതാണ്ടൊക്കെ വാസ്തവങ്ങളില്ലാതില്ല. എനിക്കു് അളവററ വിശപ്പുണ്ടു്. സഹ്യമായ ഒന്നല്ല. സത്യവും സ്നേഹവും കൊണ്ടേ അതു തീരുകയുള്ളു. ഞാൻ അവിടത്തെ ആത്മാവിനു ലഹരിവസ്തുക്കൾ കൊണ്ടുവന്നവനല്ല, ദിവ്യൗഷധം വഹിക്കുന്നവനാണു്. നരകത്തിലേയ്ക്കു് ആരെയും വലിച്ചുകൊണ്ടു പോകുന്ന ഘോരപ്പുഴയിൽനിന്നു് അങ്ങയെ രക്ഷിച്ചു സ്വർഗ്ഗത്തിലെത്തിക്കുന്ന സ്നേഹപ്രവാഹത്തിലാക്കുവാനാണു ഞാൻ ഇവിടെ വന്നതു്. വേദങ്ങളും ഉപനിഷത്തുകളും യാഗാനുഷ്ഠാനങ്ങളും ഇവരെപ്പോലെ അസംഖ്യം ആചാര്യന്മാർ എന്നെയും പഠിപ്പിച്ചി

ട്ടുണ്ടു്. ആ പഠിപ്പുകളിലൊന്നുകൊണ്ടും തൃപ്തിയ ടയാതെയാണു് ഈ വേഷത്തിൽ ഞാൻ ഇറങ്ങിയതു്. യഥാൎത്ഥത്തിൽ, ഈശ്വരപ്രീതികരങ്ങളും, നിത്യസുഖദായകങ്ങളും, ചാരിതാൎത്ഥ്യനിദാനങ്ങളുമായ യാഗങ്ങൾ ധൎമ്മവും സത്യവും സ്നേഹവുമാണെന്നു് അറിയണം. തിരുവുള്ളമുണ്ടായി ഇവനെ തെററിദ്ധരിക്കരുതെന്നു് അപേക്ഷയുണ്ടു്. കാഴ്ചകൾ കിട്ടുവാൻ ഇവനു കൊതിയുണ്ടു്. ജ്ഞാനധനന്മാർ തരുമെങ്കിൽ മാത്രം. കള്ളത്തിന്റെ ചുവ ഇതേവരെ അറിഞ്ഞിട്ടില്ല. ഇനി അറിയേണ്ട ആവശ്യവുമില്ല. മനുഷ്യജീവിതം എത്രയോ വിലപ്പെട്ടതാണു്. അവിടുന്നു് അരുളിച്ചെയ്തതു ഞാൻ ശിരസാ വഹിക്കുന്നു. വൃഥാ വ്യയം ചെയ്വാൻ പാടില്ലാത്ത സമയത്തെ ഞാൻ അധികം ഉപയോഗക്കാതെ ഉണൎത്തുവാനുള്ളതു കഴിവുള്ളടത്തോളം ചുരുക്കത്തിൽ കഴിച്ചിട്ടു് ഇവൻ വിട വാങ്ങിക്കൊള്ളാം.

ബിംബി:—(കുറേനേരം ആശ്ചൎയ്യത്താൽ സ്തബ്ധനായിനിന്നിട്ടു്) കനിവുണ്ടായി ഈ മന്ദബുദ്ധിയുടെ മഹാപരാധം പൊറുത്തുകൊള്ളണം. അവിവേകാന്ധകാരത്താൽ ഞാൻ അമൃതരസത്തെ ചുണ്ണാമ്പുവെള്ളമെന്നു വിചാരിച്ചുപോയി. ഇവിടെ പൊഴിഞ്ഞതായ വചസ്സുകളാകുന്ന കല്പകപ്പൂക്കൾ അണിവാൻ ഞാൻ അൎഹനല്ല. ഇത്ര ദിവ്യാമോദം തൂകുന്ന സുമനസ്സോടു കൂടിയ നിൎജ്ജരവൃക്ഷം ഭൂമിയിലുണ്ടെന്നു് എങ്ങനെ നിരൂപിക്കും. എന്റെ നിത്യ

നമസ്കാരത്തിനു പാത്രീഭൂതമായിട്ടുള്ള ആ ഭൂഭാഗം ഏതാണെന്നു് അറിവാൻ അതിരററ ആകാംക്ഷയുണ്ടു്. ഇതാ കണ്ണുനീരാകുന്ന ജലംകൊണ്ടും തൊഴുകൈയായ പൂമൊട്ടുകൊണ്ടും ക്ഷമയെ ഞാൻ ആരാധിച്ചുകൊള്ളുന്നു.

ബുദ്ധൻ:—ഞാൻ, നിഷ്ഫലമായ ജന്മംകൊണ്ടു ശുദ്ധോദനമഹാരാജാവിന്—

ബിംബി:—(മദ്ധ്യേ തടഞ്ഞുകൊണ്ടു്) മതിയാക്കാം, ദയയുണ്ടായി ശേഷം ഉച്ചരിക്കണമെന്നില്ല. നിലാവു ചന്ദ്രനിൽ നിന്നല്ലാതെ ഉണ്ടാകുമോ? തേടിയ വള്ളി കാലിൽച്ചുററിയതുപോലെയായി. എന്റെ ജീവിതത്തിൽ ഇന്നു് ഏററവും പുണ്യദിവസമാണെന്നു മാത്രമേ ഞാൻ ഇപ്പോൾ പറയുന്നുള്ളൂ. രാജകുമാരാ! ഈ പീഠംവച്ചുമലങ്കരിച്ചാലും.

ബുദ്ധൻ:—ഗംഗയാൽ ഹിമാലയപർവ്വതമെന്നപോലെ മധുരവും പാവനവുമായ വാക്കുകളാൽ ധരാധരോത്തംസമായ ഭവാനെ ഞാൻ നിസ്തുല്യകാന്തിയോടുകൂടി കാണുന്നുണ്ടു്. ഹൈമവതിയെപ്പോലെ ഇത്തരം വാണീപ്രവാഹവും വിശദപരിശുദ്ധിക്കായികൊണ്ടു ഭവിക്കണമെന്നു് ഞാൻ ഭുവനൈകനാഥനോടു് ഇരന്നുകൊള്ളുന്നു. പ്രേമസ്വരൂപനും കരുണാനിധിയുമായ ദൈവത്തെ കൊലകൾകൊണ്ടു പ്രീതിപ്പെടുത്താവുന്നതാണോ? ജഗന്നാഥ കാരുണ്യം കാംക്ഷിക്കുന്നവർ നിർദ്ദയം പെരുമാറുന്നതിൽ അർത്ഥമെന്തു്? രക്ഷിപ്പാൻ കഴിവില്ലാത്ത

വർ ശിക്ഷയ്ക്കൊരുമ്പെടുന്നതു് അക്രമവും അനീതിയുമല്ലേ? ഒരു പ്രാണിക്കു ജീവൻ കൊടുപ്പാൻ നമുക്കു സാധിക്കുമോ? അങ്ങനെയിരിക്കെ ഹിംസിക്കാൻ തുനിയുന്നതിൽപരം അധൎമ്മവും പാപവുമുണ്ടോ? ജീവജാലങ്ങളിലും നമ്മിലും സ്ഥിതിചെയ്യുന്ന ആത്മാവു് ഒന്നല്ലേ? ഈ തത്വം ഗ്രഹിക്കാത്തവർ എങ്ങനെ ഈശ്വരനെ അറിയും? സകല ചരാചരങ്ങളേയും പരൻപുമാനേയും അഭിന്നമായി കാണാത്ത കണ്ണുകൊണ്ടു പ്രയോജനമെന്തു്? മനുഷ്യനും, മൃഗവും, പുല്ലും, പുഴുവും, കല്ലും, മുള്ളും, സച്ചിദാനന്ദാത്മകനു വ്യത്യാസമുണ്ടോ? വിദ്വന്മണിയായ ഭവാനോടു് എന്തിനു ഞാൻ അധികം പറയുന്നു? അവിടുത്തെ തിരുവുള്ളം കൃപാസാന്ദ്രമാകണമെന്നു് ഒരു പ്രാൎത്ഥനയേ എനിക്കുള്ളു.

ബിംബി:—(വിവൎണ്ണനായി ഗൽഗദത്തോടുകൂടി) ശൌദ്ധോദനി! എന്റെ ഉൾത്തടത്തെ ഭേദിക്കുന്ന ദുഃഖപ്രവാഹത്തെക്കുറിച്ചു പറഞ്ഞറിയിപ്പാൻ പോലും ഞാൻ ശക്തനല്ല. വിശ്വാന്ധകാരമകറ്റുന്ന തേജോനിധിയായ ഭവാന്റെ സമീപത്തിൽ എനിക്ക് ഒരു രാജാവാണെന്നു സ്മരിക്കാൻ കൂടി ലജ്ജ തോന്നുന്നു. ഒരു മലയുടെ മുകളിൽനിന്നു നിലംപതിച്ചുപോയ ഒരുവന്റെ സ്ഥിതിയാണു് എനിക്കുള്ളതു്. സ്വൎഗ്ഗത്തിൽ പോകുന്ന വിമാനമെന്നു വിചാരിച്ചു് ഞാൻ കയറിപ്പോയതു് നരകക്കടലിൽ ചെന്നുവീഴുന്ന ഒന്നിലാണോ? സിദ്ധാൎത്ഥ! അവിടുത്തെ കനിവായ തോണി തന്നെ എന്നെ

കരയേററണം. ഈ വിധം ക്രൂരങ്ങളായ യാഗങ്ങൾക്ക് എന്റെ രാജ്യത്തിൽ ലേശമെങ്കിലും ഞാൻ ഇനിമേൽ ഇടം കൊടുക്കുകയില്ലെന്നു മാത്രമല്ല, ഇക്ഷണംമുതൽ ജീവജാലങ്ങൾക്കു ദേഹോപദ്രവം നൽകുന്നതേ ശിക്ഷാർഹമാണെന്നുള്ള വിളംബരവും പ്രസിദ്ധപ്പെടുത്തിക്കൊള്ളാം. എങ്ങനെയായാലും ഞാൻ ചെയ്തുപോയ പാപങ്ങൾക്കു ശാന്തി എവിടെക്കാണാൻ പോകുന്നു?

ബുദ്ധൻ:—പശ്ചാത്താപത്തിൽ തന്നെ ആശ്വസിക്കുക.

ഇന്ദ്രജിത്തും സുലോചനയും:—

സുലോചന:—നിങ്ങളുടെ എല്ലാവരുടേയും ബുദ്ധി ഈ വിധമായത്തു വിചാരിക്കുമ്പോരം കാലവൈപരീത്യമെന്നേ പറവാനുള്ളു. മൌലിയിൽ ചൂടുവാനുള്ള പുഷ്പവിശേഷത്തെ ചവിട്ടിത്തേയ്ക്കുാൻ തുനികയാണോ? ഭുവനൈകവിക്രമികളായും മഹാമഹസ്വികളായുമിരിക്കുന്ന ശ്രീരാമലക്ഷ്മണന്മാരോട് എതിരിടുവാൻ അല്പമെങ്കിലും വിവേകമുള്ളവർ ഒരുങ്ങുന്നതാണോ? എന്തോ, നമുക്കൊക്കെ വലിയ ദുരിതമനുഭവിക്കേണ്ട സന്ദർഭമാഗ്ഗനിത്തു്. അല്ലാതെ വരാൻ നിവൃത്തിയുമില്ലല്ലോ. പതിവ്രതാരത്നമായ ജാനകീദേവിക്ക് അനുനിമിഷം മനോവേദന നൽകുന്നതിൻെറ ഫലം അനുഭവിക്കാതിരിക്കുമോ? ഇനിയെങ്കിലും, ശ്രേയസ്സിൽ കൊതിയുണ്ടെന്നു വരികിൽ, ആ പുണ്യപതാകയെ രഘുവീരൻെറ തൃക്കാൽക്കൽ കാഴ്ച്ചവച്ചു കൈതൊഴാൻ കാര്യ്യവേദിയായ അവിടുന്നു കനിവാൻ പിതാവിനോടപേക്ഷിക്കണം.

ഇന്ദ്രജിത്തു്:—(ആശ്ചര്യ്യഭാവത്തിൽ) അല്ല, സുലോചനയും ഇങ്ങനെയാണോ അഭിപ്രായപ്പെടുന്നതു്. ഈ പ്രിയപ്പെട്ട മുഖത്തുനിന്നും ഇത്തരം വാക്കുകരം വിനിർഗ്ഗളിക്കുമെന്നു ഞാൻ കിനാവിലും കരുതിയിരുന്നില്ല. വീരാംഗനകരംക്ക് ആരാധനീയയായ എൻെറ ഓമനയ്ക്കു് ഇവ ലേശം ഇണങ്ങുന്നതല്ല. വീരപത്നികരം ഒരിക്കലും പ്രേമത്തിനും താപത്തിനും അടിമകളായി ധമ്മപഥം പിഴയ്ക്കരുതു്.

ശത്രുക്കളുടെ കാൽ വണങ്ങുവാനാണോ സുലോചന എന്നെ ഉപദേശിക്കുന്നതു്. അങ്ങനെ ചെയ്യുന്നതായാൽ ഞാൻ എനിക്കു മാത്രമല്ല എൻെറ പൂർവികൎക്കും കളങ്കമിയററുകയല്ലേ ചെയ്യും. ഞാൻ എത്രതന്നെ അപേക്ഷിച്ചാലും അച്ഛൻ ഇനി വൈദേഹിയെ രാഘവസമക്ഷം കാഴ്ചവയ്ക്കാൻ ഒരുങ്ങുകയില്ല. അത്രത്തോളംഅദ്ദേഹം നമുക്കു നാശവും ക്ലേശവും വരുത്തിയിട്ടില്ലേ? സീതാപഹാരം പിതാവു് അന്യായമായി ചെയ്തതല്ലെന്നാണു പറയുന്നതു്. പ്രണയപരവശയായ അദ്ദേഹത്തിൻെറ സഹോദരിയോടു് രാമലക്ഷ്മണന്മാർ അധിക്ഷേപകരമായി പെരുമാറിയതിനു് അതു തക്ക ഒരു പ്രതികാരമെന്നാണു് അദ്ദേഹത്തിൻെറ അഭിപ്രായം. സുലോചന ഇക്കാൎയ്യമൊന്നും നിരൂപിക്കാതെ ചപലകളെപ്പോലെ വൎത്തിക്കരുതു്.

സുലോചന:—മതിയും വിധിയും അനുകൂലമായിരിക്കേയുള്ളു. അല്ലാതെ, ഇപ്പോൾ എനിക്കൊന്നും സമാധാനം പറവാൻ തോന്നുന്നില്ല. വരാനുള്ളതു വന്നേ തീരൂ. ആരു വിചാരിച്ചാലും അതിനെ തടയാൻ സാധിക്കയുമില്ല. ഏതായാലും എൻെറ ഭാഗ്യപരിപാകമായ അങ്ങേയ്ക്കു യുദ്ധത്തിൽ മംഗളം ഭവിക്കട്ടെ! എന്നു ഞാൻ പ്രാൎത്ഥിച്ചുകൊള്ളുന്നു.

ഇ: ജിത്തു്:—പ്രിയേ! ഒന്നുകൊണ്ടും ഒരു ആശങ്കയ്ക്കും ഇടംകൊടുക്കരുതു്. ഇന്ദ്രാദികളെപ്പോലും തൃണപ്രായമായി ഗണിച്ച ഞാനാണോ ഈ ദാശരഥികളെ കണ്ടു പിന്മാറുന്നതു്. കാൽക്ഷണത്തിൽതന്നെ ഭവതിയുടെ പാദപത്മങ്ങളെ വിജയശ്രീപരിലാ

ളിതങ്ങളാക്കിത്തീക്കാം. പതിവുപോലെ എന്നെ മന്ദസ്മിതാഭിഷേചനം ചെയ്തു് ആ വില്ലും അമ്പും എടുത്തുതന്നാലും. ഇനി അധികം താമസിക്കുന്നതു യുക്തമല്ല.

സു:—അങ്ങയുടെ വീൎയ്യപൌരുഷങ്ങൾക്കു ഞാൻ നമസ്കരിച്ചുകൊള്ളുന്നു. ലങ്കാലക്ഷ്മിയുടെ സുകൃതകന്ദളമായ അവിടുത്തേയ്ക്കു നിത്യശ്രേയസ്സുണ്ടാകുന്നതിനു ജഗദീശ്വരൻ കനിഞ്ഞരുളേണമേ എന്നിരന്നുകൊണ്ടു് ഇതാ ഈ ശരചാപങ്ങൾ തൃക്കൈത്താരിൽ അൎപ്പിച്ചുകൊള്ളുന്നു. (എന്നു വില്ലെടുത്തു കൊടുക്കുന്നു, വില്ലു് കൈ ചവുകി താഴെ വീഴുന്നു)

ഇ: ജി:—സുലോചനയ്ക്കു പാരവശ്യംകൊണ്ടു ദേഹമേ സ്വാധീനത്തിലല്ലെന്നു തോന്നുന്നു. പിന്നെ മനസ്സിൻെറ കാൎയ്യം ചോദിക്കാനുണ്ടോ?

സു:—ഈ വീഴ്ച അസ്വാധീനതകൊണ്ടു വന്നിട്ടുള്ളതല്ല. വല്ലതും ദുൎന്നിമിത്തമാണോ എന്നു് എനിക്കു വലിയ ഭയമുണ്ടു്. ഇന്നലെ രാത്രി അമംഗലസൂചകങ്ങളായ പല സ്വപ്നങ്ങളുണ്ടാകയും ചെയ്തു. എല്ലാംകൊണ്ടും ദശരഥപുത്രന്മാരോടു പിണങ്ങാതിരിക്കുന്നതാണു് നമുക്കു നല്ലതെന്നു് ഇവൾക്കു തോന്നുന്നു.

ഇ: ജി:—കഷ്ടം! ഇന്ദ്രജിത്തിൻെറ പ്രേയസി ഈവിധം അന്ധവിശ്വാസത്തിനും അധൈൎയ്യത്തിനും വശംവദയാകുന്നതു് എത്ര ആക്ഷേപാൎഹം. ഇതു കേട്ടാൽ മഹാജനങ്ങൾ പുച്ഛിക്കയേയുള്ളൂ. സുലോചന സമാശ്വസിക്കൂ. ഞാൻ പോയ്‌വരട്ടേ!

സു:—ശരി, അങ്ങനെയാകട്ടെ! ഞാൻ യുദ്ധവൎത്തമാനം അറിയുന്നതുവരെ ഈ മേടത്തളത്തിൽനിന്നു് ഇറങ്ങുകയില്ല. ജന്നലിൽക്കൂടി നോക്കിനില്ക്കയേയുള്ളൂ. അഴിഞ്ഞുപോയ ഈ മുടി ഇനി അങ്ങു വന്നിട്ടേ ഞാൻ കെട്ടുകയുള്ളൂ. നിമിഷംതോറും വിവരമറിവാൻ ദൂതന്മാരെ അയയ്ക്കണം. കഴിവുള്ളപക്ഷം ആ രാജവീരന്മാരോടു പിണങ്ങരുതെന്നു് ഞാൻ വീണ്ടും വീണ്ടും അപേക്ഷിച്ചുകൊള്ളുന്നു.

ഇ: ജി:—ഭവതി സ്വസ്ഥമായിരുന്നാലും. ഞാൻ വിജയലക്ഷ്മിയുമായി ഇപ്പോൾതന്നെ തിരിച്ചുവരുന്നതായിരിക്കും. എന്റെ ധൎമ്മം വിട്ടു് ഞാൻ ഒരിക്കലും തെററിനടക്കയില്ല.

സു:—എന്നാൽ പോയ് വരണം. ആൎയ്യപുത്രനു സൎവ്വഥാ മംഗളം ഭവിക്കട്ടെ! (എന്നു നമസ്കരിക്കുന്നു; ഇന്ദ്രജിത്തു് യഥോചിതം വിടവാങ്ങുന്നു)

കേശവദാസും ചാരനും:—

കേശവദാസ്:—താങ്കൾ തിരുവിതാംകൂറിൽ വന്നുചേ ൎന്നിട്ട് എത്ര ദിവസമായി? ഈ യാത്രയുടെ ഉദ്ദേശ മെന്തു്? തനിയെയാണോ പുറപ്പെട്ടിട്ടുള്ളതു്? അതല്ല വേറേയും ആളുകൾ കൂടിയുണ്ടോ?

ചാരൻ:—ഇന്നു തീയതി ഇരുപത്തിനാലല്ലേ? പതിനെ ട്ടാംതീയതിയാണു് ഇവിടെ വന്നതു്. കൂടി ആരും തന്നെയില്ല. പല ദേശങ്ങളും കാണണമെന്നും പല മഹാന്മാരുടേയും പരിചയം ലഭിക്കണമെന്നും മാത്രമേ എനിക്കു് ഉദ്ദേശമുള്ളു. പ്രകൃത്യാ ഏകാന്ത സഞ്ചാരത്തിലാണു് കുറെ ഇഷ്ടമുള്ളതു്. അവിടു ത്തെ കീൎത്തി വളരെക്കാലത്തിനു മുമ്പേ എന്റെ ശ്രുതിപഥത്തിൽ എത്തിയിട്ടുണ്ടായിരുന്നു. അതി നാലാണു് ഞാൻ ഇവിടെ വന്നുചേൎന്ന നാൾമുതൽ ഇങ്ങോട്ടു വരാൻ ആഗ്രഹിച്ചതു്. അങ്ങയുടെ കാഴ്ചതന്നെ എന്നെ സന്തുഷ്ടനാക്കിത്തീൎത്തു. വാക്കു കൾ എന്നെ ആശ്ചൎയ്യഭരിതനാക്കി. അതിശയോ ക്തിയായും മുഖസ്തുതിയായും പറയുന്നതെന്നു ധരി ക്കരുതു്. ഹിമാലയപ്രാന്തങ്ങൾതൊട്ടു് ഇവിടം വരെ സഞ്ചരിച്ചിട്ടും ഇത്ര ഗാംഭീൎയ്യം തികഞ്ഞ സംഭാഷണചാതുൎയ്യം എനിക്കു പരിചിതമായി തീൎന്നില്ല. സുകൃതാതിരേകത്താൽ എനിക്കു് ഇന്നു് ഒരു മഹൽദർശനം സാധിച്ചു എന്നേ ഞാൻ പറ യുന്നുള്ളു.

കേ. ദാ:—(പുഞ്ചിരിയോടുകൂടി ചാരന്റെ മുഖഭാവങ്ങൾ പൂൎവ്വാധികം ശ്രദ്ധിച്ചുകൊണ്ടു്) എന്നോടുള്ള

സൗഹാർദ്ദത്തിന്ന താങ്കൾക്ക ഞാൻ കടപ്പെട്ടിരിക്കുന്നു. താങ്കളുടെ വചോവിലാസം ആരുടെ കരളിനേയും കവൎന്നുകളയുമെന്നു തീൎത്തു പറയാവുന്നതാണ്. താങ്കളെപ്പററി കൂടുതൽ വിവരങ്ങളറിവാൻ എനിക്ക് ആഗ്രഹമുണ്ട്. സ്വദേശം ഉത്തരഇൻഡ്യയെന്നു സൂചിപ്പിച്ചു എങ്കിലും ഭാവങ്ങൾ കൊണ്ട് ദാക്ഷിണാത്യമെന്നു ശങ്കിച്ചുപോകുന്നു.

ചാ:——(അല്പം വൈവൎണ്ണ്യത്തിൽ)സഞ്ചാരങ്ങൾക്കിടയിൽ ദക്ഷിണദേശങ്ങളോട് എനിക്ക് അതിയായ പരിചയം ലഭിച്ചിട്ടുണ്ട്. നാട്ട് ഉത്തരഭാരതത്തിൽ തന്നെ. ഞാൻ മൈസൂറിൽ നിന്നാണ് നേരേ ഈ തിരുവിതാംകൂറിൽ വന്നുചേൎന്നതു്. അവിടുത്തെ മുമ്പാകെ സുൽത്താനവർകളുടെ ഒരു സന്ദേശവും സമർപ്പിക്കേണ്ടതായുണ്ട്. അതിനുവേണ്ടി മാത്രം വന്നിട്ടുള്ളവനാണ് ഞാൻ എന്നു വിചാരിക്കരുതു്. സുൽത്താനുമായി പല സംഗതികൾ സംസാരിച്ചു കൂട്ടത്തിൽ അദ്ദേഹം പ്രശസ്തനായ ഭവാന്റെ ഗുണാതിശയങ്ങളെപ്പററി കൊണ്ടാടുകയും ഇപ്രകാരം ഒരു സചിവസത്തമന്റെ സാന്നിദ്ധ്യം ഒരു രാജ്യത്തിന്റെ ശ്രേയസ്സിന് എത്രത്തോളം താങ്ങായിത്തീരുമെന്ന് അഭിപ്രായപ്പെടുകയും അവിടുത്തെ ഗാഢസൌഹാർദ്ദത്തിൽ അത്യധികം ആഗ്രഹമുണ്ടെന്നു വെളിപ്പെടുത്തുകയും ചെയ്തു. പൌരുഷവും ധൎമ്മവും ഇണങ്ങിയാലുള്ള ഫലം നിങ്ങൾ രണ്ടുപേരുടേയും ബന്ധുത്വംകൊണ്ടുണ്ടാകുമെന്നുള്ള എന്റെ വലിയ വിശ്വാസത്താൽ യാത്രയ്ക്കിടയ്ക്ക് ആ വീരകേസരിയുടെ ദൗത്യവുംകൂടി നിർവ്വഹിക്കാ

നൎച്ചതാണു്. ഈ മൈത്രി അന്യോന്യം മംഗളാസ്പദമാകയാൽ സുൽത്താൻ സാഹിബ്ബിൻെറ അഭിലാഷവല്ലിയെ സഫലമാക്കാൻ കനിവുണ്ടാകണമെന്നു് ഞാൻ ആദരപൂൎവ്വം അഭ്യൎത്ഥിച്ചുകൊള്ളുന്നു.

കേ: ദാ:—നിങ്ങൾ ദേശസഞ്ചാരത്തിൽ താല്പൎയ്യമുള്ളവനാണെന്നു പറഞ്ഞല്ലോ. അതുകൊണ്ടു് ഞാൻ വിചാരിക്കുന്നതു് നിങ്ങൾക്കു രാഷ്ട്രീയകാൎയ്യങ്ങൾ നല്ലവണ്ണം പരിചിതങ്ങളായിരിക്കുമെന്നാണു്. മൈസൂരും തിരുവിതാംകൂറുമായുള്ള ഇപ്പോഴത്തെ ബന്ധം എങ്ങും അറിവുള്ളതാണല്ലോ. കുട്ടികൾക്കു പോലും ഇതു് അവിദിതമാണെന്നു ഞാൻ കരുതുന്നില്ല. അങ്ങനെയിരിക്കെ നിങ്ങളുടെ ഈ പ്രസ്താവങ്ങളാൽ ഞാൻ എന്താണു മനസ്സിലാക്കേണ്ടതു്? ഒന്നുകിൽ നിങ്ങൾ ഒരു കാൎയ്യബോധവും ഇല്ലാത്തവനായിരിക്കണം. അല്ലെങ്കിൽ ഗൂഢോദ്ദേശ്യത്തോടുകൂടിയവനാണു്. നിങ്ങളുടെ വേഷഭാഷകൾ വിചാരിച്ചാൽ ആദ്യത്തേതിൽ ഉൾപ്പെടുന്നവനല്ല താനും. ഒന്നും ഒളിച്ചുവെയ്ക്കണമെന്നില്ല. വാസ്തവം വെളിപ്പെടുത്തിയേക്കണം. സുൽത്താൻെറ സ്വന്തയാളോ? അതോ ആൾക്കാരനോ?

ചാ:—അവിടുന്നു് എന്നെ ഇങ്ങനെ തെറ്റിദ്ധരിക്കുമെന്നു ഞാൻ ലേശവും ഓൎത്തില്ല. എതിനും എനിക്കു് ഇതിൽ വലിയ കുണ്ഠിതമില്ല. കാലസ്ഥിതിയ്ക്കു് ഇപ്രകാരമെല്ലാം അങ്ങേയ്ക്കു തോന്നാവുന്നതാണു്. യഥാൎത്ഥത്തിൽ എന്നെ ഒരു സഞ്ചാരിയായി മാത്രം ധരിച്ചാൽ മതി. സുൽത്താൻെറ ആളായി ഇവിടെ

വന്നവനല്ല. എന്നാൽ സുൽത്താനിൽ എനിക്ക് ഏററവും ബഹുമാനവും സ്നേഹവുമുണ്ടെന്നു ഞാൻ സമ്മതിച്ചുകൊള്ളുന്നു. ആക്കും അദ്ദേഹവുമായുള്ള സൗഹാർദ്ദം അഭിമാനകരമാണെന്നാണ് എന്റെ വിശ്വാസം. അദ്ദേഹത്തിന്റെ പൗരുഷവും പരാക്രമവും ഭരണനൈപുണ്യവും മററും വിചാരിച്ചാൽ ഭാരതത്തിലെന്നല്ല ഇതരഭൂഖണ്ഡങ്ങളിലും അദ്ദേഹത്തോടു തുല്യരായി ചുരുക്കം പേരേ കാണുകയുള്ളൂ. അത്ര അസാമാന്യമാഹാത്മ്യമുള്ള അദ്ദേഹവും അധിപതീയനായ അവിടുന്നും ഒത്തുചേന്നാൽ സർവ്വലോകൈകാധിപത്യംപോലും കരഗതമെന്നു വേണംപറവാൻ. എന്റെ അന്തർഗതം ഞാൻ ഒന്നു തുറന്നു പറഞ്ഞുകൊള്ളട്ടേ! സുൽത്താനും ഞാനുമായുണ്ടായ ഒരു സംഭാഷണാവസരത്തിൽ, "ഭണ്ഡാരം മുഴുവനും സമ്മാനിച്ചാലും വേണ്ടതില്ല, ആ പുണ്യശിരോമണിയെ എനിക്കു മന്ത്രിയായി കിട്ടിയാൽ മതി" എന്ന് അദ്ദേഹം ഉള്ളു തുറന്ന് എന്നോടു പറകയുണ്ടായി. പൂജ്യപാദനായ അവിടുത്തെ ശ്രേയസ്സിനു നിദാനമായ ഈ വൃത്താന്തം ഉടൻതന്നെ ഇവിടെ വന്നു ധരിപ്പിക്കേണ്ടതു് എന്റെ കത്തവ്യമാണെന്നു കണക്കാക്കിയതുകൊണ്ടാണ് കാൽക്ഷണം പോലും കളയാതെ ഞാൻ തിരുവിതാംകൂറു നോക്കി നടകൊണ്ടതു്. വസ്തുതകൾ ഉള്ള വണ്ണം ഉണർത്തിക്കഴിഞ്ഞു. ഇനി ഇഷ്ടാനുകൂലം ചെയ്തുകൊള്ളണം. എന്റെ അഭിലാഷം സഫലമാകുമെങ്കിൽ എനിക്ക് ഒരു കൃതാത്ഥതയ്ക്കു വകയുണ്ടെന്നേയുള്ളൂ.

കേ: ഓ:—(പുഞ്ചിരിക്കൊണ്ടുകൊണ്ട്) കഷ്ടം! കാഴ്ച
യിൽ ഞാൻ നിങ്ങളെ ലോകപരിചയമുള്ള
ഒരുവനാണെന്നും ബുദ്ധിമാനും സമർത്ഥനുമാണെ
ന്നും വിചാരിച്ചുപോയി. ആ വിചാരം ആകപ്പാടെ
അടിസ്ഥാനരഹിതമെന്ന് അറിയുന്നതിൽ ഞാൻ
എന്റെ ഗ്രഹണശക്തിയെത്തന്നെ നിന്ദിച്ചുകൊ
ള്ളുന്നു. ആകൃതി കണ്ടു പ്രകൃതി നിശ്ചയിക്കാമെന്നു
ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നുണ്ടല്ലോ. എ
ന്നാൽ മനുഷ്യരെ സംബന്ധിച്ചിടത്തോളം ഇതു്
ഒട്ടും ശരിയല്ലെന്നുള്ളതിന് നിങ്ങൾതന്നെ ഒരു
നല്ല നിദർശനമാണ്. എനിക്കു കുറെ അധികം
പറഞ്ഞാൽ കൊള്ളാമെന്നുണ്ട്. പക്ഷേ ഒരു
നിമിഷമെങ്കിലും നിങ്ങളുമായി സംസാരിക്കുന്നതു്
രാജദ്രോഹകരമായിരിക്കുമെന്ന് എനിക്കു തോന്നുന്ന
തിനാൽ ഞാൻ അതിന് ഒരുങ്ങുന്നില്ല. എന്നെ
പ്പറ്റി നിങ്ങൾ കേട്ടിട്ടുണ്ടെന്നു പറഞ്ഞതെല്ലാം
കള്ളമായിരിക്കണം. അല്പമെങ്കിലും അറിഞ്ഞിരു
ന്നെങ്കിൽ ഈ അപേക്ഷയുംകൊണ്ട് എന്റെ
അരികിലെത്തുവാൻ ധൈര്യം ഉണ്ടാകയില്ലതന്നെ.
(ഉടുപ്പിനിടയിൽ തിരുകിയിരുന്ന വാളിൽ കൈ
ചേർത്തുകൊണ്ടും ഒട്ടൊരു കോപഭാവത്തിലും) ഈ
വാളൂരി എടുക്കാൻ എന്നെ ഒന്നു രണ്ടു തവണ
അന്തഃകരണം പ്രേരിപ്പിച്ചു എന്നു കരുതണം.
എന്നാൽ നിങ്ങളുടെ മൗഢ്യം കണ്ട് വിവേകം
സാന്ത്വനം പറകയാലാണ്, ഞാൻ അതിനു തുനി
യാത്തതു്. ഭൂലോകചക്രവർത്തിയായല്ല - സ്വർഗ്ഗ
ലോകചക്രവർത്തിയായിക്കൂടി എന്നെ അഭിഷേ
ചനം ചെയ്താലും ഞാൻ തിരുവിതാംകൂറിന്റേയും

അതിന്റെ രക്ഷിതാവായ പൊന്നുതിരുമനസ്സിന്റെയും പാൎശ്വം വിട്ടു പോകുമെന്ന് എന്നെ കുറച്ചെങ്കിലും അറിഞ്ഞിട്ടുള്ളവർ കിനാവിലും ശങ്കിക്കയില്ല. മന്ത്രിപദത്തിനു പകരം സുൽത്താനാകുന്ന ആ ബാധയെ ഉച്ചാടനം ചെയ്യുന്നതിന് ഏററ തന്ത്രിപദമാണ് സ്വീകരിക്കാൻ പോകുന്നതെന്ന് കാലം കളയാതെ അറിയിച്ചേക്കണം. ഇനി ഈ സംഗതിയെപ്പററി നാവിളക്കുന്നതായാൽ ഖഡ്ഗമായിരിക്കും ഉത്തരം പറയുന്നതെന്ന് ഓൎമ്മിച്ചുകൊണ്ടു് ജീവനിൽ കൊതിയുണ്ടെങ്കിൽ വേഗം നാട്ടിൽതന്നെ മടങ്ങിക്കൊള്ളണം. തന്റെ ഊരും പേരും ചോദിക്കുന്നതുതന്നെ പാപമാണെന്ന് ഞാൻ നിരൂപിക്കുന്നു. എന്നാൽ ആകട്ടെ! എനിക്കു കൃത്യാന്തരങ്ങൾ ധാരാളമുണ്ടു്. നേരെ തിരിഞ്ഞേക്കയാണു രക്ഷ. (എന്നു പോകുന്നു)

സത്രാജിത്തും പ്രസേനനും:—

പ്രസേനൻ:—ഞാൻ ഇത്രയൊക്കെ ചോദിച്ചിട്ടും ജ്യേഷ്ഠൻ ആലോചനാനിമഗ്നനായി മൗനമവലംബിച്ചുകൊണ്ടിരിക്കുന്നതു വിചാരിക്കുമ്പോൾ ഇതിൽ ജ്യേഷ്ഠനുള്ള വിസമ്മതം എനിക്കു നല്ലപോലെ മനസ്സിലാകുന്നുണ്ട്. ഇനിയും ബുദ്ധിമുട്ടിക്കുന്നതിന് ഒരുങ്ങുന്നില്ല. ഞാൻ പോയ്വരട്ടേ!

സത്രാജിത്ത്:—പ്രസേന! നീ എന്നെ തെററിദ്ധരിക്കരുത്. ഈ സ്യമന്തകം മാത്രമല്ല ഇതിൽനിന്ന് എത്രതന്നെ വിലപ്പെട്ടതായാലും നിനക്കു തരുന്നതിന് എനിക്കു ലേശവും വൈമനസ്യമില്ല. എന്നാൽ നിൻെറ അനുഗ്രഹം ഒട്ടുംതന്നെ ശുഭാവഹമായി എനിക്കു തോന്നുന്നില്ല. നമ്മുടെ രത്നവിശേഷത്തെ പലരും കണ്ണുവെച്ചുകൊണ്ടിരിക്കയാണ്. ശ്രീകൃഷ്ണൻപോലും കാംക്ഷിച്ചതാണെന്നു നിനക്കറിയാമല്ലോ., അപ്പോൾ മററുള്ളവൎക്ക് എത്രമാത്രം കൊതി കാണുമെന്ന് ഞാൻ പറയേണ്ടതുണ്ടോ? നിനക്ക് ചെറുപ്പംകൊണ്ട് പലതും തോന്നും. ഈ രത്നവിശേഷം അനാദൃശമെന്നു മാത്രമല്ല അഭൗമവുമല്ലേ? പോരാതെ സൂൎയ്യഭഗവാന് എന്നോടുള്ള പ്രസാദത്തിന് സാക്ഷ്യം വഹിക്കുന്നതുമാണല്ലോ? അങ്ങനെയുള്ള ദിവ്യരത്നത്തെ നാം വേണ്ടവണ്ണം സൂക്ഷിക്കേണ്ടതല്ലേ? അല്ലാത്തപക്ഷം നമുക്ക് ലോകാപവാദവും ആ ഭഗവാൻെറ അപ്രീതിയുമല്ലേ ലാഭമാകയുള്ളു? നീ ഇതണിഞ്ഞുകൊണ്ടു പുറത്തിറങ്ങുമ്പോൾ ചിന്നിത്തിളങ്ങുന്ന പ്രഭാപടലങ്ങൾ ദുരിതങ്ങൾക്കു വഴി

കാണിക്കയായിരിക്കും. ഒന്നുകൂടി അവധാനപൂർവ്വം ആലോചിക്കയാണു് ഉത്തമം.

പ്രസേനൻ:—ജ്യേഷ്ഠൻ പറയുന്നതൊന്നും അകാൎയ്യമെന്നു ഞാൻ കരുതുന്നില്ല. ഈ അഭിപ്രായങ്ങൾ എനിക്കു ചിന്താവിഷയങ്ങളാകാതിരുന്നുമില്ല. മുൻകരുതലുകൾ വേണ്ടതുതന്നെ. എന്നാൽ ഭയപാരവശ്യം അപൗരുഷത്തിന്റെ ലക്ഷണമാണു്. എന്റെ അഭിലാഷം ദുഃഖജനകമാണെന്നു് അന്തഃകരണം ഒരിക്കലും ഉപദേശിച്ചിട്ടില്ല. ആശങ്കകൾ അങ്കുരിക്കുമ്പോൾ അതു് ഒരു നല്ല പ്രമാണമല്ലേ? എനിക്കു് ഈ മണിയുമണിഞ്ഞുകൊണ്ടു് നായാടുന്നതിനു് ഉത്സാഹവും ധൈൎയ്യവും തോന്നുന്നു. ഇതിൽ നിന്നും നാലുപാടും ചിതറുന്ന ദീപ്തികൊണ്ടു് മൃഗാവലികൾ കണ്ണഞ്ചി നിലകൊള്ളുന്നതു കാണാൻ എനിക്കു് അതിരററ കൌതുകമുണ്ടു്. ഏതു ക്രൂരമൃഗത്തിന്റെ നേക്കും എത്ര നിഷ്പ്രയാസം അപ്പോൾ അമ്പുകളയയ്ക്കാം. ഒരു നിമിഷത്തിനുള്ളിൽ എത്ര എത്ര മൃഗങ്ങളായിരിക്കും നിർജ്ജീവമായി നിലം പതിക്കുന്നതു്. അസാമാന്യവും നവീനവുമായ അത്തരം മൃഗയാവിനോദത്തെ എങ്ങനെ വൎണ്ണിക്കാൻ കഴിയും. ദയവുണ്ടായി അവിടുന്നു് ഈ സഹോദരന്റെ കൗതുഹലത്തെ ഭഞ്ജിക്കാതെയും പൗരുഷത്തെ അപലപിക്കാതെയും ഇന്നൊരു ദിവസത്തെ പകൽസമയത്തേയ്ക്കായി സ്യമന്തകം തന്നാൽ കൊള്ളാമെന്നു് ഒന്നുകൂടി അപേക്ഷിച്ചുകൊള്ളുന്നു.

സത്രാജിത്ത്:—യൗവ്വനത്തിൻെറ സാഹസങ്ങൾ അനിർവാച്യങ്ങളത്രെ. ഹിതാഹിതങ്ങളേയോ, സുഖാസുഖങ്ങളേയോ, ഗുണദോഷങ്ങളേയോ, സുകൃതദുഷ്കൃതങ്ങളേയോ വിവേചനം ചെയ്യുന്നതിന് ഒരുങ്ങാതെ അത് അഭീഷ്ടങ്ങളെ സദാ ലക്ഷ്യമാക്കുകയാണു ചെയ്യുന്നത്. തന്നിമിത്തം ഓരോരുത്തക്ക് എന്തെല്ലാം വിപത്തുകൾ വന്നു പിണയുന്നു. അനുജൻ അജ്ഞരെപ്പോലെ അനിഷ്ടകരങ്ങളായ പ്രവൃത്തികളിൽ പ്രസക്തനാകരുത്. രത്നം തരുന്നതിനു മനസ്സില്ലായ്കകൊണ്ടു പറയുന്നതല്ല. നായാട്ടുന്നതു തന്നെ ധർമ്മമായിട്ടുള്ളതാണോ? അസംഖ്യം ജീവജാലങ്ങളുടെ നാശമല്ലേ അതിൻെറ ഫലം. ഹിംസയിൽ നിന്നും പാപകരമായി വേറെ എന്തു തന്നെയുണ്ട്? ഈശ്വരസൃഷ്ടിയുടെ ഉദ്ദേശം ഗ്രഹിക്കാതെ വിശിഷ്ടബുദ്ധിയുള്ളവരെന്നു തന്നെത്താൻ അഭിമാനിക്കുന്ന മനുഷ്യർ അപഥത്തിൽ സഞ്ചരിച്ചാൽ അതു ശോച്യവും നിന്ദ്യവും അക്ഷന്തവ്യവുമല്ലേ? ദൈവം പ്രകൃതിയെക്കൊണ്ട് നിരന്തരം പഠിപ്പിച്ചുകൊണ്ടിരിക്കുന്നത് പരോപകാരമല്ലാതെ വേറെ എന്താണ്? അങ്ങനെയിരിക്കെ നാം ദൈവേച്ഛയ്ക്കു വിപരീതമായി പരാപകാരമാചരിച്ചാൽ ഭവിഷ്യൽഫലം എന്തായിരിക്കും. ഈശ്വരകാരുണ്യം ജന്മാന്തരങ്ങൾ കൊണ്ടും ലഭിക്കയില്ല. അനേകങ്ങളായി കാണുന്നവയെല്ലാം ഏകമെന്നു കാണാത്ത കണ്ണിന് ഈശ്വരൻ എന്നും അദൃശ്യനായിരിക്കേയുള്ളു. ജീവജാലങ്ങളോടു കാണിക്കുന്ന ക്രൗര്യം ഈശ്വരൻേറയും നമ്മുടേയും ഇടയിൽ ഒരു തിരശ്ശീല ഇടുമെന്ന് ഓർമ്മിക്കണം. കാര്യവേദി

യായ സോദരനോട്ട് ഇതിൽ കൂടുതൽ പറഞ്ഞിട്ടാ വശ്യമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. താരുണ്യ വിമോഹങ്ങളായ കുതിരകൾക്ക് വിവേകകടിഞ്ഞാണിട്ടില്ലെങ്കിൽ അവ ആരെയും അനൎത്ഥഗൎത്തങ്ങളിൽ കൊണ്ടു തള്ളിയിടുമെന്ന് അറിയേണ്ടതാണ്............കഷ്ടം! ഈ ഹിതവചസ്സുകൾ കേട്ടിട്ടും നിനക്ക് ഒരു ഭാവഭേദവും കാണുന്നില്ലല്ലോ. ഹീരധാരിയായി നായാട്ടിനു പോയേ തീരു എന്നു നിർബന്ധം തന്നെ അല്ലേ?

പ്രസേനൻ:—ജ്യേഷ്ഠന്റെ തത്വസാരങ്ങൾ ഞാൻ ശിരസാ വഹിക്കുന്നു. എന്നെ ധൎമ്മവിമുഖനായി അവിടുന്നു മനസ്സിലാക്കരുതെന്ന് വിനയപൂർവം അപേക്ഷിച്ചുകൊള്ളട്ടേ. രാജൎഷികൾ പോലും ആദരിക്കുന്നതല്ലേ മൃഗയാവിനോദം? അതിൽ വല്ലതും പാപമുണ്ടെങ്കിൽ പുണ്യോൽക്കരത്തിന്റെ കാന്തികളിൽ മറഞ്ഞുപോകും. ദുഷ്ടമൃഗങ്ങളെ നശിപ്പിക്കുന്നതു് വലുതായ ഒരു ലോകരക്ഷണമല്ലേ? നിത്യസുഖാസ്പദമായ പരോപകാരംതന്നെ അതു ലാക്കാക്കുന്നതു്. ഒരു ഹിംസയും കൂടാതെ ജീവിതം കഴിച്ചുകൂട്ടുവാൻ പ്രയാസപ്പെടും. നടക്കുമ്പോൾ തന്നെ നാം എത്ര എത്ര ചെറു ജീവികൾക്കു ദിവസവും പ്രാണാപായം നൽകുന്നതായിരിക്കും. വിളക്കു കത്തിക്കുമ്പോൾ എത്ര ശലഭങ്ങൾ അതിൽ പതിച്ചു നാശമടയുന്നു. അതെല്ലാം ഹിംസയല്ലേ? ജീവസന്ധാരണാൎത്ഥവും വിശ്വസൗഖ്യം പ്രമാണമാക്കിയും പ്രവൎത്തിക്കുമ്പോൾ വന്നുപോകുന്ന ഹിംസകൾക്കു പാപപ്രസക്തിയുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. സാധുജനപരിപാലനത്തിനു

വേണ്ടി ദേവന്മാർ ദുഷ്ടഹാനി വരുത്തിയിട്ടുള്ളതു നാം അറിഞ്ഞിട്ടുള്ളതല്ലേ? മനോഭാവങ്ങളാണ് പാപപുണ്യങ്ങൾക്കു കാരണങ്ങളെന്നു നമുക്കു സ്വല്പം ആലോചിച്ചാൽ അറിയാൻ കഴിയും.

ഞാൻ ഇന്നത്തെ നായാട്ടിനു വേണ്ട സജ്ജീകരണങ്ങളെല്ലാം ചെയ്തുകഴിഞ്ഞു. കൂട്ടുകാർ അനുനിമിഷം എന്നെ പ്രതീക്ഷിയ്ക്കും. വാജിത്തിടമ്പുകൾ ഓട്ടുവാനുള്ള ബലംപ്പാട്ടുകൊണ്ട് ഖുരപുടങ്ങളിട്ടു ചവിട്ടിത്തകർക്കുകയായിരിക്കും. ഇന്ന് ഞാൻ ഈ ആഖേടകേളി മാററിവയ്ക്കുന്നതായാൽ ഞങ്ങൾക്കെല്ലാവർക്കും അനല്പമായ ഇഷ്ടാഭംഗത്തിനു ഇടയാകുമെന്ന് മാത്രമല്ല, എന്നെ ഒരു അസ്ഥിരപ്രകൃതിയെന്ന് സഖാക്കൾ പഴിക്കയും ചെയ്യും. ഇവയെല്ലാം ആലോചിച്ച് കാരുണ്യനിധിയായ അവിടുന്ന് എനിയ്ക്കു വനാന്തരങ്ങളിൽ പോകാൻ സ്യമന്തകത്തോടുകൂടി അനുമതി തന്നരുളണമെന്ന് ഞാൻ ആദരപൂർവം അഭ്യർത്ഥിക്കുന്നു.

സത്രാജിത്തു്:—ഇതിന്ന് ഉത്തരം പറവാൻ നിന്നോടുള്ള നിർഭരമായ വാത്സല്യം എന്നെ തീരെ സമ്മതിക്കുന്നില്ല. ഏതിനും സന്ധ്യാവന്ദനത്തിനു മുമ്പുതന്നെ രത്നം തിരിച്ചുകൊണ്ടുവരാൻ വിസ്മരിക്കരുതു്. നിനക്ക് സർവ്വദാ മംഗളം ഭവിക്കട്ടെ! (എന്നു പറഞ്ഞ് മണി കൊടുക്കുന്നു.)

പ്രസേനൻ:—(വിനമ്രനായി രണ്ടുകൈകൊണ്ടും സ്വീകരിച്ചുകൊണ്ട്) എന്നോടുള്ള ജ്യേഷ്ഠന്റെ സ്നേഹാതിശയത്തിന് ഞാൻ ജന്മാന്തരത്തിലും കടപ്പെട്ടവനാണ്. സൂര്യാസ്തമയം കാട്ടിൽവച്ചു കാണുകയില്ലതന്നെ. എന്നാൽ, നമസ്കാരം! (എന്നു വിടവാങ്ങുന്നു.)

ലക്ഷ്മണനും താരയും:—

താര:—(മന്ദസ്മിതത്തോടും ഭക്ത്യാദരത്തോടും അർഘ്യ
പാദ്യാദികൾ വഹിച്ചുകൊണ്ടു്) തിരുമേനിക്കു്
നമസ്കാരം! അംഗദൻ വന്നു പറയുന്നതിനു മുമ്പു
തന്നെ ഞാൻ ഞാണൊലി കേട്ടു് ആരായിരിക്കു
മെന്നു് ഊഹിച്ചുകഴിഞ്ഞു. വെളിയിൽതന്നെ
നിൽക്കയാണോ? ഇതു് ഞങ്ങൾക്കെല്ലാവക്കും സങ്ക
ടമല്ലേ? ഇതാ, പാദ്യാദികൾ തയ്യാറുണ്ടു്. അവി
ടുത്തെ പാദാംബുജസ്പർശത്താൽ ഗൃഹാന്തർഭാഗങ്ങളെ
പരിശുദ്ധമാക്കിയാൽ കൊള്ളാമെന്നു് അപേക്ഷി
ച്ചുകൊള്ളുന്നു. പീഠവും അലങ്കരിക്കുമെങ്കിൽ
അടിയങ്ങൾ ചരിതാത്ഥരാകും. (പുറവും നോക്കി
യിട്ടു്) അംഗദനെ ഇവിടെ ഒരിടത്തും കാണുന്നി
ല്ലല്ലോ. അവൻ അങ്ങയെ കണ്ട നിമിഷംമുതൽ
കിടുകിടെന്നു വിറയ്ക്കുകയാണു്. എവിടെയോ
ചെന്നു് ഒളിച്ചിരിപ്പായിരിക്കും. കുട്ടികൾ എപ്പോ
ഴും കുട്ടികൾ തന്നെ. എന്നാൽ, ഈ കോപജ്ജ്വാ
ലാരുണമായ മുഖം കണ്ടാൽ അംഗദൻ മാത്രമല്ല
സുഗ്രീവൻ കൂടിയും ഭയവിഹ്വലനാകാതിരിക്കുമോ
എന്നു ഞാൻ ഏററവും സംശയിക്കുന്നു. ദാസജന
ങ്ങളിൽ ഇത്രത്തോളം ക്രോധം ഉചിതമാണോ?
ഇങ്ങനെയായാൽ ഞങ്ങൾ സൂര്യപ്രഭയേററ താരാ
കരങ്ങളായ്ത്തീരും. സഹജചാപലന്മാർ വല്ലതും
കുററം ചെയ്തുപോയിട്ടുണ്ടെങ്കിൽ സകരുണം അ
തൊക്കെ പൊറുത്തരുളേണമെന്നു് ഇവൾ ഈ
കാൽത്താരിൽ വീണു യാചിക്കുന്നു. ഭക്തപ്രിയരായ
തിരുമേനികൾ ശരണാഗതനായ സുഗ്രീവനെ വേദ

നിപ്പിക്കരുതു്. അദ്ദേഹം ഇപ്പോൾ ഭയാശങ്കകൾ കൊണ്ടു വിവശനായിരിക്കുമെന്നു തോന്നുന്നു. അദ്ദേഹത്തെ ഒരിക്കലും ഈ വിധത്തിൽ ആരും കണ്ടിരിക്കയില്ല. കഷ്ടം! തെററിദ്ധാരണകൾ വരുത്തുന്ന ആപത്തുകൾ അചിന്ത്യങ്ങൾ തന്നെ. തിരുവുള്ളലിഞ്ഞു് അല്പമൊരു ശാന്തഭാവത്തിൽ അകത്തടിയിരുത്തിയാൽ കാൎയ്യങ്ങൾ ഉള്ളവണ്ണം ഗ്രഹിക്കാം. ഞങ്ങളുടെ പ്രാണങ്ങൾപോലും ഭവാന്മാൎക്കു് അധീനമെന്നിരിക്കെ സ്വസാന്നിദ്ധ്യത്താൽ ഈ സദനാന്തരം അനുഗ്രഹിക്കുവാൻ അങ്ങേയ്ക്കു കനിവുണ്ടാകാത്തതു് ഞങ്ങളുടെ കാലക്കേടുകൊണ്ടെന്നേ കരുതേണ്ടതുള്ളു. ഏതിനും ക്ഷമാഗുണം മഹാനുഭാവന്മാൎക്കു ജന്മസിദ്ധമല്ലേ? അതിനാൽ അവിടുത്തെ പ്രസാദം ഞങ്ങൾ പ്രതീക്ഷിക്കുന്നു.

ലക്ഷ്മണൻ:— ഈ മധുരശീതളങ്ങളായ വാക്കുകൾ മാന്യങ്ങൾ തന്നെ. ഇവയ്ക്കു് ഞാൻ കടപ്പെട്ടിരിക്കുന്നു. എന്നാൽ ഇവ അസന്ദർഭത്തിലായിപ്പോയി എന്നു പറയാതിരിപ്പാൻ തരമില്ല. ജ്യേഷ്ഠൻ കദനാതുരനായിരിക്കെ കാൽക്ഷണമെങ്കിലും ഞാൻ ഇവിടെ നിൽക്കുമെന്നു നിരൂപിക്കുന്നുണ്ടോ? സുഗ്രീവനെ ഒന്നു കാണേണം, ഒരു വാക്കു പറയണം, പോകണം; എന്നാണു് വന്നതു്. ഒരിക്കൽ അറിയിക്കേണ്ടതു് ഞങ്ങളുടെ കടമയാണു്. ഇന്ദ്രപുത്രനിൽ പ്രയോഗിച്ച ബാണം നഷ്ടമായിട്ടില്ല. ഇതാണോ കൃതജ്ഞത? ഇതാണോ സത്യപരിപാലനം? കാൎയ്യം നേടിക്കഴിഞ്ഞില്ലേ? ഇനി ആരു് എങ്ങനെയായാലെന്തു്? മാരുതിയും ഇത്തരക്കാരനാണെന്നു് ഞങ്ങൾ തീരെ സംശയിച്ചില്ല. നഷ്ടപ്പെട്ടതെല്ലാം

തിരിച്ചുകിട്ടിക്കഴിഞ്ഞു. നയകുശലനും ബുദ്ധിമാനുമായ മന്ത്രി പിരിയാതെ സദാ അടുക്കൽതന്നെയുണ്ട്. കിഷ്കിന്ധാധിപത്യം സുസ്ഥിരവും നിർബാധവുമായി. സുഗ്രീവന് ഇനി ആശിക്കാനെന്തുണ്ട്. സുഖൈകനിരതനായി ജീവിതം നയിച്ചാൽ മതി. ഹനുമാൻെറ വാക്കുകൾ വിശ്വസിക്കയാൽ എല്ലാം അപകടത്തിലായി. എന്തു ചെയ്യാം. ആര്യപുത്രൻ ഒന്ന് അനുവദിച്ചില്ലല്ലോ. അല്ലെങ്കിൽ ഈ ഞാണിൽ തൊടുത്തിയ ബാണം വേണ്ട കാര്യപരിപാടികൾ നിശ്ചയിക്കുമായിരുന്നു. (എന്നു രോഷാന്ധനായി ഞാണൊലി മുഴക്കുന്നു) ഏതിനും ദേവരനോട് വിവരങ്ങൾ പറഞ്ഞേയ്ക്കണം. ഞാൻ തിരിച്ചുപോകയായി.

താര:—കഷ്ടം! ഭവാദൃശന്മാർ ഇങ്ങനെ കോപാധീനരായിപ്പോയാൽ മററുള്ളവരുടെ കഥ എന്തായിരിക്കും. സുഗ്രീവൻ ഇതിനു മുമ്പുതന്നെ വിവരങ്ങൾ തിരുമനസ്സറിയിക്കേണ്ടതായിരുന്നു. അതു ഞാനും സമ്മതിക്കുന്നു. എന്നാൽ സകല സജ്ജീകരണങ്ങളും സമ്പൂർണ്ണമായതിനു ശേഷം ഉണർത്തുന്നതാണ് ഉചിതം എന്ന് അദ്ദേഹം വിചാരിച്ചിരിക്കും. അല്ലെങ്കിലും അദ്ദേഹത്തിൻെറ ഇപ്പോഴത്തെ സ്ഥിതിവ്യത്യാസം ഏതാണ്ട് കുററക്കാരനാക്കിയിരിക്കാം. ചിരകാലമായി വെയിലേററു വരണ്ടു കിടക്കുന്ന ഭൂമിയിൽ പുതിയ മഴവെള്ളം വീണാലുള്ള അവസ്ഥയാണ് ഇപ്പോൾ സുഗ്രീവനുള്ളത്. തിരുമേനികളെ സുഗ്രീവൻ ഒരു നിമിഷംപോലും മറന്നിരിക്കുന്നവനല്ല. ശ്രീരാമലക്ഷ്മണന്മാരെന്നുള്ള

ശബ്ദോച്ചാരണങ്ങളിൽ പോലും വഴിഞ്ഞൊഴുകുന്ന സ്നേഹബഹുമാനങ്ങൾ ഞാൻ എങ്ങിനെ പറഞ്ഞറിയിക്കും. ഇങ്ങനെയുള്ള ഭക്തശിരോമണിയായ സുഗ്രീവനിൽ തെറ്റിദ്ധാരണ നിമിത്തം എന്തെങ്കിലും അപരാധപരമായ ആശങ്കകളുണ്ടെങ്കിൽ, പ്രപഞ്ചസ്വഭാവം നല്ലവണ്ണം അറിവുള്ള അവിടുന്ന് അതെല്ലാം സദയം ഒന്ന് ഉപേക്ഷിച്ചു ക്ഷമിച്ചുകൊള്ളണമെന്ന് ഈ പാദസരോജങ്ങളിൽ താണുവണങ്ങി ഇവൾ അഭ്യർത്ഥിക്കുന്നു. അങ്ങ് ഇപ്പോൾതന്നെ അകത്തേയ്ക്ക് എഴുന്നള്ളിയേ തീരു. അപ്പോൾ പ്രതിജ്ഞാനുസാരം സുഗ്രീവൻ എന്തെല്ലാം സന്നാഹങ്ങൾ ചെയ്തിട്ടുണ്ടെന്ന് വഴിപോലെ മനസ്സിലാകും. അടിയൻ വഴികാണിക്കാം. അങ്ങ് കനിഞ്ഞരുളണം.

ലക്ഷ്മണൻ:—കനലിൽ മഞ്ഞുനീർകണങ്ങൾ വീണാലെന്നപോലെ ഭവതിയുടെ ശീതളവചസ്സുകൾ കൊണ്ട് എൻെറ കോപത്തിൻെറ തീക്ഷ്ണത തുലോം കുറഞ്ഞുപോയി എന്നു സമ്മതിക്കാതിരിപ്പാൻ നിവൃത്തിയില്ല. കാര്യബോധവും, നയകൌശലവും, മൃദുലശീലവും, വചോമാധുരിയും മററും വിചാരിച്ചാൽ ഭവതി സ്ത്രീജനനഭോമണ്ഡലത്തിൽ ദിവാനിശം പ്രശോഭിക്കുന്ന ഒരു താര തന്നെയാണ്. എന്നാൽ പോകതന്നെ. സത്യാർഹമായ സുഗ്രീവൻെറ സത്യപരിപാലനലക്ഷ്യങ്ങൾ കണ്ടറിയാമല്ലോ.

താര:—ഞാൻ അനുഗൃഹീതയായി. ഇതിലെ എഴുന്നള്ളണം. (എന്നു വഴി കാണിക്കുന്നു)...............

ഇതാ! തിരുമേനി തൃക്കൺപാക്കണം. നിസ്തുല്യ പരാക്രമികളും നിർഭരവീൎയ്യവാന്മാരുമായ എത്ര എത്ര മക്കടവീരന്മാരാണ് സംഹാരരുദ്രന്മാരെപ്പോലെ, അസഹിഷ്ണുതയോടുകൂടി ഓരോ ചാപല്യങ്ങളും കാണിച്ചുകൊണ്ടു നിൽക്കുന്നത്. അഷ്ടദിക്കുകളിലുമുള്ള വാനരസഹസ്രങ്ങളെ അങ്ങേയ്ക്കു പരിചയപ്പെടാം. (വാനരങ്ങളെ നോക്കി) സ്വാമി ശ്രീരാമചന്ദ്രാനുജനാണ് ഇദ്ദേഹം. യഥോചിതം വന്ദിച്ചാലും. (ലക്ഷ്മണനോട്) ഈ പൎവ്വതശരീരികൾ കാമരൂപികളാണ്. രാക്ഷസനിഗ്രഹം ഇവൎക്ക് നിസ്സാരമത്രേ. അടുത്ത് യൂഥമായി കാണുന്നത് ദേവാംശസംഭവന്മാരാണ്. ഇവർ ദേവാരിമഥനം അനുനിമിഷവും അക്ഷമരായി പ്രതീക്ഷിക്കുന്നവരാണ്. അതാ! അകലത്തായി വെവ്വേറെ തങ്ങളിൽ തല്ലിക്കൊണ്ടുനിൽക്കുന്ന സ്ഥൂലകായന്മാർ ഗജബലന്മാരാണെന്ന് മാരുതി പറകയുണ്ടായി. അവരുടെ അടുത്ത് രൂപവീക്ഷണങ്ങളോടുകൂടി മന്ദമന്ദം ഉലാത്തുന്നവർ സിംഹസദൃശന്മാരാണ്. ഇവർ തോൽവിയെന്നുള്ളതേ അറിയാത്തവരെന്നാണു കേൾക്കുന്നത്. ദേഹബലംകൊണ്ടെന്നപോലെ തന്നെ മനോബലംകൊണ്ടും ഇവരിൽ പലരും ആശ്ചൎയ്യചരിത്രന്മാരാണ്. സ്ഫടികപ്രഭയോടുകൂടി പ്രകാശിക്കുന്ന ഈ കപിസത്തമന്മാർ ത്രികാലജ്ഞാനമുള്ളവരെന്നു പറയപ്പെടുന്നു. മരങ്ങളിട്ടിളക്കിക്കൊണ്ട് കളികളിൽ ഏൎപ്പെട്ടിരിക്കുന്ന ഈ കനകശരീരികൾ യമനിയമാദികൾ ശീലിച്ചവരത്രേ. ദീൎഘപുച്ഛങ്ങളോടും ചുവന്ന കടക്കണ്ണുകളോടും കാണപ്പെടുന്ന ഈ

നീലാശ്മകാന്തിയുള്ള വാനരവീരന്മാർ ഗോളാന്തരങ്ങളിലുള്ള വൎത്തമാനങ്ങൾ പോലും വിചാരമാത്രയിൽ അറിയുന്നതിന്ന കഴിവുള്ളവരാണ്. അവരിൽ പലരും വിശിഷ്ടസ്വഭാവഗുണമുള്ളവരും ഋഷികളുമാണെന്നാണ് സുഗ്രീവൻ അംഗദന് ഒരിക്കൽ പറഞ്ഞുകൊടുത്തത്. ഉന്നതന്മാരും കൃശന്മാരുമായി കാണുന്ന ഇവർ ഒരു നാഴികയ്ക്കുള്ളിൽ നാലു കടൽ ചാടുന്നതിന്ന ശേഷിയുള്ളവരെന്നു തന്നെത്താൻ പറയുന്നു. ഇങ്ങനെ ഇവരെപ്പററി വിവരിക്കുന്നതായാൽ ഒരിക്കലും അവസാനം കാണുകയില്ല. ഇവരെല്ലാവരും അവിടുത്തെ ആജ്ഞാനുകാരികളായ ദാസന്മാരാണെന്ന് അറിയണം. എത്ര സഹസ്രം വാനരസൈന്യങ്ങൾ വന്നുചേൎന്നിട്ടുണ്ടെന്ന് സുഗ്രീവന് ഇതേവരെ തിട്ടപ്പെടുത്താൻ തന്നെ കഴിഞ്ഞിട്ടില്ല. ഇനിയും രണ്ടു ദിവസത്തിനകം ഇതിലും പരശതം സേനകൾ സജ്ജമാകുന്നതായിരിക്കും. സുഗ്രീവൻ കൈയേററ കാൎയ്യത്തിന് ഒരിക്കലും ഒരു മടക്കം സംഭവിക്കുമെന്നു വിചാരിക്കരുത്. അതാ! ഹനുമാൻ, ജാംബവാൻ, നളൻ, ശരഭൻ, സുഷേണൻ, തുംഗൻ, നീലൻ എന്നിവർ സേനകൾക്കു യുദ്ധരീതികൾ തിടുക്കത്തോടുകൂടി പരിചയിപ്പിച്ചുകൊണ്ടിരിക്കുന്നു. (തിരിഞ്ഞു നോക്കിയിട്ട്) ഇതാ അംഗദൻ വന്ന്, സുഗ്രീവൻ ഭടന്മാൎക്കു വ്യൂഹവിധികൾ അഭ്യസിപ്പിച്ചുകൊണ്ടിരിക്കുകയാണെന്നും, നിന്തിരുവടിയുടെ ആഗമനം ധരിച്ച് അതൊക്കെ മതിയാക്കി അദ്ദേഹം ഇപ്പോൾതന്നെ ഇവിടെ വന്ന് മുഖം കാണിക്കുന്നതായിരിക്കുമെന്നും അറിയിക്കുന്നു. അദ്ദേഹവുമൊ

ന്നിച്ച് ആ രഘുവീരസ്വാമിയുടെ മുമ്പാകെ ചെന്ന് വിവരങ്ങൾ ഉള്ളവണ്ണം ഉണൎത്തണമെന്ന് ഇവൎക്ക് ആഗ്രഹമുണ്ട്. തിരുമനസ്സുകൊണ്ടു കാൎയ്യം ഗ്രഹിക്കുമ്പോൾ എല്ലാം പൊരുത്തരുളാതിരിക്കയില്ല. ഇതാ ഹനുമാനും മററും രത്നപീഠാദികളോടുകൂടി അങ്ങയെ സൽക്കരിക്കുന്നതിന് ഉഴറേറാടുകൂടി വരുന്നുണ്ട്. ക്ഷണനേരമെങ്കിലും പീഠ വൎയ്യമലങ്കരിച്ചുകൊണ്ട് സേനാസന്നാഹങ്ങൾ തൃക്കൺ പാൎക്കുന്നതായാൽ ഞങ്ങൾക്കെല്ലാവൎക്കും ഒരാശ്വാസമുണ്ട്.

ലക്ഷ്മണൻ:—എന്നാൽ അങ്ങനെയാകട്ടെ! അടുത്ത ക്ഷണത്തിൽതന്നെ എനിക്കു സഹോദരസമീപം എത്തണം.

താര:—സുഗ്രീവനും ഹനുമാനും അംഗദനും അവിടുത്തെ അനുഗമിക്കും. ഒന്നിച്ചുപോയി വിവരങ്ങൾ ബോധിപ്പിക്കുന്നതാണ് ഉചിതം. ഇതാ ഹനുമാൻ എത്തിക്കഴിഞ്ഞു. നമുക്ക് അങ്ങോട്ടു പോകതന്നെ. (എന്ന് വഴി കാണിക്കുന്നു)

കചനും ദേവയാനിയും:—

കചൻ:—എന്താണ് ചന്ദ്രബിംബം മൂടൽമഞ്ഞിൽ അകപ്പെട്ട കാണുന്നതു്? ഇതേവരെ ഇങ്ങനെ ഒരു കാഴ്ച ഞാൻ കണ്ടിട്ടില്ലല്ലോ. എത്ര തവണ ഞാൻ യാത്ര ചോദിച്ചു. അനുവാദം തരാൻ ഇഷ്ടമില്ല, അല്ലേ? ദേവയാനിയുടെ ആശീർവാദം ഭാവിജീവിതം വിജയപൂർണ്ണമാക്കുന്നതിന് എനിക്ക് ഒരു അവലംബമായിരിക്കുമെന്ന് ഞാൻ വിശ്വസിച്ചിരുന്നു. ആ വിശ്വാസത്തെ പരിരക്ഷിക്കുന്നതിന് ഇപ്പോഴും വക കാണുന്നില്ലെന്ന് അറിയുന്നതിൽ എനിക്കു വലുതായ സങ്കടമുണ്ടു്.

ദേവയാനി:—മനോഹരമായ മുഖവും, മധുരമായ വാക്കും, നിഷ്ഠുരമായ ഹൃദയവും ജഗദീശൻ ഒന്നിച്ചു സൃഷ്ടിക്കുമെന്നു ഞാൻ ലേശം കരുതിയിരുന്നില്ല. സുരഗുരുവിന്റെ പുത്രനായ അവിടുത്തേക്ക് ഈ മനസ്ഥിതി ശോച്യവും ആക്ഷേപാർഹവുമത്രേ. ദിവ്യതേജസ്സോടുകൂടിയവർ ഈ വിധം വർത്തിക്കുന്നതായാൽ മോഹാന്ധകാരത്തിൽ പെട്ടു വലയുന്നവരുടെ കഥ എന്തു്? ഉദ്ദിഷ്ടകാര്യം നേടുന്നതു സാമർത്ഥ്യംതന്നെ. എന്നാൽ അതു ചതിപ്രയോഗം കൊണ്ടായാൽ സജ്ജനങ്ങൾക്ക് ആരും നിന്ദാപാത്രമായിത്തീരും. എന്റെ ഹൃദയതടത്തിൽ ചിരകാലമായി അവിടുത്തെ വാത്സല്യാമൃതം സേചനംചെയ്തു നട്ടു വളർത്തി വരുന്ന ആഗ്രഹവല്ലിയെ നിർദ്ദാക്ഷിണ്യമാകുന്ന വാളുകൊണ്ടു വെട്ടി എറിഞ്ഞിട്ടാണോ അങ്ങു പോകാൻ ഒരുങ്ങുന്നതു്?

ഇവളുടെ സങ്കടത്തിൻെറ സീമ കചൻ കാണുന്നുണ്ടോ? ഇനി ആരായിരിക്കും എനിക്കു് ആശ്രയം? എവിടെ ഞാൻ ആശ്വാസം കാണും? നാം കാനനങ്ങളിൽ കളിച്ചുനടന്ന കഥകളൊന്നും ഈ സന്ദർഭത്തിൽ ഓർമ്മിക്കുന്നില്ലേ? എന്നാൽ നൈഷ്ഠൂര്യത്തിൻെറ കാതൽകൊണ്ടായിരിക്കും കചൻെറ ചേതസ്സു തീർത്തിട്ടുള്ളതു്. ഞാൻ എത്ര തോഴികളെ അങ്ങോട്ടു പറഞ്ഞയച്ചു. എന്നിട്ടും യാത്ര പറവാൻ വന്നിരിക്കയാണോ? ഇതിൽ നിന്നും എന്റെ ശിരച്ഛേദം ചെയ്യേണ്ടതാണ്.

കചൻ:—ദേവയാനീ, ശുക്രാചാര്യരുടെ പുത്രിയായ നിനക്കു് ഇത്തരം ദുഃഖപാരവശ്യം യോജിച്ചതല്ല. വാസ്തവത്തിൽ എനിക്കു് ഈ വാക്കുകളുടെ സാരം നല്ലപോലെ മനസ്സിലാകുന്നില്ല. ആകപ്പാടെ ഭവതിയിൽ ഞാൻ വിപ്രതിപത്തി കാണിക്കുന്നു എന്നു ഭവതി ധരിച്ചിരിക്കുന്നതായി അർത്ഥമാക്കേണ്ടിയിരിക്കുന്നു. അങ്ങനെ വിചാരമുണ്ടെന്നു വരികിൽ അതുപോലെ അനാസ്പദമായി വേറെ ഒന്നുംതന്നെ ഇല്ല. എന്നു് എനിക്കു് ദേവയാനിയുമായി പരിചയപ്പെടുവാനുള്ള ഭാഗ്യം സിദ്ധിച്ചോ അന്നുമുതൽ എൻെറ കൂട്ടുകാരിയോടു സ്നേഹവും ബഹുമാനവും പ്രതിനിമിഷം വളർന്നുവരികയാണു്. അതിനു് ഈ ഘട്ടത്തിലും ഒരു ഭംഗവും ഭവിച്ചിട്ടില്ല. ഏതു നോക്കിയാലും ഭവതിയിൽ എനിക്കുള്ള വാത്സല്യാദരങ്ങൾക്കു് ഒരിക്കലും വൈകല്യം വരാൻ ഇടയില്ല. ദേവയാനിയുടെ അച്ഛനിൽനിന്നു് ഞാൻ മൃതസഞ്ജീവിനീവിദ്യ പഠിക്കുന്നതുവരെ ദേവ

യാനി എൻെറ നിത്യസഹചരിയായിരുന്നു എന്നു മാത്രമല്ല, എൻെറ പ്രാണദായിനിയുമാണെന്നുള്ള വസ്തുത ഞാൻ ആജീവനാന്തം വിസ്മരിക്കുന്നതല്ല. എന്നല്ല, ഭവതിയുടെ കാരുണ്യശീതളങ്ങളായ പെരുമാററങ്ങളെ ഞാൻ എന്നെന്നും സ്നേഹത്തോടും ഭക്തിയോടും കൃതജ്ഞതയോടും കരുതാതിരിക്കയില്ല. ഭവതിയോടു യാത്ര പറവാൻ എനിക്കും അളവറ്റ മനോവേദനയുണ്ട്. ജീവിതസ്വഭാവം ചിന്തിച്ച് ഞാൻ തന്നത്താൻ സമാധാനപ്പെടുന്നു എന്നേയുള്ളു. എൻെറ വാത്സല്യപാത്രത്തെ ഞാൻ അടിയ്ക്കടി വന്നുകാണാതിരിക്കയില്ല. ദേവയാനിയുടെ അനുഗ്രഹത്തെയാണ് ഞാൻ മൃതസഞ്ജീവിനിയിൽ നിന്നും ഏററവും വിലപ്പെട്ടതായി വിചാരിക്കുന്നതു്. എൻെറ ഈ മനോഭാവങ്ങൾ ഭവതി നല്ലവണ്ണം മനസ്സിലാക്കി എന്നെ ഇപ്പോൾ പോകാൻ അനുവദിക്കണം. എനിക്ക് ആശിസ്സരുളണം. അതിന് വീണ്ടും വീണ്ടും ഇതാ! ഞാൻ സഹൃദയം പ്രാത്ഥിച്ചുകൊള്ളുന്നു. എനിക്ക് കത്തവ്യങ്ങൾ പലതുണ്ടു്.

ദേവയാനി:—ഗുരുനന്ദനനായ അങ്ങയിൽ ഇങ്ങനെ വചോവിലാസം തികഞ്ഞു കാണുന്നതു് ഒട്ടും അത്ഭുതജനകമല്ല. അവിടത്തെ സ്ഥിതിഗതികൾക്കിണങ്ങുംവണ്ണം, പറയുന്നതുപോലെ പ്രവത്തിക്കുന്നില്ലെന്നുള്ളതു് അത്യന്തം നിന്ദ്യമാണ്. അങ്ങ് അനല്പമായ വാത്സല്യമുള്ളവനാണെന്നും കത്തവ്യത്തിൽ ബഹുമാനമുള്ളവനാണെന്നും വത്തമാനത്തിൽ നിന്ന് ആരും മനസ്സിലാക്കുമെന്നു തോന്നുന്നു.

രണ്ടും പ്രവൃത്തിരൂപത്തിൽ കാണാത്തതു് എത്ര കഷ്ടം! ചിരകാലമായി അങ്ങയെ പ്രാണാധിക പ്രിയനെന്നു കരുതിക്കൊണ്ടു് അനന്യശരണയായി പ്രേമപ്രസക്തയായി ജീവിതം നയിക്കുന്ന ഇവളെ അങ്ങു് ഇപ്പോൾ ഉപേക്ഷിച്ചിട്ടു പോകുന്നതു് സ്നേഹമുള്ളവന്റേയും കർത്തവ്യബോധമുള്ളവന്റേയും കൃത്യമാണോ? പ്രേമധർമ്മങ്ങളുടെ മർമ്മം ഗ്രഹിച്ചവനാണെന്നു് ഇതേവരെ ഞാൻ അങ്ങയെ ധരിച്ചിരുന്നു. അതു് ഒരു കിനാവിലെ ധാരണയാണെന്നു് ഇപ്പോഴേ എനിക്കു് അറിയാൻ സാധിച്ചുള്ളു. ഈ വഞ്ചനയുടെ ലാഞ്ഛനകൾ വല്ലതും ഞാൻ അന്നു കണ്ടിരുന്നു എങ്കിൽ ഈശ്വരനെപ്പോലും മറന്നു് അങ്ങയെ സ്നേഹിക്കയില്ലായിരുന്നു. വെറുതെ ഒരു ജീവിതത്തെ ഇവൾ പാഴാക്കി. ദൈവത്തെ മറന്നതിന്റെ ഫലമായിരിക്കും ഇവൾ അനുഭവിക്കുന്നതു്. അവിടുത്തേയ്ക്കു പ്രാണദാനം ചെയ്തവളാണു് ഈ ഹതഭാഗ്യ എന്നെങ്കിലും ഓർമ്മിച്ചു് അവിടുന്നു് എന്നെ സ്വീകരിക്കുന്നില്ലല്ലോ? മംഗലാത്മൻ! അവിടുത്തെ ഭാര്യാപദം എനിക്കു ലഭ്യമല്ലെങ്കിൽ ജീവിതത്യാഗമാണു ഞാൻ കൊതിക്കുന്നതു് എന്നു മാത്രം ഇവിടെ അറിയിച്ചുകൊള്ളുന്നു. അങ്ങു് സ്വീകരിച്ചാലും ശരി, ധിക്കരിച്ചാലും ശരി.

കചൻ:—ദേവയാനീ, നാം വിവേകമില്ലാതെ വികാരങ്ങൾക്കു് അടിമപ്പെട്ടു് ദുഃഖങ്ങളെ വലിച്ചുവയ്ക്കരുതു്. എല്ലാ പുരുഷാർത്ഥങ്ങളും ഒന്നുപോലെ മാന്യങ്ങളാണെന്നു കരുതണം. ഒന്നിന്റെ സാദ്ധ്യത്തിനു

വേണ്ടി മററുള്ളവയെ ത്യജിക്കരുതു്. സകല പുരുഷാത്ഥങ്ങൾക്കും ആശ്രയം ധമ്മമാണെന്നു ധരിക്കണം. ഒരു ഭാൎയ്യയോടുള്ളതിൽ നിന്നു് എത്രയോ ഗാഢവും നിൎഭരവുമായ സ്നേഹം എനിക്കു ദേവയാനിയോടുണ്ടെന്നു് ഞാൻ ഈ ഗുരുഗൃഹത്തിൽ വച്ചു് ഒരു കാപട്യവും കൂടാതെ സമ്മതിക്കുന്നു. ഭവതിയെ പത്നീസ്ഥാനത്തിൽ വരിക്കുവാൻ ഒരു നീതിയും അനുവദിക്കയില്ലെന്നു് അറിയണം. ഒന്നാമതു് ഗുരുപുത്രിയാണു്. രണ്ടാമതു് എൻെറ പ്രാണദായിനി എന്ന നിലയിൽ മാതൃസമാനയത്രേ. പിതാവിൻെറ ജഠരത്തിൽനിന്നു് എനിയ്ക്കു് ഉത്ഭവിപ്പാൻ സംഗതിയായി എന്നുള്ളതു വിചാരിക്കുമ്പോൾ ഭവതി സഹോദരിയായിത്തീരുന്നു. നാം ശുക്രമഹഷിയേയും ധമ്മത്തേയും ദൈവത്തേയും സ്മരിക്കണം. കാൎയ്യവേദിനിയായ ഭവതി മനശ്ചാഞ്ചല്യങ്ങൾക്കു് ഇടകൊടുക്കാതെ സ്വസ്ഥചിത്തയായി സ്ത്രീജനമാതൃകയായി വസിച്ചാലും. ഞാൻ പോയ്വരട്ടെ!

ദേവയാനി:—പ്രേമമാഹാത്മ്യങ്ങൾ വേണ്ടവണ്ണം അറിയുന്ന അവിടുന്നുകൂടി ഇപ്രകാരം കുനയങ്ങൾക്കിട കൊടുക്കുന്നതു് ശോചനീയവും ക്രൂരവുമാണു്. അവിടുത്തെ ആഗ്രഹംതന്നെ സാധിക്കട്ടെ! അവിടുന്നു തന്നെ ചരിതാത്ഥനാകട്ടെ! അങ്ങയുടെ ചതിയും നൈഷ്ഠൂൎയ്യവും ലോകമുള്ള കാലംവരെ നിലനില്ക്കുകതന്നെ ചെയ്യും..............(പെട്ടെന്നു് കോപാരുണയായി) വിശ്വസിച്ചവളെ വഞ്ചിച്ചു് ഒരു രാക്ഷസനെപ്പോലെ അങ്ങു കൈക്കലാക്കിയ വിദ്യ

ഒരിക്കലും ഫലിക്കാതെയാകട്ടെ! ഇതു് അസുരഗുരുവിന്റെ പുത്രിയായ ദേവയാനിയുടെ ശാപമെന്നു് ഓൎമ്മിച്ചുകൊള്ളണം. പോയ്വരണം. നമുക്കു് യഥോചിതം കണ്ടുകൊള്ളാം.

കചൻ:—ഭവതിയുടെ അനുഗ്രഹവും ശാപവും ഞാൻ ഒന്നുപോലെ ഏറ്റുകൊള്ളുന്നു. എൻെറ ധൎമ്മപ്രതിപത്തി എന്നെ രക്ഷിച്ചുകൊള്ളും. എന്നാൽ ആകട്ടെ! ഭവതിയ്ക്കു് ഭാവി മംഗളങ്ങൾ ഭവിക്കട്ടെ. (എന്നു വിട വാങ്ങുന്നു)

ശത്രുഘ്നനും പരശുരാമനും:—

പരശുരാമൻ:—ഞാൻ ഈ രാഘവനോടല്ലേ ചോദിച്ചതു്? നിനക്കു് ഉത്തരം പറയാൻ കാര്യമെന്തു്?

ശത്രുഘ്നൻ:—കാര്യമില്ലാതെ ഞാൻ ആരോടും സംസാരിക്കാറില്ല. അങ്ങേ ധിക്കാരത്തിന് ജ്യേഷ്ഠൻ മറുപടി പറഞ്ഞാൽ ഒക്കുകയില്ലെന്നു കരുതിയാണു് ഞാൻ തന്നെ അതിന്നു് ഒരുങ്ങിയതു്.

ദശരഥൻ:—(ഇടയ്ക്കു വന്നു് പരിഭ്രമത്തോടെ) ഉണ്ണി, ശത്രുഘ്ന, ശാന്തത കൈക്കൊണ്ടാലും. എതിരാളി ആരാണെന്നു് ഓർമ്മിക്കാതെ മത്സരിക്കുന്നതു് ആർക്കും ഒരിക്കലും വിഹിതമല്ല. ഇദ്ദേഹം സംഹാരമൂർത്തിയുടെ ശിഷ്യനാണെന്നും അജയ്യനായ യുദ്ധവീരനാണെന്നും കുട്ടി കേട്ടിട്ടില്ലേ? അടുത്തു വരൂ. ഞാൻ ഉപദേശിക്കുന്നതു കേട്ടാലും! ഇതാ ഈ കൊച്ചുജാനകി കാറേറ്റ കടമ്പുപോലെ ഭയംകൊണ്ടു വിറയ്ക്കുന്നതു കാണുന്നില്ലേ? സന്ദർഭം വിചാരിച്ചെങ്കിലും കോപം അടക്കാൻ നോക്കണം. സ്വയംവരാനന്തരമുള്ള ഈ യാത്രയിൽ വല്ലതും അമംഗലം വന്നുപോയാൽ ഒരിക്കലും നമുക്കു സ്വാസ്ഥ്യത്തിനു വകയില്ല. ജനകമഹാരാജാവിൻെറ പരിലാളനങ്ങളാൽ സീതയ്ക്കു് ഇതേവരെ ക്ലേശകണികപോലും പരിചിതമല്ലെന്നു നിരൂപിക്കണം. ഞാനും നമ്മുടെ കുലഗുരുവും വേണ്ടതു ചെയ്തുകൊള്ളാം. ക്ഷണനേരം ക്ഷമയോടെ വത്സൻ ഒന്നു പിന്നിൽ മാറി നിന്നുകൊള്ളൂ.

ശത്രുഘ്നൻ:—അച്ഛനു നമസ്കാരം! എനിക്കു പരിതസ്ഥിതികൾ നല്ലപോലെ അറിയാം. അവിടുത്തേയും

ആചാൎയ്യന്റേയും വിനയമധുരങ്ങളായ വാക്കുകൾക്ക് ഇദ്ദേഹം കീഴ്പെടുന്നവനാണെന്ന് എനിക്കു തോന്നുന്നില്ല. ഇദ്ദേഹത്തിൻെറ വേഷംതന്നെ നോക്കണം. ചന്ദനമരത്തിൽ പാമ്പു ചുററിയതുപോലെ മാററത്തു പൂണുനൂലും കൈയിൽ വില്ലുമമ്പും. കണ്ട നിമിഷത്തിൽ അച്ഛൻ അൎഘ്യം അൎഘ്യം എന്ന് ഉഴറേറാടുകൂടി ആജ്ഞാപിക്കുന്നതൊന്നും കേൾക്കാതെ തീക്കനൽ ചിതറുന്ന ദൃഷ്ടികൾ ഈ കാലസ്വരൂപൻ അഗ്രജനിൽ പതിപ്പിക്കുന്നതു കാണുന്നില്ലേ? ഇതിന്ന് ഒരു അമൎച്ച ഈ മാത്രയിൽ തന്നെ വരുത്തിയിട്ടേ ഞാൻ പിന്മാറുകയുള്ളൂ. നിങ്ങൾക്കാൎക്കും ഒരസുഖവും സംഭവിക്കയില്ല. വെട്ടാൻ വരുന്ന പോത്തിനോട് ആരു വേദമോതും? എല്ലാവരും സ്വല്പം മിണ്ടാതിരിപ്പിൻ. ശേഷം സാവകാശം. പറഞ്ഞുകൊള്ളാം. (പരശുരാമന്റെ നേൎക്കു തിരിഞ്ഞുകൊണ്ട്) ഈ ഭാവഭേദങ്ങൾ കണ്ടു പേടിക്കുന്ന കൂട്ടരല്ല ഇവർ എന്നു കരുതിക്കൊള്ളണം. എന്നല്ല വഴിയേ പോകുന്ന വിനയെ വെറുതെ വലിച്ചുവയ്ക്കുയാണെന്നും ധരിക്കണം. അവിടുത്തെ വീക്ഷണാസ്ത്രങ്ങൾ വൈദേഹീവല്ലഭനായ ആൎയ്യപുത്രനിൽ പെട്ടെന്നു പതിപ്പിച്ചിട്ട് ആവശ്യമില്ല. ഞാൻ അവരജനാണ്. ആദ്യം ഇവൻെറ നേൎക്കു തന്നെയാകട്ടെ! ഈ ചീററലുകളും നീററലുകളും നിറുത്തണം. ആവശ്യമുള്ളതറിയിച്ചാൽ മതി.

പരശുരാമൻ:—(കോപാധിക്യത്തോടുകൂടി പല്ലും കടിച്ചുകൊണ്ട്) എടാ മൎയ്യാദ കെട്ട സാഹസിക, നിനക്കു നാശകാലം ആസന്നമെന്നേ പറവാനുള്ളൂ. ആരാണു മുൻപിൽ നില്ക്കുന്നതെന്നു നല്ലപോലെ ആലോ

ചിച്ചു സംസാരിക്കണം. ക്ഷത്രിയരക്തക്കയത്തിൽ ഇരുപത്തിയൊന്നുവട്ടം നമ്മുടെ ഖഡ്ഗം നീരാടിയിട്ടുണ്ടെന്നുള്ളതു് ലോകപ്രസിദ്ധമായിരിക്കേ മശകപ്രായനായ നിൻെറ ധിക്കാരം എത്രയും ശോച്യമത്രേ. ഭുവനത്രയവും ഭസ്മീകരിക്കുന്നതിന് എൻെറ ഒററ ബാണപ്രയോഗം മതിയാകുമെന്ന് ഓമ്മിക്കണം.

ശത്രുഘ്നൻ:—ഔദ്ധത്യത്തിൻേറയും അഹങ്കാരത്തിൻേറയും ഔന്നത്യത്തിന് അങ്ങ് ഒരു നല്ല അളവുകോലായി കാണുന്നുണ്ട്. ക്ഷത്രിയസംഹാരത്തിനാണോ കച്ച കെട്ടി ഇറങ്ങിയിരിക്കുന്നതു്? അതോ രാമദേവദഹനത്തിനോ?

പരശുരാമൻ:—ചുണയുള്ളവർ ചോദിച്ചിരുന്നെങ്കിൽ ഇതിനുത്തരം നമ്മുടെ ഞാണൊലി പറഞ്ഞുകേൾപ്പിക്കുമായിരുന്നു. നിന്നോടു വാഗ്വാദത്തിനു തുനിയുന്നതുതന്നെ നമുക്ക് ഏററവും ലജ്ജാകരമത്രേ. ക്ഷത്രിയർ—രാമദേവൻ—ഇക്ഷണം ചാമ്പലെന്നോൎത്തുകൊള്ളണം. ഏതു രാമൻ—ഏതു ദേവൻ? ഭാൎഗ്ഗവരാമനായ ഈ നമ്മെപ്പററിയല്ലാതെ ഒരു രാമശബ്ദം ഉച്ചരിക്കാൻ ധൈൎയ്യപ്പെടുന്നവരുണ്ടോ? അധികം സംസാരിക്കാതെ ജീവനിൽ കൊതിയുണ്ടെന്നു വരികിൽ അച്ഛൻെറ പിൻഭാഗം അഭയം പ്രാപിക്കുന്നതാണുത്തമം. കുറുനരി ഓരിയിടുമ്പോൾ എതിർനാദം പുറപ്പെടുവിക്കുന്നതു് മൃഗേന്ദ്രന് ഉചിതമല്ലല്ലോ.

ശത്രുഘ്നൻ:—ഇത്തരം വീരവാദങ്ങൾകൊണ്ട് ഒരു ഫലവുമില്ല. പത്നീസമേതനായ ശ്രീരാമദേവന് മാൎഗ്ഗമദ്ധ്യേ കാൎയ്യമില്ലാത്ത കാലവിളംബനം ഒട്ടും ക്ഷന്ത

വ്യമല്ല. സ്വന്തം പ്രസ്താവന കൂടാതെതന്നെ താങ്കളുടെ കാഴ്ച, കുലനാമാദികരം പ്രസ്പഷ്ടമാക്കിത്തന്നിട്ടുണ്ട്. അല്ലെങ്കിൽ സൂര്യവംശജരായ ഞങ്ങരം തിരിഞ്ഞുനോക്കുകപോലും ചെയ്യയില്ലായിരുന്നു. യുദ്ധത്തിന്ന കാംക്ഷയുണ്ടെങ്കിൽ തയ്യാറായിക്കൊള്ളാം. (എന്ന് നിശ്ചലം വില്ലു കുലയ്ക്കുന്നു)

പരശുരാമൻ:—ഏററവും അഭിമാനക്ഷയത്തിന് ഇടയാകുമെന്നുള്ളതിനാൽ നാം നിന്നോട്ട് ഇടയുന്നില്ല. നിൻെറ രാമദേവനെ ഇങ്ങോട്ടു നമുക്കെതിരായി നിറുത്തുക. അപ്പോരം ഏതാണ്ട് നിനക്ക് നമ്മുടെ യുദ്ധവൈദഗ്ദ്ധ്യം മനസ്സിലാക്കാം. ഒരു മൂലയിൽ ചെത്തുപൊടിഞ്ഞു കിടന്നിരുന്ന ശൈവചാപവും ഭഞ്ജിച്ച് ജനകൻെറ വളത്തുപുത്രിയെ പാണിഗ്രഹണം ചെയ്തതുപോലെ സമരം അനായാസം എന്നായിരിക്കും വിചാരം. നാലുപാടും പ്രഭാപടലങ്ങരം ചിതറിക്കൊണ്ട് നമ്മുടെ കരദണ്ഡത്തിൽ തിളങ്ങുന്ന ഈ ബാണാസനം വൈഷ്ണവമായ ഒന്നാണ്. ഇതിനെ കുലയ്ക്കുന്നതിന് നിൻെറ ആയ്യപുത്രൻ ശക്തനാകുമെങ്കിൽ നമുക്ക് ഒന്നു പൊരുതി നോക്കാം. കഴിവില്ലെന്നു കാണുന്ന പക്ഷം ആ നിമേഷത്തിൽ നാം നിങ്ങളെ നാമാവശേഷരാക്കും. എവിടെ ആ രാമൻ? ഗുരുവിൻെറ പിറകിൽ ഒളിച്ചു നില്ക്കുകയാണോ?

ശത്രുഘ്നൻ:—ഒളിച്ചുനില്ക്കാതെ ആ വീരാഗ്രണിക്കു ഗത്യന്തരം ഇല്ലെന്നാണു തോന്നുന്നത്. ആത്മശ്ലാഘകളും ധിക്കാരങ്ങളും ഗർവ്വങ്ങളും ഒരുവിധമുള്ളതെല്ലാം

മാന്യന്മാർ പണിപ്പെട്ടും സഹിച്ചുകൊള്ളും. അഗ്രജൻെറ മുഖം ഇത്രത്തോളം ഒരിക്കലും ലജ്ജാവനമ്രമായിട്ടില്ല.

പരശുരാമൻ:—ശരിയായിരിക്കാം. അതിനു തക്ക കാരണമുണ്ട്. നവോഢയുടെ മുമ്പിൽ വച്ച് പരാജയമേല്ക്കുന്നതിൽ ആൎക്കും ഹ്രീപാരവശ്യം പിണയാതിരിക്കയില്ല.

ശത്രുഘ്നൻ:—അവിവേകവും കൌടില്യവും പലപ്പോഴും കൂട്ടുകാരായിരിക്കും. അതിനാൽ ഈ ഊഹങ്ങൾ അനാസ്പദങ്ങളല്ല. ദാശരഥിയുടെ വീരപരാക്രമങ്ങൾ അവിടുത്തെ ശ്രുതിപഥത്തിൽ ഇതേവരെ എത്തിയിട്ടില്ലായിരിക്കും. വല്ല ഗുഹകളിലും ചെന്ന് സ്വാൎത്ഥസിദ്ധിക്കായി കണ്ണുമടച്ചിരുന്നാൽ ലോകവാൎത്തകൾ ധരിക്കാൻ സാധിക്കയില്ല. ശൈവചാപത്തിന്റെ കഥയും തീരെ അറിവില്ലായിരിക്കും. ഗൌരവഹാനിയെ ഭയന്ന് ഇത്തരം ഒരു പ്രതിനായകനോട്ട് ആൎയ്യപുത്രൻ എതിൎത്തു നില്ക്കുമോ എന്നുള്ളതു് എനിക്കു് എത്രയും സംശയമായിരിക്കുന്നു.

പരശുരാമൻ:—ഭാഗ്യാതിരേകത്താൽ നിന്റെ പ്രായം നിനക്കു് ഒരു രക്ഷാകവചമായിത്തീൎന്നു. നമ്മുടെ ലോകപരിചയം പൌരുഷമുള്ളവർ ഗ്രഹിച്ചുകൊള്ളും. ശൈവചാപത്തെ അതിന്റെ അഭഗ്നാവസ്ഥയിൽ നിൻെറ രാമദേവൻ സകുടുംബം ഉദ്യമിച്ചാലും ലേശം അനക്കുവാൻപോലും സാധിക്കയില്ലായിരുന്നു. ഇപ്പോൾ അതിനു ഗണ്യമായ കേടു പററിയിട്ടുള്ളതു് വിശ്വവിദിതമായ സംഗതിയാണു്. കട

യിളകിയ വന്മരങ്ങളെ എത്ര തൈതെന്നല്ലുകൾ തള്ളിയിടുന്നു. വിദേഹപുരിയിൽ വച്ചു നടന്ന ചാപഭഞ്ജനത്തെ അതിലും ഗർഹണീയമായി മഹാജനങ്ങൾ അധിക്ഷേപിക്കുന്നതു് നിങ്ങളുടെ കൎണ്ണപുടങ്ങളിൽ എത്തിയിട്ടില്ലായിരിക്കാം. അയോദ്ധ്യാപതിയെ കരുതി നാം അതെല്ലാം ഇവിടെ പ്രസ്താവിക്കുന്നില്ല. ഇതാ ഈ വില്ലു നാം നൽകുന്നുണ്ടു്. നിങ്ങളുടെ ശക്തി കാണട്ടെ! ഒന്നു കുലച്ചുനോക്കിൻ.

ശത്രുഘ്നൻ:—കഷ്ടം! അസ്ഥാനസ്ഥമാകയാൽ ഒരു നല്ല വില്ലിനു നഷ്ടം നേരിടുവാനാണു പോകുന്നതു്. നൊടിയിടകൊണ്ടു് എന്റെ നാമം അനൎത്ഥമെന്നു ഞാൻ മനസ്സിലാക്കിത്തരാം. (എന്നു വില്ലു വാങ്ങിക്കാൻ ഒരുമ്പെടുന്നു)

ശ്രീരാമൻ:—(പെട്ടെന്നു മുമ്പിൽ പ്രവേശിച്ചു്) വത്സാ, അച്ഛൻ ആജ്ഞാപിച്ചിട്ടും നീ കോപം കളയുന്നില്ലല്ലൊ. ജാമദഗ്ന്യനെന്നു ജഗത്തിലെല്ലാം കീൎത്തി പുലൎത്തിയിരിക്കുന്ന പൂജ്യപാദനോടുള്ള നിൻെറ പെരുമാററം ഒട്ടും അനുയോജ്യമല്ല. അഭൌമമായ തേജസ്സു മൂൎത്തിയെടുത്തിരിക്കയാണെന്നു് ഇദ്ദേഹത്തെ കാണുന്ന മാത്രയിലേ ആൎക്കും ബോദ്ധ്യം വരും. ഒരിക്കലും നീ അകൃത്യത്തിനു് ആരംഭിക്കരുതു്. തൽദത്തമായ ശരാസനം ഞാൻ സാദരം സ്വീകരിച്ചു കുലച്ചുനോക്കാം. അദ്ദേഹം എന്നോടല്ലേ ആവശ്യപ്പെട്ടതും.

ശത്രുഘ്നൻ:—എന്നാൽ അങ്ങനെ ആകാം. ആൎയ്യപുത്രന് അഹിതമായി ഞാൻ വൎത്തിക്കയില്ല. ഇദ്ദേഹത്തിന്റെ തേജോഭംഗം ഞാൻ പ്രത്യക്ഷത്തിൽ കാണണമെന്നും ആഗ്രഹിക്കുന്നില്ല. അതിനാൽ ഒന്ന് അകന്നു നിന്നുകൊള്ളാം. (എന്ന് അല്പം പിന്മാറിപ്പോകുന്നു)

ചിത്രാംഗദയും സഖിയും:—

സഖി:—(പുഞ്ചിരിയോടെ) സ്വാമിനി, ഇന്നു് എൻെറ കണ്ണുകൾ സാഫല്യമടഞ്ഞു. എന്നും ഈ വേഷത്തിൽ കണ്ടെങ്കിൽ എത്ര ഭംഗിയായിരിക്കും. താരാവലികളോടും ചന്ദ്രരശ്മികളോടും പ്രകാശിക്കേണ്ട രജനിക്കു സൂര്യകിരണങ്ങൾ എങ്ങനെ യോജിക്കും? കരതാരുകൾക്കു സദാ വേദന നൽകിക്കൊണ്ടിരുന്ന അമ്പും വില്ലുമൊക്കെ ഇന്നു് എവിടെപ്പോയി? അവയ്ക്കു പകരം ഇതാ! ഈ വളകളും മോതിരങ്ങളും എന്തു മനോജ്ഞമായിരിക്കുന്നു. ഇപ്പോഴത്തെ ശോഭയെപ്പററി എനിയ്ക്കൊന്നു പുകഴ്ത്തിപ്പാടിയാൽ കൊള്ളാമെന്നുണ്ടു്. ഒരു പൊൻവല്ലി പൂവും തളിരും ഏന്തിക്കൊണ്ടു നിന്നാലും ഇത്ര കാന്തി ചിന്തുമെന്നു് എനിക്കു തോന്നുന്നില്ല. കാലുറകളും കുപ്പായങ്ങളുമൊക്കെ കളഞ്ഞു് ഈ പട്ടുസാരി ചാർത്തിയപ്പോൾ അവിടുത്തെ തിരുമേനി എന്തൊരു് അസാമാന്യ വിലാസമാണു വഹിക്കുന്നതു്! എനിക്കു് ഇങ്ങനെ ഭവതിയെ കണ്ടിട്ടു് കാററത്തിളകുന്ന ചെന്താർദളങ്ങളോടു കൂടിയ പമ്പാനദി ഓർമ്മ വരുന്നു. കേശപാശങ്ങൾ തന്നത്താൻ ഇങ്ങനെ പിന്നി ക്ലേശം വഹിച്ചതെന്തിനു്? എന്നോടു് ഒന്നു പറഞ്ഞിരുന്നെങ്കിൽ അതിരമണീയമായി പിന്നി പൂക്കളും വച്ചു് അലങ്കരിച്ചു തരുമായിരുന്നല്ലോ. നമ്മുടെ ഉപവനത്തിലുള്ള കുസുമവിശേഷങ്ങൾ സ്വസൗകുമാര്യത്തിനും സൗരഭ്യത്തിനും അനുയോജ്യമായ ഉത്തമസ്ഥാനലബ്ധിയാൽ ചാരിതാർത്ഥ്യമിയ

ലുകയും ചെയ്യുമായിരുന്നു.................എന്താണു് മുഖാബ്ജം മ്ലാനമായി കാണുന്നതു്? എന്റെ വാക്കുകൾ പക്ഷെ രസിക്കുന്നില്ലെന്നു വരുമോ? എന്നാൽ ഞാൻ മൗനമവലംബിച്ചേക്കാം. (ആത്മഗതം) കഷ്ടം! ഒരിടത്തും സമ്പൂർണ്ണസൗഭാഗ്യം കണ്ടു രസിക്കാൻ ഈശ്വരൻ ഒരിക്കലും അനുവദിക്കയില്ലെന്നോ? ചന്ദ്രനിൽ കളങ്കമിയറ്റിയവനല്ലേ? പിന്നെ, അങ്ങനെയല്ലാതെ വരാൻ തരമുണ്ടോ?

ചിത്രാംഗദ:—സഖി, നിന്റെ നിഷ്കളങ്കമായ വാത്സല്യാദരങ്ങൾക്കു് ഞാൻ എന്നെന്നും കൃതജ്ഞതയുള്ളവളായിരിക്കുന്നു. എന്നിൽ മുഖവൈവർണ്ണ്യം കാണുന്നതായിരുന്നാൽ അതിനു് ഒരിക്കലും സഖിയുടെ വാക്കുകൾ ഉത്തരവാദികളല്ല. സഖിക്കു് അങ്ങനെ ഒരു തെററിദ്ധാരണയ്ക്കു ഇടവരുത്തിയതു് എന്റെ ഭാഗ്യവിഹീനത മാത്രമാണു്. ജനനം മുതൽക്കേ പരിചിതമല്ലാത്ത ഈ സ്ത്രീവേഷം അച്ഛന്റെ ദേഷവും വകവയ്ക്കാതെ ഞാൻ ഇന്നു നിർബ്ബന്ധം സ്വീകരിക്കയാണു ചെയ്തതു്. ഇതു സഖിയെപ്പോലും അറിയിക്കാത്തതിൽ എനിക്കു വലുതായ വൈമനസ്യമുണ്ടു്. അതു് ഒന്നു ക്ഷമിച്ചുകൊള്ളണമെന്നു് അപേക്ഷിക്കാതെ ഗത്യന്തരമില്ല. ഞാൻ അതിനു നിർബന്ധിതയായിപ്പോയി എന്നു പറഞ്ഞാൽ മതിയല്ലോ. എന്നിട്ടോ, എന്റെ ശ്രമംകൊണ്ടു് എന്തു ഫലമാണുണ്ടായതു്? ഒന്നുമില്ലതന്നെ. അച്ഛന്റെയും സഖിയുടെയും അനിഷ്ടം സമ്പാദിച്ചതേ മിച്ചമുള്ളു. (എന്നു വസ്ത്രാഞ്ചലംകൊണ്ടു കണ്ണീർ തുടയ്ക്കുന്നു)

സഖി:—സ്വാമിനി, എന്റെ പ്രിയപ്പെട്ട സ്വാമിനി, ഇവൾക്കു സംഗതികൾ ഒന്നും മനസ്സിലാകുന്നില്ലല്ലോ. ഇവളിൽ ഒന്നു തിരുവുള്ളലിഞ്ഞു് അവിടുത്തെ അസ്വാസ്ഥ്യവൃത്താന്തങ്ങൾ ഏതൊന്നും ഒളിച്ചുവയ്ക്കാതെ ഈ നിമിഷംതന്നെ ഇവളെ അറിയിച്ചു തരണമെന്നു് ഇരന്നുകൊള്ളുന്നു. ജീവനെപ്പോലും ഗണ്യമാക്കാതെ ഞാൻ അവിടുത്തെ ദുഃഖനിവാരണത്തിനു് ഇക്ഷണം മുതൽ ഉദ്യമിച്ചുകൊള്ളാം. സ്വാമിനി പറഞ്ഞാലും, വേഗം പറഞ്ഞാലും. ലജ്ജാവിവശത കൊണ്ടു കാര്യം മറച്ചുവച്ചാൽ ഇവളുടെ ഹൃദയം തകരുകയേയുള്ളു.

ചിത്രാംഗദ:—സഖി, നിന്നെ ഞാൻ ലേശവും വേദനിപ്പിക്കയില്ല. കാര്യങ്ങൾ ഉള്ളവണ്ണം പ്രസ്താവിച്ചേക്കാം. ലജ്ജയൊക്കെ സൌഭാഗ്യസങ്കേതങ്ങളായ തരുണീരത്നങ്ങൾക്കല്ലേ വേണ്ടൂ. നിത്യപരിചയംകൊണ്ടു് പൌരുഷം തികഞ്ഞിരിക്കുന്ന ഈ ദുർഭഗയ്ക്കാകട്ടേ അതു് ഉണ്ടെന്നു പറവാൻതന്നെ ലജ്ജ തോന്നുന്നു. സഖി! എന്റെ വികൃതികൾ, എന്റെ ചാഞ്ചല്യങ്ങൾ നീ വെളിക്കു വിടരുതേ. ഇവൾ ഇന്നു് പതിവുപോലെയുള്ള രാജകുമാരവേഷവുമണിഞ്ഞുകൊണ്ടു് പൂർണ്ണാനദീതീരത്തുള്ള ഒരു വനപ്രദേശത്തു് മൃഗയാവിനോദാർത്ഥം തനിയേ കുതിരസവാരി ചെയ്കയായിരുന്നു. മനോഹരങ്ങളായ പൂക്കളും തളിരുകളും നിറഞ്ഞ വള്ളികൾ പന്തലിട്ടു വിതാനിച്ചിരുന്ന ഒരു വളഞ്ഞ വഴിയിൽക്കൂടി ഞാൻ ഒട്ടധികം സഞ്ചരിച്ചു. ചില കുരുവികളും കുയിലുകളും കുളുർനാദങ്ങൾ പുറപ്പെടുവിച്ചു

കൊണ്ടിരുന്നു. ഈ മൂഢയാകട്ടെ അവയെ അമൃതസ്യന്ദികളായ സ്വാഗതോക്തികളായി ഗണിച്ചു. ഇപ്പോൾ എനിക്കു മനസ്സിലാകുന്നുണ്ട്, ആ പക്ഷികൾ എനിക്ക് ആസന്നമായിരുന്ന പരാജയമോൎത്തു് എന്നെ ആക്ഷേപിക്കയായിരുന്നു എന്നു്. സഖി, ഞാൻ കുതിരയെ എത്രയും വേഗം ഓടിച്ചുകൊണ്ടു പോകുമ്പോൾ എൻെറ മുമ്പിലായി ഒരു പുൽപ്പരപ്പിൽ..............(എന്നു വിരമിക്കാൻ നോക്കുന്നു)

സഖി:—കേൾക്കട്ടെ, ഇവൾ മുഴുവനും കേട്ടുകൊള്ളട്ടെ.

ചിത്രാംഗദ:—ഒരു പുരുഷാഗ്രിമൻ കിടന്നുറങ്ങുന്നതു കാണായി. ഞാൻ പെട്ടെന്നു കുതിരയെ നിറുത്തിക്കൊണ്ടു് സഗൗരവം അദ്ദേഹത്തോടു വഴിയിൽനിന്നു മാറിക്കൊള്ളാൻ ഉറക്കെ വിളിച്ചു പറഞ്ഞു. എന്നാൽ ഖുരപുടങ്ങളുടെ ശബ്ദംകൊണ്ടോ എൻെറ ശബ്ദംകൊണ്ടോ അദ്ദേഹത്തിൻെറ ഉറക്കത്തിന് അല്പവും വിഘാതമേൎപ്പെട്ടില്ല. ഞാനാകട്ടെ കോപാതിരേകത്താൽ ഉടൻതന്നെ കുതിരയിൽനിന്നും ഇറങ്ങി ആവനാഴിയിൽനിന്നു് ഒരു അമ്പു വലിച്ചൂരി അതിൻെറ മുനകൊണ്ടു് അദ്ദേഹത്തിൻെറ കാലിൽ പുച്ഛഭാവത്തിൽ ഒരു കുത്തു കൊടുക്കുകയുണ്ടായി. സഖി, എനിക്കു് ഇപ്പോഴും വിചാരിക്കുമ്പോൾ രോമാഞ്ചമുണ്ടാകുന്നു; തൽക്ഷണം ഇവളുടെ പുരോഭാഗത്തു് ഒരു തീജ്വാല കിളൎന്നില്ക്കുന്നതുപോലെ തോന്നി.

സഖി:—പിന്നെയുള്ള വത്തമാനങ്ങളും വിശദമായി കേരം പ്പിക്കണം. പ്രസ്തുത കഥാശ്രവണത്തിൽ ഇവൾക്ക് അതിയായ ഔത്സുക്യമുണ്ട്.

ചിത്രാംഗദ:—ഞാൻ അഭൂതപൂവ്വമായ ആശ്ചയ്യപരതന്ത്രതയോടുകൂടി ആ തേജസ്വിയുടെ മുഖത്തൊന്നു സൂക്ഷിച്ചുനോക്കി. 'കോടിസൂയ്യപ്രഭം' എന്നും മററുമുള്ള വണ്ണനകൾ ഞാൻ വായിച്ചിട്ടുണ്ട്. അതൊക്കെ അതിശയോക്തികൾ എന്നായിരുന്നു എൻെറ വിചാരം. ഇന്നാകട്ടെ, അവയ്ക്കുള്ള പാരമാത്ഥ്യം എനിക്കു വേണ്ടവണ്ണം മനസ്സിലായി. വിടരാൻ ഭാവിക്കുന്ന ചെന്താമരപ്പൂവുപോലെ ആ വദനം മന്ദഹാസദ്യുതി ചിന്തിക്കൊണ്ടു പ്രകാശിച്ചു. ഇവളുടെ ചപലതകളായിരിക്കും പുഞ്ചിരി മുളപ്പിച്ചതു്. സഖി, ചുരുക്കിപ്പറയുന്നതായാൽ ആ അഭിവന്ദ്യൻെറ മുമ്പിൽ വച്ചാണു് ഞാൻ ഒരു സ്ത്രീയാണെന്നൊരു ബോധം എനിക്ക് ആദ്യമായിട്ടുണ്ടായതു്.

സഖി:—ക്ലേശകാരണം ഇപ്പോൾ ഇവൾക്ക് ഏതാണ്ടൊക്കെ മനസ്സിലായിത്തുടങ്ങി. പരിഭ്രമംകൊണ്ടു് ഞാൻ എന്തെല്ലാമാലോചിച്ചു!

ചിത്രാംഗദ:—കായ്യം മുഴുവൻ ഗ്രഹിക്കാതെ ഓരോ അഭിപ്രായം പറഞ്ഞാലെങ്ങനെ? എൻെറ ജീവിതത്തിൽ എനിക്ക് ഇന്നത്തെപ്പോലെ ഹൃദയവിഹ്വലത ഒരു ദിവസവും പിണഞ്ഞിട്ടില്ലതന്നെ.

സഖി:—ഇതിൽ വിഹ്വലതയ്ക്കു് അവിടുത്തേയ്ക്കു് എന്തവകാശം. സ്വാമിനി അദ്ദേഹത്തിൻെറ മനോവൈ

ക്ലബ്യത്തിന ഹേതുഭൂതയായിത്തീൎന്നിരിക്കണമെന്നേ ഞാൻ വിചാരിക്കുന്നുള്ളൂ.

ചിത്രാംഗദ:—എന്റെ നേൎക്കുള്ള പക്ഷപാതംകൊണ്ടാണ് സഖിക്ക് ഇങ്ങനെ തോന്നുന്നതു്. ആ വക്ത്രാംബുജം ഒന്ന കാണാൻ ഭാഗ്യമുണ്ടാകുന്ന പക്ഷം ഈ പക്ഷം ആകപ്പാടെ മാറിപ്പൊയ്യും.

സഖി:—ശരി, ഭവതിയെ ആകൎഷിച്ച ആ പുണ്യപുഞ്ജം ഏതു നാമംകൊണ്ടാണ് വിശ്വവിശ്രുതി നേടിയിട്ടുള്ളതു്.

ചിത്രാംഗദ:—സഖി, ഈ വാക്ക് ഇവളിൽ തീ കോരി ഇടുകയാണു ചെയ്യുന്നതു്. അതൊന്നും ചോദിച്ചറിയാനൊരുങ്ങാതെ മൎയ്യാദകളറിയാത്ത ഒരു അനാഗരികയെപ്പോലെ ഞാൻ കുറേനേരം ആ മഹാനുഭാവന്റെ സന്നിധിയിൽ സ്തബ്ധയായി ഒരു പ്രതിമയ്ക്കു തുല്യം നിലകൊണ്ടതിനുശേഷം നാവൊന്നിളക്കുവാൻപോലുമൊരുങ്ങാതെ വേഗം കുതിരയെ ശരണം പ്രാപിച്ചുകൊണ്ടു് ഒരുവിധം ഈ കൊട്ടാരത്തിൽ വന്നെത്തി. വിശ്വവിജയികളായ പാണ്ഡവന്മാർ നമ്മുടെ വനാന്തരങ്ങളിൽ അജ്ഞാതവാസമരുളുന്നതായി ഈയിട പലരും പറയുകയുണ്ടായിട്ടുണ്ടു്. തേജസ്സും ഓജസ്സുമോരുമ്പോൾ ഇവളുടെ ഹൃദയത്തെ ശിഥിലമാക്കിയ സുകൃതസത്വം അവരിൽ നട്ടനായകമായ ആ അൎജ്ജുനനായിരിക്കയില്ലേ എന്നു് ഇവൾക്കു ബലമായ സംശയമുണ്ടു്. നിസ്തുലപരാക്രമിയായ അദ്ദേഹത്തിന്റെ പ്രശസ്തി സൎവ്വഥാ എന്റെ ആദരത്തെ അൎഹിച്ചിട്ടുള്ളതുമാണ്.

സഖി:—സ്വാമിനിയുടെ ഊഹം അനാസ്പദമാകാൻ ഇടയില്ലെന്നാണ് എന്റേയും എളിമയായ അഭിപ്രായം. അങ്ങനെയായാൽ സന്തോഷിക്കാനല്ലാതെ സന്തപിക്കാൻ എന്തു വകയാണുള്ളതെന്നു ഞാൻ അറിയുന്നില്ല. രത്നത്തെ അന്വേഷിച്ചു ചെല്ലുകയല്ലാതെ രത്നം ആരെയെങ്കിലും അന്വേഷിക്കുന്ന പതിവുണ്ടോ? സ്വാമിനി സ്വസ്ഥമായിരിക്കണം. അഭിലാഷം അചിരേണ സമ്പൂർണ്ണം എന്നു കരുതിയാൽ മതി.

ചിത്രാംഗദ:—സഖി രത്നത്തെപ്പററിപ്പറഞ്ഞതു വാസ്തവം തന്നെന്നു ഞാനും സമ്മതിക്കുന്നു. എന്നാൽ ഇതിൽ ഒരു മറിവു പററിപ്പോയെന്നേയുള്ളു. ജഗദേകത്വം വഹിക്കുന്ന ആ അർജ്ജുനരത്നം ആരെയും ആരായുകയില്ല. എന്നല്ല, നന്ദനസരസിയിൽ ആസക്തി വരേണ്ട രാജഹംസത്തിന് പൊട്ടക്കുളത്തിൽ താല്പര്യം ജനിക്കാൻ തരമുണ്ടോ?

സഖി:—മണിപുരത്തിലെന്നതുപോലെ സൗന്ദര്യസാമ്രാജ്യത്തിലും സ്വാമിനിക്ക് എത്രത്തോളം ആധിപത്യമുണ്ടെന്ന് ഈ വിനയമധുരങ്ങളായ വചസ്സുകൾ വ്യക്തമാക്കുന്നുണ്ട്. ലോകത്രയത്തേയും ജയിക്കുന്നതിന് വിജയന്റെ വില്ലിനു കഴിയുമായിരിക്കും. ആ വില്ലും ഭവതിയുടെ ചില്ലിവില്ലു കാണുമ്പോൾ കൈ ചുരുകി വീണുപോകാതിരിക്കയില്ല. വെറുതേ ക്ലേശം വലിച്ചുവയ്ക്കരുത്.

ചിത്രാംഗദ:—(പുഞ്ചിരിയോടുകൂടി) ഈ സാന്ത്വനങ്ങൾ സന്ദർഭോചിതങ്ങളത്രേ. സഖിയുടെ നിർഭരമായ കാരുണ്യത്തിനു സാക്ഷ്യം വഹിക്കയും ചെയ്യും.

ഫലോന്മുഖങ്ങളല്ലെന്നുമാത്രം. എന്റെ സ്ഥിതിഗതികളെന്നു മാത്രമല്ല ഞാൻ ഒരു സ്ത്രീയാണെന്നുള്ള വസ്തുതപോലും അദ്ദേഹം അറിഞ്ഞിട്ടില്ലല്ലോ. പിന്നെ ഈ ആശകൾകൊണ്ട് എന്തു ഫലം? എന്നല്ല, ഉദ്യാനപുഷ്പവും കാട്ടുപുഷ്പവും എങ്ങനെ യോജിക്കും? യഥാർത്ഥ ലാവണ്യത്തിന്റെ അഭാവം കണ്ടിട്ടായിരിക്കും അച്ഛൻ കുട്ടിക്കാലത്തേ എന്നെ കുമാരവേഷമണിയിച്ചതു്. അല്ലാതെ പലരും പറയുന്നതുപോലെ പുത്രസന്താനം ലഭിക്കായ്കയാലുള്ള അസംതൃപ്തി തീർക്കുവാനാണെന്ന് എനിക്കു തോന്നുന്നില്ല.

സഖി:—സമൃദ്ധിയിൽ അനൗദ്ധത്യം ശ്ലാഘനീയം തന്നെ. എന്നാലും ഒന്നും അതിരുകവിയുന്നതു നന്നല്ല. ഇക്കണക്കിന് ഗംഗാനദിക്കും പരിശുദ്ധിശങ്ക വന്നേയ്ക്കുമോ എന്നിവൾക്ക് അത്യന്തം സന്ദേഹമുണ്ട്. ഭവതിയുടെ ഹൃദയത്തെ വശീകരിക്കത്തക്കവണ്ണം ഭാഗ്യം തികഞ്ഞ ആ പുരുഷസിംഹം അർജ്ജുനൻ തന്നെയെങ്കിൽ വസന്തലക്ഷ്മി ഒരു തരുണവേഷമെടുത്തണഞ്ഞതാണെന്ന് അവിടത്തെ കളേബരം കണ്ട മാത്രയിൽതന്നെ വിചാരിക്കാതിരിക്കയില്ല. ഇവിടത്തെ രാജകുമാരനെപ്പററിയുള്ള വർത്തമാനങ്ങളും അദ്ദേഹത്തിന്റെ ശ്രവണപുടത്തിൽ അമൃതാഭിഷേകം കഴിച്ചിരിക്കും. നമ്മുടെ വനാന്തർഭാഗങ്ങൾ അദ്ദേഹം വിഹാരരംഗങ്ങളാക്കിയതേ സ്വാമിനീസന്ദർശനോദ്ദേശ്യത്തോടുകൂടിയായിരിക്കാം എന്ന് എനിക്കു സുദൃഢമായ സംശയമുണ്ട്. ഏതുകൊണ്ടും നമുക്കു വ്യാകുലതയ്ക്കു് അവകാശമില്ല. സ്വല്പം ക്ഷമിച്ചാൽ മതി. ഇവൾ ഒരു ഉപദേശം ബോധിപ്പിക്കാം.

ചിത്രാംഗദ:—എന്തുപദേശം! ഞാൻ ഇപ്പോഠ വിചാരിക്കയാണ് എന്റെ പഴേ വേഷം മതിയായിരുന്നു എന്ന്. എവിടെയും എപ്പോഴും സ്വതന്ത്രമായി സഞ്ചരിക്കാമായിരുന്നു. ഇന്നത്തെ യാത്ര കഴിഞ്ഞു വന്ന ഉടൻതന്നെ അമ്പും വില്ലുമെല്ലാം ഒടിച്ചു കളഞ്ഞു മാലകളും സാരിയുമൊക്കെയെടുത്തണിഞ്ഞതു സാഹസമായിപ്പോയി.

സഖി:—പ്രവൃത്തികഠ മംഗലപൎയ്യവസായികളായാൽ അവയെ സാഹസങ്ങളാണെന്ന് ആരും പഴിപറകയില്ല. മുൻപറഞ്ഞ വനത്തിൽ ഒരു ശിവക്ഷേത്രമുണ്ടല്ലോ. ഇപ്പോഠ നേരം അസമയമായിരിക്കയല്ലേ? നാളെ പുലരുന്നതിനു മുമ്പുതന്നെ നമുക്ക് ആ ദേവാലയം അഭയംപ്രാപിക്കണം. പാശുപതാസ്ത്രധാരിയായ അൎജ്ജുനൻ ആ വനത്തിൽ എവിടെയെങ്കിലും ഉണ്ടെങ്കിൽ അവിടെ ദൎശനത്തിനു വരാതിരിക്കയില്ല. സ്വാമിനി ഈ വേഷത്തിൽ എന്നെ അനുഗമിച്ചാൽ മതി. ശേഷം കാൎയ്യങ്ങഠ സകലതും ഇവഠ ഏററുകഴിഞ്ഞിരിക്കുന്നു. ഒന്നു സമാധാനമായി ഇന്ന് ഉറങ്ങിക്കൊള്ളുണം. നമുക്കു സുമുഹൂൎത്തത്തിൽ കണ്ടുകൊള്ളാം.

ചിത്രാംഗദ:—എന്നാൽ അങ്ങനെയാകാം. സഖിയുടെ ബുദ്ധിവൈഭവം ഏററവും ബഹുമാനാൎഹമത്രേ. പ്രേമസ്വരൂപനായ ഈശ്വരൻ നമ്മെ അനുഗ്രഹിക്കാതിരിക്കയില്ല. ഞാൻ അന്തഃപുരത്തിൽ ചെല്ലട്ടെ. (എന്നു രണ്ടു പേരും പിരിയുന്നു)

കണ്ണനും കുന്തിയും:—

കണ്ണൻ:—(കുന്തിയെക്കണ്ടിട്ട് എഴുന്നേററിട്ട്) അമ്മയ്ക്കു നമസ്കാരം! അവിടുത്തെ പാദപത്മങ്ങൾകൊണ്ട് ഈ പത്തനം പരിശുദ്ധമായതിൽ ഇവന്ന് അളവററ കൃതാൎത്ഥതയുണ്ട്. ഇത് അത്ഭുതപൂൎവ്വമായ സംഭവമാകയാൽ എനിക്കുള്ള ആഹ്ലാദവും പറഞ്ഞറിയിക്കാൻ പ്രയാസമാണ്. ഇതാ! ഈ രത്നപീഠം അലങ്കരിച്ചാലും! തനിയേ തന്നെ ഇങ്ങോട്ട് ആഗതയായതിൽ എന്തോ വലിയ വിശേഷമൊന്നില്ലാതിരിക്കയില്ലെന്നു ഞാൻ ഊഹിക്കുന്നു. അതറിയുന്നതിന് ഇവൻ അത്യന്തം ഉൽസുകനായിരിക്കയത്രേ.

കുന്തി:—വത്സ! നിന്നെ വന്നു കാണണമെന്നുള്ള മോഹം എന്നിൽ വളരെനാളായി കുടികൊള്ളുന്ന ഒന്നാണ്. അതിൻെറ സഫലതയ്ക്ക് ഇന്നേ ഭാഗ്യം സിദ്ധിച്ചുള്ളു.

കണ്ണൻ:—വിജയാംബയ്ക്കും അഭിലാഷപൂൎത്തിയിൽ വിളംബനമേൽക്കുന്നുവെന്നോ? ഇത് ആശ്ചൎയ്യകരമല്ലേ? അമ്മയുടെ വാഞ്ഛയ്ക്കു തടസ്സം എവിടെനിന്നേപ്പെട്ടു?

കുന്തി:—നീ എന്നെ എത്രത്തോളം മൂഢയായി ഗണിക്കുന്നു എന്ന് ഈ ചോദ്യം വിളിച്ചുപറയുന്നുണ്ട്. പ്രതിബന്ധങ്ങൾ ഒന്നും നിനക്കു തീരെ അറിവില്ലായിരിക്കാം, അല്ലേ? എന്നാൽ ഞാൻ അവയെ ഭയന്നിരിക്കുന്നവളാണെന്നു ലേശവും സംശയിക്കണ്ട. നിസ്തുലമായ നിങ്ങളുടെ സ്നേഹബന്ധം ഞാൻ നിമിത്തം എന്തിനു വൈകല്യം വരുന്നു എന്ന്

എപ്പോഴും എനിക്കു വിചാരമുണ്ട്. അതുകൊണ്ടു മാത്രമാണ് തക്കം നോക്കി തനിച്ചുതന്നെ ഇപ്പോൾ ഇവിടെ വന്നതു്.

കൎണ്ണൻ:—അമ്മയുടെ വാക്കുകൾക്കുള്ള സാരം എനിക്കു തീരെ മനസ്സിലാകുന്നില്ല. അവിടുന്ന് എന്തു ഉദ്ദേശിക്കുന്നു എന്നു സ്പഷ്ടമാക്കിയാൽ കൊള്ളാം. പക്ഷേ എന്റെ പ്രാണസുഹൃത്തായ സുയോധനനായിരിക്കുമോ അവിടുത്തെ ആശങ്കാസ്പദം?

കുന്തി:—(ആത്മഗതം) കഷ്ടം! സുയോധനനെപ്പററിയുള്ള ഈ വിശേഷണം ആദ്യമേ എന്റെ ആശാലതയെ സമൂലം ചെയ്യുന്നല്ലോ! പിന്നെ അപേക്ഷകൾ എത്ര ഫലിക്കാൻ പോകുന്നു. (സ്പഷ്ടം) എൻെറ ആശങ്കാസ്പദം പ്രകാശിപ്പിച്ചുതരാം. പ്രിയപ്പെട്ട കൎണ്ണാ! ഇഹത്തിലും പരത്തിലും നിനക്ക് ഒരുപോലെ മംഗലം കൊതിക്കുന്ന ഒരുവളാണ് നിൻെറ മുമ്പിൽ നിൽക്കുന്നതു് എന്നു നല്ലപോലെ ഗ്രഹിച്ചുകൊണ്ടു് ഇവളുടെ വചസ്സുകൾ ചെവിക്കൊള്ളണമെന്നു പ്രാൎത്ഥിച്ചുകൊള്ളുന്നു. -നാം തമ്മിലുള്ള വാത്സല്യമാണ് എന്നെ ഇതിനു ധൈൎയ്യവതിയാക്കിയതു്.

കൎണ്ണൻ:—അമ്മ ഇത്ര ഔചിത്യമില്ലാതെ സംസാരിക്കുമെന്ന് ഞാൻ ഒട്ടും കരുതിയിരുന്നില്ല. എനിക്കു ഹൃദയശല്യം നൽകാതിരിക്കാൻ ഒന്നു കനിവുണ്ടാകണം. എന്നോട്ടു പ്രാൎത്ഥിക്കുന്നു എന്നോ! ആജ്ഞാപിക്കുന്നു എന്നു പറയണം. അമ്മയുടെ അനുശാസനം സൎവ്വഥാ ഇവനു ശ്രദ്ധേയമത്രേ.

കുന്തി:—പുത്രാ, നിന്റെ ഈ മറുപടി കരളിനു പ്രത്യേകം കുളിർമയരുളുന്നുണ്ടു്. എന്റെ അഭിപ്രായമനുസരിച്ചു പ്രവൎത്തിപ്പാൻകൂടി നിനക്കു ദാക്ഷിണ്യമുണ്ടാകുന്നപക്ഷം ഞാൻ പരമഭാഗ്യവതിതന്നെ. അനുകൂലമായി വാഗ്ദാനം ചെയ്യുമെങ്കിൽ അഭിമതം വെളിവാക്കാം.

കൎണ്ണൻ:—അമ്മയ്ക്കു് ഒന്നുകൊണ്ടും ഒരു ഭാഗ്യം പുത്രനായിട്ട വരുവാനില്ലെന്നാണു് ഇവന്റെ വിശ്വാസം. പല പ്രകാരത്തിലും വിശ്വവിഖ്യാതരായി സദാ ശ്രീകൃഷ്ണഭക്തരായിരിക്കുന്ന പാണ്ഡവരുടെ മാതാവായിരിക്കുന്നതിൽനിന്നും ഉൽകൃഷ്ടമായി ഒരു ഭാഗധേയം എന്താണെന്നു ഞാൻ അറിയുന്നില്ല. ഒരു രക്തബന്ധവുമില്ലാത്ത എനിക്കുകൂടി യുധിഷ്ഠിരനെന്നും, അൎജ്ജുനനെന്നും, ഭീമനെന്നും മററും കേൾക്കുമ്പോൾ ആദരാതിശയത്താൽ മനസ്സരസ്സ് ഇളകി മറിഞ്ഞുപോകുന്നു. അങ്ങനെയിരിക്കേ പെററമ്മയുടെ സ്ഥിതി ഊഹിക്കുവാൻപോലും സാധിക്കുന്നതാണോ? അപ്രകാരമുള്ള പാണ്ഡവജനനിക്കു വിപരീതമായി ശിഷ്ടജനങ്ങളിൽ ഒരുവനെങ്കിലും വൎത്തിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്റെ ധൎമ്മത്തിനു ഇണങ്ങിയതാണെന്നു കാണുന്നതായാൽ അമ്മയുടെ ഏതു അഭിപ്രായവും ശിരസാ വഹിച്ചുകൊള്ളാം. അതിനു വേണ്ടി പ്രാണത്യാഗവും തൃണവൽഗണിക്കുന്നവനാണു് ഈ കൎണ്ണൻ എന്നു് അമ്മ അറിഞ്ഞുകൊള്ളണം.

കുന്തി:—നിനക്കു ബഹുമാനപാത്രങ്ങളായിരിക്കുന്ന യുധിഷ്ഠിരാദികളുടെ ജനയിത്രി ധൎമ്മവിരുദ്ധമായി സംസാ

രിപ്പാനൊരുമ്പെട്ടമെന്നു ശങ്കിക്കത്തക്കതൊണോ? ആ വാക്കിൽ എനിക്കു് അല്പം വൈമനസ്യം ഇല്ലാതില്ല.

കണ്ണൻ:— അമ്മയുടെ വാക്കു് അധാൎമ്മികമാകുമെന്നു ഞാൻ കിനാവിലും കരുതുകയില്ല. എൻെറ ധൎമ്മത്തിനു യോജിക്കുമെങ്കിൽ എന്നല്ലേ ഞാൻ പറഞ്ഞതു്.

കുന്തി:—അപ്പോൾ എനിക്കു ധൎമ്മമെന്നു തോന്നുന്നതു് ഒരുവേള നിനക്കു് അധൎമ്മമായേക്കാം അല്ലേ? ധൎമ്മം സാൎവ്വജനീനമായ ഒന്നായിട്ടല്ലേ നാം അറിയുന്നതു്?

കണ്ണൻ:—അതു ശരിതന്നെ. എന്നാൽ അമ്മ പറഞ്ഞതുപോലെ ഒരാളുടെ ധൎമ്മം മറെറാരാൾക്കു് അധൎമ്മമായി വന്നുകൂടെന്നില്ല. ഒരാളുടെ അധൎമ്മം വേറൊരാൾക്കു ധൎമ്മമായും വരാം. അതു് സ്ഥിതിഭേദങ്ങൾകൊണ്ടും പരിതസ്ഥിതികളുടെ ശക്തികൾകൊണ്ടും സംഭവിക്കുന്നതാണു്. ഉദാഹരണത്തിനു മാതൃവധം ധൎമ്മമാണെന്നു് ആരെങ്കിലും സമ്മതിക്കുമോ, ഇല്ല തന്നെ. പക്ഷേ പരശുരാമൻ അതു ചെയ്തതു് അധൎമ്മമാണെന്നു് ആരെങ്കിലും ആക്ഷേപിക്കുന്നുണ്ടോ? അതിനാൽ അവനവൻെറ സ്ഥിതി മനസ്സിലാക്കിയുള്ള പ്രവൃത്തികൾ ധാൎമ്മികങ്ങളെന്നും അതിനെ വിസ്മരിച്ചുള്ളവ അധാൎമ്മികങ്ങളെന്നും നമുക്കു വിധി കല്പിക്കാവുന്നതാണു്. എൻെറ വാദഗാനം പാഴാകരുതെന്നു നിരൂപിച്ചാണു് നേരത്തെ ധൎമ്മത്തെ മുൻനിറുത്തിയതു്.

കുന്തി:—കൊള്ളാം, മുൻകരുതൽ എല്ലാവക്കും ആവശ്യം തന്നെ. എതിനും നിൻേറയും അന്യരുടേയും ഇഷ്ടം അനുസരിച്ചു വേണം സംസാരിപ്പാൻ എന്നു് നീ ഭംഗ്യന്തരേണ എന്നെ മനസ്സിലാക്കിത്തന്നതു് വലിയ ഉപകാരമായി. അവരവരുടെ സ്ഥിതിഗതികൾ പ്രമാണമാക്കി വേണം ധമ്മാധമ്മവിചിന്തനം ചെയ്വാൻ എന്നു നീ സമ്മതിച്ചല്ലോ. ഞാനും എന്റെ കത്തവ്യം നടത്താനാണു നിശ്ചയിച്ചിരിക്കുന്നതു്. അധികം പറയണമെന്നു് ആലോചിക്കുന്നില്ല. നീ ഒരിക്കലും എൻേറ നന്ദനക്കെതിരായി കൌരവ പാൎശ്വത്തിൽ വത്തിക്കരുതു്. കൂടാതെ സേനാധിപത്യവും സ്വീകരിക്കാൻ പാടില്ല. അങ്ങനെ ചെയ്യുന്നതായാൽ അതുപോലെ പാപകരമായി വേറെ യാതൊന്നുമില്ലെന്നു ധരിച്ചുകൊള്ളണം.

കണ്ണൻ:—ഞാൻ ഒരു പാൎശ്വത്തിൽ നിൽക്കുന്നതിനെപ്പററി ഇത്ര ആലോചിക്കാൻ എന്തിരിക്കുന്നു. ഫൽഗുനനും മററും അതുകൊണ്ടു വിശേഷിച്ചു് ഒന്നും വരുവാനില്ലല്ലോ. വിജയൻ മാത്രം വിചാരിച്ചാൽ അന്യസഹായമെന്യേ ത്രിലോകവിജയവും അനായാസം സാധിക്കുന്നതാണു്. എന്നല്ല എന്നെപ്പോലെ നൂറുപേർ എതിൎത്താലും അദ്ദേഹത്തിനു കൂസൽ കാണുകയില്ല. ഇസ്ഥിതിക്കു് ഞാൻ കൌരവരോടു ചേന്നാലും പാണ്ഡവരോടു ചേന്നാലും ദോഷമോ ഗുണമോ പുത്തനായി വരാനില്ല. പാണ്ഡവരിൽ എനിക്കു് അത്യന്തം സ്നേഹവും ബഹുമാനവുമുള്ളതല്ലാതെ ദ്വേഷകണികപോലുമില്ലെന്നു തുറന്നു പറഞ്ഞുകൊള്ളുന്നു. എന്നാലും എനിക്കു് സുയോധനനെ അനുകൂലിക്കാതിരിക്കാൻ നിവൃത്തിയില്ലെന്നു്

അവിടുത്തേയ്ക്കു സ്വല്പമൊന്നു ആലോചിച്ചാൽ മനസ്സിലാക്കാവുന്നതാണ്. എന്നെ പിൻതിരിപ്പിക്കുന്നതിനു യാതൊരു വികാരം അമ്മയ്ക്കു പ്രേരകമായിത്തീൎന്നോ ആ വികാരത്താൽതന്നെ ഞാനും പ്രേരിതനായിട്ടുള്ളതു്. സ്നേഹമൊന്നില്ലെന്നു വന്നാൽ പിന്നെ മനുഷ്യത്വംകൊണ്ടു് എന്തു ഫലം? സുയോധനനിലെ സ്നേഹസ്മരണകൾ കൂടാതെ എനിക്കു് നിമിഷനേരത്തെ ശ്വാസോച്ഛ്വാസംപോലും അസാദ്ധ്യമെന്നു വന്നിരിക്കുന്നു.

കുന്തി:—സുയോധനൻ അത്രയ്ക്കു നിനക്കു് എന്തു ചെയ്തിട്ടുണ്ടു്?

കൎണ്ണൻ:—സുയോധനൻ ചെയ്തതോ! അതു ഞാൻ എങ്ങനെ പ്രസ്താവിക്കും. ഞാൻ എന്നല്ല ആരു വിചാരിച്ചാലും അദ്ദേഹത്തിൻെറ പ്രവൃത്തികൾക്കുള്ള മഹനീയതകൾ വൎണ്ണനീയങ്ങളല്ല. എന്നെ അംഗരാജാവാക്കിയതുകൊണ്ടു ഞാൻ പറയുന്നതല്ല. ജന്മനാ എനിക്കു രാജത്വത്തിൽ വാഞ്ഛയേയില്ല. അത്തരം ഉദാരങ്ങളായ പെരുമാററങ്ങൾകൊണ്ടു് ആ മഹാനുഭാവൻ ഇവൻെറ പൌരുഷവും അഭിമാനവും പരിപാലിച്ചിട്ടുള്ളവനാണ്. അങ്ങനെയുള്ളവരെ പ്രാണാധികം വില വയ്ക്കേണ്ടതല്ലേ?

കുന്തി:—ലോകത്തു സ്നേഹവും കൃതജ്ഞതയും പ്രമാണമാക്കി ആരെയാണ് ഒന്നാമതായി വിലവയ്ക്കേണ്ടതെന്നറിഞ്ഞാൽ കൊള്ളാം. ആരിൽനിന്നാണ് നാം സ്നേഹത്തിൻെറ സ്വഭാവം ആദ്യമായി ഗ്രഹിക്കുന്നതു് എന്നു ധരിപ്പിച്ചാൽ കൊള്ളാം.

കണ്ണൻ:—അവിടുന്ന് ഈ പ്രസ്താവങ്ങൾകൊണ്ട് എന്റെ ജീവതഗ്രന്ഥത്തിലെ പ്രഥമാദ്ധ്യായങ്ങൾ പരിചയപ്പെടുത്തുകയാണ ചെയ്യുന്നത്. എൻെറ പെററമ്മ പ്രകൃതീശ്വരിയും പിതാവ് ജഗദീശ്വരനും ആകുന്നു. നമുക്ക പ്രഥമഗണനീയരായ മാതാപിതാക്കളിൽ കവിഞ്ഞു് എന്റെ നേക്ക് നാഗകേതനൻ ബാല്യം മുതൽ വാത്സല്യം പ്രകടിപ്പിച്ചിട്ടുണ്ടെന്നുള്ളതിനാൽ അദ്ദേഹത്തെക്കാൾ സ്മരണീയനായി എനിക്ക് ഈ ഭൂതലത്തിൽ ആരുമില്ലെന്നുള്ളതു് പരമാൎത്ഥമത്രേ. സഖാവിന്റെ നിലയിൽ മാത്രമല്ല അമ്മയെപ്പോലെയും അച്ഛനെപ്പോലെയും ഈശ്വരനെപ്പോലെയും അദ്ദേഹത്തെ എനിക്ക കരുതേണ്ട കടമയുണ്ട്.

കുന്തി:—അപ്പോൾ ബന്ധുവിന വേണ്ടി പെററമ്മയേയും ധിക്കരിക്കാം എന്നാണോ നിൻെറ ന്യായം?

കണ്ണൻ:—പെററമ്മയായാലും സ്വന്തം കടമയറിയാതെ വന്നാൽ ഇങ്ങനെയുള്ള ന്യായങ്ങൾ ചിലപ്പോൾ സ്വീകൃതങ്ങളായ്വരും.

കുന്തി:—(വന്ന വൈവൎണ്ണ്യം മറച്ചുകൊണ്ട്) എങ്ങനെയായാലും പ്രകൃതിപരിശോധനയിൽ മാതൃപുത്രബന്ധംപോലെ നിർവ്യാജവും നിർഭരവുമായ ഒന്നു ഉള്ളതായി നാം അറിയുന്നുണ്ടോ? ആ ബന്ധത്തിൽ, നിനക്ക വിശ്വാസമുണ്ടെന്നു വരികിൽ, അതിൽ നിനക്ക ബഹുമതിയുണ്ടെന്നു വരികിൽ എൻെറ ഉപദേശത്തെ നീ അനാദരിക്കരുതു്. ജനനമാത്രയിലേ നിന്നെ ദുഃഖസരിത്തിൽ തള്ളി

വിട്ട ആ മുതുദർഭഗ ഇവരംതന്നെ. എൻെറ ഉപദേശം ധിക്കൃതമായതിൽ ഞാൻ വിസ്മയിക്കയോ പരിതപിക്കയോ ചെയ്യുന്നില്ല. അനുഭവങ്ങൾ കർമ്മാനുസാരങ്ങൾ എന്നു പ്രകൃതി എനിക്ക് ഒരു പാഠം പഠിപ്പിച്ചുതന്നു. ഏതിനും എൻെറ വത്സൻ മാതാവിൻെറ അഭിമാനത്തെയെങ്കിലും ഗണ്യമാക്കി വസ്തുത സുരക്ഷിതമാകുംവണ്ണം ഗോപനംചെയ്യുമെങ്കിൽ സമാശ്വസിക്കാം...............
(സ്വല്പനേരം മൌനമവലംബിച്ചുകൊണ്ട്) എല്ലാം വിധിപോലെ വന്നുചേരട്ടെ! ഞാൻ പോയ്വരാം.

കണ്ണൻ:—(സാഷ്ടാംഗം പ്രണമിച്ചിട്ട്) അമ്മേ! ഇത് ഇവൻെറ ജീവിതത്തിൽ ഏററവും പാവിത്രമായ മുഹൂത്തമാകുന്നു. ഇത് ഐഹികവും പാരത്രികവുമായ ചാരിതാത്ഥ്യം ഇവന്നു നൽകിക്കൊള്ളും. മുൻപ് കുട്ടിക്കാലത്ത് അവിടുത്തെ സന്ദശനംകൊണ്ട് കൺകുളിരേൽക്കാനിടയായ സന്ദർഭം മുതൽ എൻെറ ഉൾത്തടത്തിൽ ആശ്ചയ്യകരമാംവണ്ണം അനിർവാച്യവും അപരിജ്ഞേയവുമായ ഒരു വാത്സല്യാങ്കുരം പൊടിച്ചുവളരുകയായിരുന്നു. അതിൻെറ രഹസ്യം സുസ്പഷ്ടമായതിൽ ഇപ്പോൾ അനുപമമായ മനസ്സുഖമുണ്ട്. അമ്മ ഇങ്ങനെ കണ്ണീരൊലിപ്പിക്കരുത്. വീരമാതാക്കൾക്ക് ഇണങ്ങാത്തത് ആക്ഷേപാർഹമാകും. സ്നേഹവും ധമ്മവും നമ്മെ പരിപാലിക്കാതിരിക്കയില്ല. അവിടുന്നു സന്തുഷ്ടയായി പോകുന്നതു കണ്ട് ഇവനും സ്വാസ്ഥ്യം വഹിക്കട്ടെ!

കുന്തി:—മകനേ! നീ സദാ കുശലിയായ് ഭവിച്ചാലും. പ്രേമസ്വരൂപൻ നിനക്കു സർവാനുഗ്രഹങ്ങളും വിതരണം ചെയ്യും. ഞാൻ യാത്ര പറഞ്ഞുകൊള്ളാം. (എന്നു പോകാൻ ഭാവിക്കുന്നു)

കണ്ണൻ:—വന്നതുപോലെ തനിയെയാണോ പോകാൻ തുനിയുന്നതു്? അതിന് അമ്മയുടെ കണ്ണൻ ഇന്നു സമ്മതിക്കയില്ല.

കുന്തി:—ഉണ്ണി നിന്നാലും. രഥം വാതിൽക്കലുണ്ടു്. ഞാൻ സസുഖം പോയ് വരാം.

കണ്ണൻ:—ഞാനും അനുയാത്ര ചെയ്യാനാണു നിശ്ചയിച്ചിരിക്കുന്നതു്. നമുക്കു് ഒന്നിച്ചു പോകാം. അമ്മ സംശയിക്കുന്നതുപോലെ എന്റെ സഖാവിനു സ്വല്പവും ഇതു് നീരസജനകമായിരിക്കയില്ല. സൽഗുണങ്ങൾ എവിടെക്കണ്ടാലും അഭിനന്ദിക്കുന്ന വിശാലഹൃദയനാണു് അദ്ദേഹം. അദ്ദേഹത്തിനു സ്വമാതാവിലെന്നവണ്ണം അമ്മയോടും എത്ര അഭേദമായ സ്നേഹബഹുമാനങ്ങൾ ഉണ്ടെന്നു് അധികം പേർ ഗ്രഹിച്ചിട്ടില്ല. അമ്മയും വിശ്വസിക്കുകയില്ലായിരിക്കാം. എന്നാൽ വാസ്തവം എനിക്കു സൂക്ഷ്മമായി അറിയാവുന്നതാണു്. അതിനാൽ വെറുതേയുള്ള തെററിദ്ധാരണകൾക്കു് ഇടംകൊടുക്കരുതെന്നു് ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. അവിടുത്തെ കാര്യവും സോദരന്മാരുടെ കാര്യവും അദ്ദേഹം പലപ്പോഴും എന്നോടു സസ്നേഹം ചോദിച്ചിട്ടുണ്ടു്. യുദ്ധോദ്യമങ്ങൾ സുയോധനൻ കർത്തവ്യമായി കരുതുകയാണു്.

കുന്തി:—തൽക്കാലം നമുക്കു് ആ വർത്തമാനങ്ങൾ നിരുത്തിവയ്ക്കുകയാണു് ഉത്തമം. എന്നോടുകൂടി വരികയാ

ണെങ്കിൽ താമസിക്കണമെന്നില്ല. പുറപ്പെടാമല്ലോ. എന്നാൽ എനിക്കു് ഇന്നു് ഒരു ശുഭദിവസമാണു്.

കണ്ണൻ:—എനിക്കു താമസമേയില്ല. ഇറങ്ങുകതന്നെ. എന്റെ രഥവും തയ്യാറാക്കാൻ പറയാം. (എന്നു രണ്ടുപേരും പോകുന്നു)

ജിഹാൻഗിറം രജകയും:—

ജിഹാൻഗിർ:—(കോപതാപാദികളാൽ വിവശനായിട്ട്)

കൊള്ളാം! വേലിതന്നെ വിളവു തിന്നുവെന്നോ? നമ്മുടെ നീതിപാലനം നന്നായി. സ്ത്രീഹൃദയം ദേവന്മാക്കുപോലും അറിയാൻ പാടില്ലെന്നുള്ളതു് എത്ര പരമാത്ഥം. കമ്മഫലം ആക്കുതന്നെ തടയാം. ഈ നൂർജിഹാനെ വൈധവ്യത്തിൽനിന്നും മോചിപ്പിച്ചു് നാം ഇവൾക്കു ചക്രവത്തിനീപദം നൽകിയതു് എത്ര പാഴിലായി. അനുഭവം ചിത്തശുദ്ധി വരുത്തുമെന്നല്ലേ അറിയുന്നതു്. നൂർജിഹാൻെറ ഹൃദയത്തിന് അതു് നൈഷ്ഠൂര്യമിയററിയായിരിക്കാം. ലേശമെങ്കിലും കനിവിന്റെ ലാഞ്ഛനയുണ്ടെങ്കിൽ ഈ പാവപ്പെട്ട രജകസ്ത്രീയെ അവിചാരിതമായി ഇങ്ങനെ ഇവൾ വൈധവ്യദുഃഖാഗ്നിയിൽ ദഹിപ്പിക്കുമോ? പാവങ്ങൾ! അരുമപ്പെട്ട രണ്ടു പക്ഷികളെപ്പോലെ കുളത്തിലിറങ്ങി നിത്യത്തൊഴിലിൽ ഏപ്പെട്ടിരുന്നവർ! ക്രൗയ്യത്തിനും അതിരില്ലേ? സാഹസത്തിനും അളവില്ലേ? ഭവിഷ്യത്തുകളൊന്നും ഗണിക്കാതെ നമ്മുടെ ലാവണ്യധാമം,.....കഷ്ടം! ഈ സാധുസ്ത്രീയുടെ പ്രേമക്കുഴമ്പിനെ കൈത്തോക്കിനിരയാക്കിയല്ലോ. ഇതിലുള്ള രഹസ്യമെന്തു്? ഈ വിധത്തിൽ ഒരു സന്ദേഹവും നമുക്കു് നൂർജിഹാനിൽ ഉണ്ടായതേയില്ലല്ലോ. പുരുഷന്മാർ സ്ത്രീകളുടെ വിലാസങ്ങളിൽ ഭ്രമിച്ചു മതി മറന്നു പോകുന്നു. അവരുടെ കാൎയ്യങ്ങൾ ആക്കു മനസ്സിലാക്കാം. അമൃതം പൊതിഞ്ഞ വിഷങ്ങൾ,.........

പ്രാണികൾക്കു പാശങ്ങൾ. ആകട്ടെ! രാജ്ഞിയായാലും നാം ജിഹാൻഗിർതന്നെയെങ്കിൽ തക്ക ശിക്ഷ അനുഭവിക്കാതിരിക്കയില്ല. (രജകയെ നോക്കിക്കൊണ്ടു്) ആവലാധി ഏതുകൊണ്ടും സ്ഥാനത്തായി. നമ്മുടെ പിന്നാലെ വരികതന്നെ. നമുക്കു് അന്തഃപുരത്തിൽ ചെല്ലാം. പോയ ഭടന്മാർ തിരിച്ചുവന്നുകഴിഞ്ഞു. നിനക്കു് ഇത്ര തീരാത്ത ദുഃഖം പിണച്ചതു് വേറെയാരുമല്ല. എങ്ങും പുകൾ പുലർത്തിയ 'മുഗൾസാമ്രാജ്യത്തിലെ ചക്രവർത്തിനിയത്രേ—മടിക്കണമെന്നില്ല. അനുഗമിച്ചാലും—കർത്തവ്യത്തിൽ നാം ബദ്ധപ്പെട്ടുകയാണു്.

രജക:—(ഭയന്നു വിറച്ചിട്ടു്) പൊന്നുതിരുമേനി, അടിയനെ വിട്ടയച്ചാൽ മതി. അടിയൻ ഇതൊന്നും അറിഞ്ഞതേ ഇല്ല. വന്നുകൂടിയ ആളുകളുടെ വാക്കും കേട്ടുകൊണ്ടാണു് കൊട്ടാരവാതിൽക്കൽ വന്നു മണിയടിച്ചതും മുഖം കാണിച്ചു തിരുമനസ്സിനോടു സങ്കടമുണർത്തിയതും. ഇതാ! സാഷ്ടാംഗം വീണു തൊഴുതുകൊള്ളുന്നു. തിരുവുള്ളമുണ്ടായി കുറ്റം പൊറുത്തു്, മാപ്പു തന്നു് അടിയനെ വിട്ടയയ്ക്കണം.

ജിഹാൻഗിർ:—ഒട്ടും പേടിച്ചിട്ടു് ആവശ്യമില്ല. സങ്കടനിവൃത്തി വരുത്തുവാനാണു് നാം നിശ്ചയിച്ചിരിക്കുന്നതു്. വെറുതേ തെററിദ്ധരിച്ചു് പകച്ചുനിൽക്കാതെ നമ്മെ പിൻതുടന്നുകൊള്ളൂ.

രജക:—അടിയൻ കല്പനപോലെ ചെയ്തുകൊള്ളാം. (എന്നു് പിന്നാലെ പോകുന്നു, രണ്ടുപേരും അന്തഃപുരത്തിലെത്തുന്നു, നൂർജിഹാൻ സഖീസമേതം

എഴുന്നേററു് കൈയിലുണ്ടായിരുന്ന തോക്കിനെ പീഠത്തിൽ വച്ചിട്ടു് യഥോചിതം സൽക്കരിക്കുന്നു)

ജിഹാൻഗിർ:—(കോപഭാവത്തിൽ) എന്താ! വധംകൊണ്ടും കലുഷം ശമിച്ചില്ലായിരിക്കും. തോക്കു താഴെ വയ്ക്കുണമെന്നില്ല, കൈയിൽത്തന്നെയിരിക്കട്ടെ. ഇതിനുള്ള കാരണങ്ങൾ നമ്മിൽനിന്നും എന്തുദ്ദേശത്തിലാണു മറച്ചുവച്ചതു്? സകല വാസ്തവങ്ങളും ഇക്ഷണം വെളിപ്പെടുത്താതിരുന്നാൽ ഭാവി എന്തായിരിക്കുമെന്നു് നാം തന്നെ അറിയുന്നില്ല. തോഴി മൗനം വരിക്കയാണോ? നീയും ശ്രദ്ധിച്ചു കേട്ടുകൊള്ളണം.

നൂർജിഹാൻ:—(സവിസ്മയം) പ്രഭോ! പ്രാണേശ്വര! ഇവൾ ഒരുനാളും ഇങ്ങനെ അവിടുത്തെ മുഖത്തു് പാരുഷ്യം പകൎന്നുകണ്ടിട്ടില്ലല്ലോ. ഇതിനെല്ലാം അൎത്ഥമെന്തു്? (തന്നത്താൻ) എന്താണിവൾ സ്വപ്നഭ്രാന്തിയ്ക്കുടിമയായ് തീൎന്നുവെന്നോ! (ചക്രവൎത്തിയെ നോക്കി) സ്വാമിൻ! ഈ സ്ത്രീ ആരാണു്? ഇവൾ ഈ അന്തഃപുരത്തിൽ കയറാൻ സംഗതിയെന്തു്? അല്ലേ, അവിടുന്നു് എന്തു് അരുളിച്ചെയ്തു? വധമോ, കലുഷമോ. ഇതെവിടെ? ഇതാർക്കു്?

ജിഹാൻഗിർ:—ഒന്നും അറിഞ്ഞിട്ടില്ലെന്നായിരിക്കും ഭാവം. ആട്ടെ! ഇവളെ അറിയുമോ?

നൂർജിഹാൻ:—ഇല്ല, ഞാൻ ആദ്യം കാണുകയാണു്.

ജിഹാൻഗിർ:—(രജകയോടു്) ഉള്ളതാണോ ഈ രാജ്ഞി പറയുന്നതു്?

രജക:—കള്ളമല്ല, അടിയനെ ഇതേവരെ തൃക്കൺപാ ത്തിരിപ്പാൻ ഒരിടയുമില്ല.

ജിഹാൻഗിർ:—(രാജ്ഞിയോട്ട്) പിന്നെ, ഇവളുടെ ജീവിതാധാരത്തെ—ആ പാവപ്പെട്ട വെളുത്തേടനെ—ദുഷ്ടയായ നീ എന്തിന്നു വെടിവച്ചു നശിപ്പിച്ചു? ഉള്ളത്ത് ഉടൻ പറഞ്ഞേയ്ക്കണം. അല്ലെങ്കിൽ ....തോഴിയും കേൾക്കുകയല്ലേ?

നൂർജിഹാൻ:—കഷ്ടം! സഖീ! കാൎയ്യം അപകടത്തിലായോ? നീയും ഇതേവരെ ഒന്നും ഉരിയാടിയില്ലല്ലോ. ഹാ! ഹാ! ഇതു വല്ലാത്ത കളിയായ്ത്തീൎന്നല്ലോ. (എന്നു മോഹിച്ചു വീഴുന്നു. തോഴി പരിഭ്രമിച്ച് ആശ്വാസനോക്തികൾ ചൊല്ലുന്നു)

ജിഹാൻഗിർ:—ഉപ്പുതിന്നവർ വെള്ളം കുടിക്കും. അങ്ങനെ അനുഭവിക്കട്ടെ! നല്ല രാജ്ഞി! നല്ല തോഴി! ഇവർ ചേരാനുള്ളവരത്രേ! (തന്നത്താൻ) എന്തു് അക്രമവും അമൎയ്യാദവുമായിപ്പോയി. എത്ര ധൈൎയ്യം! ഇത്രത്തോളം ക്രൗൎയ്യവും ധൗഷ്ട്യവും ഇവളിൽ എങ്ങനെ കുടികൊണ്ടിരുന്നു. സൂക്ഷ്മം ആലോചിച്ചാൽ ഇവൾ രജകനെ നിഗ്രഹിക്കയല്ലായിരുന്നു. നീതിയിൽ നിസ്തുലനെന്നു ലോകമാകെ നമുക്കുണ്ടായിരുന്ന പുണ്യകീൎത്തിയെ ഭസ്മീകരിക്കയാണു ചെയ്തതു്. (രജകയെ നോക്കി) അല്പവും കാലവിളംബം കൂടാതെ തക്ക ദണ്ഡംകൊണ്ടു് നാം നിനക്കു് സമാശ്വാസം നൽകാൻ നിരൂപിക്കുന്നുണ്ടു്. മനസ്സടക്കത്തോടുകൂടി വൎത്തിച്ചുകൊള്ളുക.

സഖി:—സ്വാമിൻ, തിരുവുള്ളമുണ്ടായി ഈവിധം അരിശത്തിനു പാത്രമാകാതെ അടിയൻ ഉണൎത്തുന്നതു് വിശ്വാസപൂൎവ്വം ശ്രദ്ധിച്ചുകൊള്ളണമെന്നു് അപേക്ഷിക്കുന്നു. വാസ്തവമല്ലാതെ ഈ മൊഴിയിൽ കള്ളവെന്നുള്ളതേ കലൎന്നിട്ടില്ല. അവിടുത്തേ പ്രാണേശ്വരി നിരപരാധിനിയത്രേ. അധികം ചിരിച്ചാൽ കരയേണ്ടി വരും എന്നുള്ളതു് ഉള്ളതാണെന്നു് ഇന്നു വ്യക്തമായി. ചിലപ്പോഴും പതിവുള്ളതനുസരിച്ചു്, ഇവിടെ വച്ചു്, ചക്രവൎത്തിനി ഈ ഭാഗ്യംകെട്ടവളുമായി വെടി പൊട്ടിച്ചു കളിച്ചുകൊണ്ടിരിക്കയായിരുന്നു. പ്രസ്തുത വിനോദം പ്രിയതരമായി കാണുകയാൽ അധികനേരമായിട്ടും അടിയനും തടസ്സപ്പെടുത്തിയില്ല. ഇതു് അപായമുണ്ടാക്കിയെന്നോ, ഉണ്ടാക്കുമെന്നോ ഞങ്ങൾക്കു് അശേഷം സംശയമില്ലായിരുന്നു. ഇങ്ങനെ സംഭവിച്ചുപോയതു് കാലക്കേടിന്റെ കടുപ്പമെന്നേ പറവാനുള്ളു. ജന്മാന്തരങ്ങളിലെ പ്രവൃത്തികളുടെ ഫലമായിരിക്കാം. കനിവു കാണിക്കേണ്ട സന്ദൎഭത്തിൽ തിരുമേനി ഇപ്രകാരം കോപാവിഷ്ടനാകുന്നതു യുക്തമായ് വരികയില്ല. ഏതിനും വിധിവൈപരീത്യംകൊണ്ടു വന്നുപോയതു സഹിക്കാതെ എന്തു ഗത്യന്തരം?

ജിഹാൻഗിർ:—(കുറേ നേരം ചിന്താധീനനായ് നിന്നതിനു ശേഷം) (സ്വഗതം) ഈ പ്രസ്താവങ്ങൾ അനൃതങ്ങളല്ലായിരിക്കാം. കാൎയ്യങ്ങൾ മററു പ്രകാരങ്ങളിൽ വരാൻ ഒരു ന്യായവുമില്ല. നാം രാജ്ഞിയെ ആകപ്പാടെ തെററിദ്ധരിച്ചല്ലോ. രോഷാന്ധനായി എന്തെല്ലാം അനിഷ്ടങ്ങൾ ആശങ്കിച്ചു. (തോഴിയെ

നോക്കി, സ്പഷ്ടം) പറഞ്ഞതിൽ അസത്യമൊന്നു മില്ലെന്നു വരികിൽ നമുക്ക് ഇതിൽ അതിരററ പരിതാപമുണ്ട്. ഏതിനും കളിയാകട്ടെ, കാൎയ്യമാകട്ടെ! പ്രാണനാശത്തിലല്ലേ പൎയ്യവസാനിച്ചതു്. ശോകാഗ്നിയിൽ നീറിക്കൊണ്ടിരിക്കുന്ന ഈ രജകസ്ത്രീയെ സമാശ്വസിപ്പിക്കുന്നതിനു തക്ക പ്രതിക്രിയ ചെയ്യാതിരിപ്പാൻ തരമില്ല. ആ തോക്കു നിറച്ച് ഇവളുടെ കൈയിൽ കൊടുക്കൂ. സ്വന്തം ശോകത്തിൽ സാഹോദൎയ്യം വഹിക്കുന്ന രാജ്ഞിയെക്കണ്ടു് ഇവൾ ചെറ്റൊരാശ്വാസമിയന്നുകൊള്ളട്ടെ! ഇതായിരിക്കും ഇവിടെ ഉചിതമായിട്ടുള്ളതു്. പൂച്ചയ്ക്കു വിളയാട്ടവും എലിക്കു പ്രാണവേദനയും. അയോഗ്യങ്ങളായ പ്രവൃത്തികളിൽ ഏൎപ്പെട്ടാലുള്ള അനുഭവം അറിഞ്ഞില്ലേ......തോഴിയുടെ സങ്കടംകൊണ്ടും, മടികൊണ്ടും ഫലമൊന്നുമുണ്ടെന്നു തോന്നുന്നില്ല. നിയമം ഇവയൊക്കെ വകവയ്ക്കുന്ന പ്രകൃതമുള്ളതല്ല. ആജ്ഞ ധിക്കരിക്കുന്നതും ക്ഷേമദമല്ലെന്ന് ഓൎമ്മിക്കേണ്ടതാണു്.

സഖി:—ആജ്ഞാധിക്കാരത്തിന് അവിടുന്ന് എന്റെ കണ്ഠച്ഛേദം ചെയ്താലും ശരി, എന്റെ കൈകൊണ്ടു് ഈ ക്രിയയ്ക്കു ഞാൻ തോക്കെടുത്തു കൊടുക്കുകയില്ല നിശ്ചയം തന്നെ.

ജിഹാൻഗിർ:—എന്നാൽ നാം ചെയ്തുകൊള്ളാം. (എന്നു തോക്കെടുത്തു രജകയുടെ കൈയിൽ കൊടുക്കുന്നു)

രജക:—അടിയങ്ങൾ പാവങ്ങളായാലും ബുദ്ധിയില്ലാത്തവരായാലും സ്നേഹവും ഭക്തിയും നന്ദിയുമില്ലാത്തവ

രല്ല. ഇവളും ഇവളുടെ കുടുംബവും ഒന്നിച്ചു നാശമ ടഞ്ഞാലും ഈ കുറ്റംകൈ ഇവൾ ചെയ്യുകയില്ല. തിരുമനസ്സിന്റെ ദീനാനുകമ്പയും ന്യായബോധവും നീതിജ്ഞതയും നിരൂപിക്കുമ്പോൾ അടിയനുള്ള ആടലെല്ലാമകന്നുപോകുന്നു. ചക്രവൎത്തിനി തിരുമ നസ്സിന് അറിയാതെ പററിയ പിഴ പൊറുക്കുകയ ല്ലാതെ വേറെ എന്തു ചെയ്യാൻ കഴിയും.

സഖി:—(ബോധക്ഷയം തീൎന്നുതുടങ്ങിയ ചക്രവൎത്തിനി യോട്) സ്വാമിനി, എഴുന്നേൽക്കണം. അളവററ ക്ലേശം ആപൽക്കരമായിത്തീരും. എന്റെ പ്രാണ സഖി ഇത്രയും നേരം ബോധരഹിതയായി കിടന്നതു വളരെ ഉപകാരമായ്ത്തീൎന്നു. അല്ലാത്തപക്ഷം സമ്രാട്തിരുമനസ്സിൽനിന്നും നിർഗളിച്ച വചസ്സു കൾ അവിടുത്തെ ശിഥിലമാനസയാക്കുമായിരുന്നു.

രാജ്ഞി:—തോഴീ,അത്രയ്ക്കു് എനിയ്ക്കു ഭാഗ്യമുണ്ടാകയോ? ഞാൻ മുഴുവനും കേട്ടുകൊണ്ടു കിടക്കുകയായിരുന്നു. ഉത്തരം പറവാനുള്ള ശക്തി നാവിനില്ലാതിരുന്നെ ന്നേയുള്ളു. ശക്തി ഇല്ലെങ്കിലും ഇനിയും മൗനം ശര ണീകരിച്ചാൽ എല്ലാം അപകടമാകുമെന്നു കരുതി ഉച്ചരിച്ചുപോകുന്നതാണു്.(ചക്രവൎത്തിയെ നോക്കി) പ്രാണനാഥ! ഇതാ തൃക്കാൽക്കൽ പതിക്കുന്ന പാപിനിയെ ഒന്നു രക്ഷിച്ചുകൊള്ളാൻ കൃപയുണ്ടാ കണം. മനസ്സറിയാത്ത എൻെറ പെരുമാററം അവിടുന്നു സദയം ക്ഷമിച്ചരുളാതിരുന്നാൽ ഞാൻ നിരാലംബയായ്ത്തീരും. പാപപങ്കിലങ്ങളായ വൃത്തികൾക്കു് എന്നെ പ്രേരിപ്പിച്ചതു് പൂൎവ്വജന്മദുരി തങ്ങളായിരിക്കാം. കൎമ്മാനുകൂലം എത്ര ദുസ്സഹമായ

നരകദുഃഖവും അനുഭവിക്കുന്നതിന് ഇവരു സന്നദ്ധ യാകുന്നു. അവിടുത്തെ നാശംകൊണ്ട് ഞാൻ എ ങ്ങനെ പാപവിമുക്തയാകും? എന്നല്ല, അവിടുത്തെ തീരുമാനം സാഹസവും ജഗൽക്ഷേമവിരുദ്ധവുമാ ണ്. സമ്രാട്ടുകൾക്കു പക്ഷേ ആക്ഷേപാർഹമായും വന്നേക്കാം. അതിനാൽ അതിന് ഒരുങ്ങാതിരി പ്പാൻ അലിവുണ്ടാകണമെന്ന് ഇവൾക്ക് അപേക്ഷ യുണ്ട്. എന്നിലുളവായ പാപമലിനതയെ ഞാൻ പശ്ചാത്താപത്തിനേററ പ്രായശ്ചിത്താമൃതംകൊ ണ്ട് ക്ഷാളനം ചെയ്തുകൊള്ളാം. ദണ്ഡക്രമമനുസ രിച്ച് അപരാധിനിയായ ഞാനാണല്ലോ ശിക്ഷയ്ക്ക് അർഹയായിട്ടുള്ളവൾ. അല്ലെങ്കിൽ എന്തിനു പ്രത്യേ കം ശിക്ഷിക്കുന്നു. ഈ അനാഥയുടെ സങ്കടം എന്നെ കൊല്ലാതെ കൊല്ലുകയാണുചെയ്യുന്നത്. ഇവൾക്ക് ഇനി ശരണമാരാണ്? എൻെറ കദനം എന്ന് എന്നോടു യാത്ര പറയും. എനിക്കു സ്വന്തപ്പെട്ട സ്വത്തു മുഴുവനും ഈ വിധവയ്ക്കു ദാനം ചെയ്തിട്ടു തീർത്ഥാടനത്തിനിറങ്ങിയാൽ ഇത്തിരി ആശ്വാസ ത്തിനു പക്ഷേ വക കണ്ടേയ്ക്കാമെന്നു ഞാൻ വിചാ രിക്കുന്നു. ഇതിൽ ഇവൾക്കുള്ള അഭിപ്രായം എന്താ ണെന്ന് എന്റെ ജീവനാഥൻ ചോദിച്ചു തീർച്ചപ്പെടു ത്തേണ്ടിയിരിക്കുന്നു.

രജക:—(നൂർജിഹാനെയും ചക്രവർത്തിയെയും നോക്കി ക്കൊണ്ട്) അടിയങ്ങളുടെ ദുഃഖങ്ങൾ അടിയങ്ങ ളോടെ നിൽക്കുകയേയുള്ളൂ. പൊന്നുതിരുമേനിമാർക്കു മനക്കലക്കമുണ്ടായാൽ ലോകമാസകലം കലങ്ങി പ്പോകും. അതുകൊണ്ട് തിരുവുള്ളങ്ങളിൽ വേദന

യ്യൊന്നിനും ഇടം കൊടുക്കാതെ സ്വസ്ഥരായിരിക്കു വാൻ വേണം നോക്കാൻ. അടിയൻ വിട വാങ്ങി ക്കൊള്ളാം. കല്പന തന്നരുളുമാറാകണം.

ജിഹാൻഗിർ:—രജകേ! നമ്മുടെ പ്രേയസിയുടെ വകയായ ഒരു ദേശം മുഴുവനും ഇന്നേ ദിവസം അസ്തമയ ത്തിനു മുമ്പിൽ നിനക്കു തീറെഴുതിത്തരുന്നതിന് നാം ഉത്തരവു നൽകുന്നതായിരിക്കും. എന്നല്ല നി നക്ക് ഒരു ബുദ്ധിമുട്ടും വരാതിരിക്കത്തക്കവണ്ണം നാം പ്രത്യേകം ശ്രദ്ധയോടുകൂടിയിരിക്കുന്നതുമാണ്. തൽ ക്കാലം നമുക്കു വിശ്രമം അത്യന്താപേക്ഷിതമായി രിക്കുന്നു. (നൂർജിഹാനെ നോക്കി) ഭവതിയും തോ ഴിയും ഇവളെ യഥോചിതം പറഞ്ഞയപ്പിൻ. കാര്യ ങ്ങൾ ആലോചിച്ചു വേണ്ടതു പ്രവർത്തിച്ചുകൊള്ളാം. നാം ഒന്നു വിശ്രമിച്ചുകൊള്ളട്ടെ! (എന്ന് അടു ത്തുള്ള മണിമഞ്ചം അവലംബിക്കുന്നു)

MD 13440

വൌൽഫിങ്ങ · ഫൺ · കിൎസ്തൻ.

സ്വതന്ത്രരംഗം.

ഞങ്ങളുടെ ചില
പുസ്തകങ്ങൾ

സാക്ഷാൽ സി. വി. (സുപ്രസി സാഹിത്യകാ രനായിരുന്ന സി. വി. രാമൻപിള്ളയുടെ ജീവിതചരിത്രം.) എൻ ബാലകൃഷ്ണൻ നായർ. ... 3-

൨. മാവിൻ പുറത്തിൽ (പ്രഹസനം ... ഗവർമ്മേണ്ടിൻെറ ഒന്നാം സമ്മാനത്തിനർഹമായതു്.) വിദ്വാൻ ... ചിൽ ശങ്കുണ്ണി മേനോൻ എം. എ. ...

൩. നർത്തകി. (ഒരു ജപ്പാനിസ് ചെറുകഥ.) 0-8-

൪. മണിവിളക്കു്. ബുദ്ധചരിതം. പി. ഭാഗീരഥിവല്ലി അന്തർജ്ജനം. 3-0

൫. രാജകേസരികൾ (അനിഴംതിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവിൻെറയും പൂയംതിരുനാൾ ശക്തൻതമ്പുരാൻെറയും ജീവചരിത്രം) 1-0-0